# രഹസ്യപ്രാർത്ഥനകൾ

(Malayalam)
**RAHASYA PRARTHANAKAL**
Translated by
**HH Baselius Geevarghese II Catholicos**
Published by: Sophia Books, Kottayam, Mob: 99471 20697
First Published: 1900
Second Edition: 1998 (Sophia Books)
Third Edition: Oct. 2013
No. of Copies: 1000
Cover Design, Typesetting
& Printing: Sophia Print House, Kottayam
Price: **Rs. 40.00**

# രഹസ്യപ്രാർത്ഥനകൾ

പരിഭാഷകൻ

**പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ
കാതോലിക്കാബാവാ**

**(പ. പരുമല തിരുമേനിയുടെ ശ്രേഷ്ഠാനുമതിയോടെ
1900-ാമാണ്ട് പ്രസിദ്ധീകരിച്ച ഗ്രന്ഥം)**

**സോഫിയാ ബുക്സ്**

**കോട്ടയം**

## മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

മലങ്കര ഓർത്തഡോക്സ് സഭയുടെ മൂന്നാം കാതോലിക്കാ. കോട്ടയം ജില്ലയിലെ കുറിച്ചിയിൽ കല്ലാശ്ശേരി ഉലഹന്നാന്റെയും നൈത്തിയുടെയും പുത്രനായി 1874 ജൂൺ 15-ന് ജനിച്ചു. പുന്നൂസ് എന്ന പേരിലാണ് ബാല്യ കാലത്ത് അറിയപ്പെട്ടിരുന്നത്. പ. പരുമല തിരുമേനിയുടെയും പ. വട്ട ശ്ശേരിൽ തിരുമേനിയുടെയും ശിഷ്യനായി പരുമല സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം ചെയ്തു. 1892 ഏപ്രിൽ 24-ന് പൂർണ ശെമ്മാശ നായി. 1898 നവംബർ 24-ന് വൈദികപട്ടവും മൂന്നു ദിവസം കഴിഞ്ഞ് റമ്പാൻ സ്ഥാനവും സ്വീകരിച്ചു. റമ്പാനായിരുന്ന കാലഘട്ടത്തിൽ സുറി യാനി ഭാഷയിൽ നിന്നും ഒമ്പത് ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചു. 1912 സെപ്റ്റംബർ 8-ന് 'ഗീവർഗീസ് മാർ ഗ്രീഗോറിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെ ട്ടു. 1929 ഫെബ്രുവരി 15-ന് 'ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ' എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനമേറ്റു. 1934 ഡിസം ബർ 26-ന് 'മലങ്കര മെത്രാപ്പോലീത്താ'യായി. 1964 ജനുവരി മൂന്നിന് കാലം ചെയ്തു.

അത്മായ പൗരുഷത്തെ സഭയുടെ ശക്തിദുർഗ്ഗമാക്കി രൂപാന്തരപ്പെടു ത്തിയ അജയ്യ നേതാവായിരുന്നു ഇദ്ദേഹം. പ്രശ്നസങ്കീർണ്ണമായ ഒരു കാലഘട്ടത്തിൽ ദൈവത്തിൽ നിന്നാർജ്ജിച്ച ശക്തികൊണ്ട് മലങ്കര സഭയെ സധൈര്യം നയിച്ച് സഭയുടെ ബഹുമുഖമായ വളർച്ചയ്ക്കും നവോത്ഥാനത്തിനുമായി സുധീര നേതൃത്വം നൽകി. വിശുദ്ധിയും പാണ്ഡി ത്യവും പക്വതയും കാതോലിക്കാബാവായിൽ സമന്വയിച്ചു. സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നൽ കിയ ഇദ്ദേഹം 20-ാം നൂറ്റാണ്ട് ദർശിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളാ യിരുന്നു.

പരിഭാഷ നിർവ്വഹിച്ച ഗ്രന്ഥങ്ങൾ: രഹസ്യപ്രാർത്ഥന (1900), പ. സഹ ദേന്മാരുടെ ചരിത്രം (1901), പരിശുദ്ധന്മാരുടെ ചരിത്രം (1902), പ. സ്ത്രീക ളുടെ ചരിത്രം (1904), മാർ അന്തോനീസു ചരിത്രം (1906), മാർ ശെമ ഊൻ ദെസ്തുനെയുടെ ശ്രേഷ്ടത (1906), അലക്സന്ത്ര്യായുടെ പാത്രി യർക്കീസായ മാർ യൂഹാനോൻ മ്റഹ്മ്മോനൊ (1907), പർദൈസാ, മാർ യൂഹാനോൻ മംദാനാ.

# വാങ്മുഖം

ഈ പുസ്തകത്തിന്റെ സ്വഭാവത്തിന് ഒരു പ്രത്യേക മുഖവുര ആവശ്യമില്ലെന്നു തോന്നുന്നു. എങ്കിലും, ക്രിസ്ത്യാനികൾക്ക് പ്രാർത്ഥിക്കുവാൻ ഏഴു യാമങ്ങൾക്കും പ്രത്യേക ക്രമങ്ങൾ സഭയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളപ്പോൾ ഇങ്ങനെ ഒരു പ്രാർത്ഥനാപുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നു മാത്രം വ്യക്തമാക്കട്ടെ.

ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന പ്രാർത്ഥനകൾ നിത്യവും ശരിയായി ഉപയോഗിക്കണമെന്ന് ആരെയും കടപ്പെടുത്തുന്നില്ല. വിശ്വാസികൾക്കു പ്രാർത്ഥിപ്പാൻ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതും സർവ്വസാധാരണയായി ഉപയോഗിച്ചു വരുന്നതുമായ പ്രാർത്ഥനാക്രമത്തിനു പകരമായിട്ടോ അതിനെ ഉപേക്ഷിച്ചിട്ട് ഉപയോഗിപ്പാനായിട്ടോ ഇവയെ ഉദ്ദേശിച്ചിട്ടില്ല, ഉദ്ദേശിപ്പാൻ പാടുമില്ല. ഈ പുസ്തകത്തിലെ പ്രാർത്ഥനകൾ പ്രാചീനകാലങ്ങളിലെ വിശുദ്ധ പിതാക്കന്മാർ പ്രത്യേക ധ്യാനമായി ഉപയോഗിച്ചു വന്നവയും മേല്പട്ടക്കാർ, റമ്പാന്മാർ മുതലായി സന്യാസവൃത്തിയിൽ പ്രവേശിച്ചിരിക്കുന്നവർ സാധാരണ നമസ്ക്കാരങ്ങൾക്കു പുറമെ, വിശേഷാൽ ധ്യാനത്തിനായി ഉപയോഗപ്പെടുത്തി വരുന്നവയുമാകുന്നു. വിശ്വാസികളിൽ ഭക്തിവർദ്ധനവും ദൈവത്തോടു അടുത്ത സംസർഗ്ഗവും ഉണ്ടാകുവാൻ ഇവ പ്രയോജനപ്പെടുമെന്നു കാണുകയാൽ കല്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനകൾക്കു പുറമെ ഭക്തന്മാർക്കു ധ്യാനിപ്പാൻ വേണ്ടി ഇവയെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഇതിൽ പ്രാർത്ഥിക്കുന്ന എല്ലാവരും ബലഹീനനും പാപിയുമായ എനിക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു.

"എന്റെ മകനെ നിന്റെ ഹൃദയം എനിക്കു തരിക" എന്നു കർത്താവു കല്പിച്ചിരിക്കുന്നു. അതിനാൽ ഈ പുസ്തകത്തിലെ പ്രാർത്ഥനകളെ ധ്യാനിക്കുന്ന ഏവനും അവന്റെ ഹൃദയത്തെ മുഴുവനായി കർത്താവിനെ ഏല്പിച്ചുകൊണ്ടു പ്രാർത്ഥിക്കണമെന്ന് ഓർപ്പിച്ചുകൊള്ളുന്നു.

നിരണം ഇടവകയുടെ പരിശുദ്ധനായ നി.വ.ദി.ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സുറിയാനിപ്രാർത്ഥനകളിൽ നിന്നുള്ള ഈ പരിഭാഷ പരിശോധിച്ചു ആവശ്യമായ തിരുത്തലുകൾ ചെയ്യുക മാത്രമല്ല, അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു കല്പിച്ചു അനുവദിക്കുക കൂടി ചെയ്തു എന്നുള്ളത് അളവറ്റ സന്തോഷത്തോടും കൃതജ്ഞതയോടും കൂടി രേഖപ്പെടുത്തിക്കൊള്ളുന്നു. കൂടാതെയും മലങ്കര മല്പാൻ വ.ദി.ശ്രീ. വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ അവർകളും ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണകാര്യത്തിൽ വേണ്ട ഒത്താശകൾ ചെയ്തുതന്നിട്ടുണ്ടെന്നുള്ളതും നന്ദിപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു.

**– പുന്നൂസ് റമ്പാൻ**

# എങ്ങിനെ പ്രാർത്ഥിക്കണം?

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

പ്രാർത്ഥിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു. അത് നീന്തൽ പോലെയാണ്. ആദ്യ പ്രാവശ്യം വെള്ളത്തിൽ വീഴുമ്പോൾ നിങ്ങൾ മുങ്ങിപ്പോയേക്കാം. ഭൂമിയുടെ ആകർഷണശക്തി എന്ന തത്വം വ്യത്യാസം വരുത്തുവാൻ നിവൃത്തിയില്ലാത്തവിധം അന്തിമമാണെന്ന് അപ്പോൾ നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ ചലനത്തിന്റെയും പൊങ്ങിക്കിടക്കുവാൻ സാധിക്കുക എന്നതിന്റെയുമായ മറ്റു തത്വങ്ങളുമുണ്ടെന്നതാണ് സത്യം. ഈ തത്വങ്ങളുടെയെല്ലാം വെറും അറിവിനു മാത്രം നിങ്ങളെ നീന്തൽ പഠിപ്പിക്കുവാൻ സാധിക്കുകയുമില്ല. ഒരുവൻ വെള്ളത്തിൽ ഇറങ്ങുകയും ആവർത്തിച്ചുള്ള പരിശീലനംകൊണ്ട് വെള്ളത്തിൽ പൊങ്ങിക്കിടക്കുവാനും വെള്ളത്തിനുപരിതലത്തിലൂടെയോ അടിയിലൂടെയോ ചലിക്കുവാനുമുള്ള കഴിവ് സമ്പാദിക്കുകയുമാണ് ചെയ്യുന്നത്. മാത്രമല്ല ചിലയാളുകൾ നീന്തുന്ന കാര്യത്തിൽ മറ്റുള്ളവരേക്കാൾ സമർത്ഥന്മാരാണ്, എന്തുകൊണ്ടെന്നാൽ അവർ തുടർച്ചയായുള്ള, പരിശീലനത്താൽ നീന്തൽ നിയമങ്ങൾ പഠിച്ച് നിപുണത നേടിയിരിക്കുന്നു.

പ്രാർത്ഥനയിലെ ആദ്യത്തെ തത്വം, നീന്തലിന്റേതുപോലെ, ആദ്യത്തെ മൂന്നുനാലു ശ്രമങ്ങളിൽ പരാജയപ്പെട്ടു എന്നതുകൊണ്ട് പരിശ്രമം ഉപേക്ഷിക്കരുത് എന്നുള്ളതാണ്. തുടർച്ചയായുള്ള പരിശീലനത്താൽ സംപ്രാപിക്കേണ്ട ഒരു ആത്മീയനൈപുണ്യമത്രെ പ്രാർത്ഥന.

രണ്ടാമത്തെ തത്വവും നീന്തലിന്റേതുപോലെ തന്നെ. അയച്ചുവിട്ടു കൊടുക്കുക എന്നു പറയാം. വെള്ളം നിങ്ങളെ താങ്ങുവാൻ അനുവദിക്കുക. ആകുല ചിന്താരഹിതരും ആശ്വസിക്കുന്നവരും ആയിത്തീരുക. പ്രാർത്ഥനയിൽ നമ്മെത്തന്നെ അങ്ങനെ വിട്ടുകൊടുക്കുവാൻ അനുവദിക്കേണ്ടതുണ്ട്, നാം സ്വസ്ഥരാകേണ്ടതുണ്ട്, ദൈവം നമ്മെ താങ്ങിക്കൊള്ളുമെന്നും നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചുകൊള്ളുമെന്നും നാം പരിപൂർണ്ണമായും വിശ്വസിക്കേണ്ടതുണ്ട്.

പ്രാർത്ഥിക്കണമെന്ന് തോന്നുന്നില്ലെങ്കിലും പ്രാർത്ഥനയിൽ യാതൊരു സന്തോഷവും കിട്ടുന്നില്ലെങ്കിലും പ്രാർത്ഥനാശീലം തുടർന്നുകൊണ്ടേയിരിക്കണം. എന്നാൽ ഇന്ദ്രിയമോഹങ്ങളോടുള്ള നമ്മുടെ സ്വതഃസിദ്ധസ്നേഹവും, സുഖത്തോടും മടിയോടുമുള്ള നമ്മുടെ സ്വാർത്ഥസ്നേഹവും, പ്രാർത്ഥിക്കേണ്ടതില്ല എന്നതിന് അനേക ന്യായീകരണങ്ങൾ കണ്ടുപിടിച്ചുകൊണ്ട്, പ്രാർത്ഥനാശീലത്തെ നാം തടസ്സപ്പെടുത്തുവാൻ തക്കവണ്ണം കടന്നുവരും. "എനിക്ക് പ്രാർത്ഥിക്കുവാൻ തോന്നു

ന്നില്ല” എന്നോ, “പ്രാർത്ഥന കൊണ്ട് എനിക്ക് യാതൊരു പ്രയോജനവും കിട്ടുന്നില്ല” എന്നോ പറയുന്നതിൽ കാര്യമൊന്നുമില്ല. നിങ്ങൾക്ക് പ്രാർത്ഥനാസ്വഭാവം സമ്പാദിക്കുവാനും പ്രാർത്ഥനയിൽ യഥാർത്ഥത്തിൽ സന്തോഷം തോന്നിത്തുടങ്ങുവാനും വർഷങ്ങൾ തന്നെ വേണ്ടിവരും. പ്രാർത്ഥനയുടെ കലയിലും നൈപുണ്യത്തിലും ഒരുവന് പുരോഗതിയുണ്ടാകണമെങ്കിൽ, ശരീരത്തിന്റെ മടിയേയും ജഢമോഹങ്ങളെയും നിയന്ത്രിക്കുവാൻ തക്കവണ്ണം അവൻ തന്റെ ഇച്ഛാശക്തിയെ ബലപ്പെടുത്തേണ്ടിയിരിക്കുന്നു. നിത്യവുമുള്ള പരിശീലനം എന്നതിനുപരി നിങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്ന മറ്റൊരു കാര്യമില്ല.

നാലാമത്തെ തത്വം മൂന്നാമത്തേതിനോട് ബന്ധപ്പെട്ടതു തന്നെയാണ്: ഉപവാസത്താലും സ്വയസംയമനത്താലും പ്രാർത്ഥനാശിക്ഷണത്തെ പരിപുഷ്ടിപ്പെടുത്തിക്കൊണ്ടുവരുക. തന്റെ ആന്തരിക പാച്ചിലുകളെയും മോഹങ്ങളെയും നിയന്ത്രിക്കുവാൻ പഠിക്കുന്നതുവരെ മനുഷ്യൻ ദൈവത്തെപ്പോലെ സ്വതന്ത്രനും നല്ലവനുമായിത്തീരുന്നില്ല. വിശപ്പിൽനിന്നും ദാഹത്തിൽനിന്നും കോപത്തിൽനിന്നും അസൂയയിൽനിന്നും ലൈംഗികാസക്തിയിൽനിന്നും, മനുഷ്യപ്രശംസയ്ക്കും മുഖസ്തുതിക്കുമുള്ള വാഞ്ചയിൽ നിന്നും ശാരീരിക വിക്ഷോഭത്തിനും ഇന്ദ്രിയ ഉദ്ദീപനത്തിനുമുള്ള ആഗ്രഹത്തിൽനിന്നും നമ്മുടെ സ്വതന്ത്ര ഇച്ഛക്കെതിരായി കാര്യങ്ങൾ നമ്മെക്കൊണ്ട് ചെയ്യിക്കുന്ന മറ്റെല്ലാ ആന്തരീയ കലക്കത്തിൽ നിന്നും വിമോചിതനായിരിക്കുക എന്നത് പ്രാർത്ഥനയ്ക്കുവേണ്ടിയുള്ള ഒരുക്കത്തിന് അത്യന്താപേക്ഷിതമാണ്. തങ്ങളുടെ ശരീരവും മാംസപേശികളും സിരകളും നല്ല നിലയിൽ സൂക്ഷിക്കുവാൻ വേണ്ടി ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന നല്ല കായികാഭ്യാസികൾ വളരെ കർശനമായ സ്വയശിക്ഷണം പാലിക്കുന്നതുപോലെ പ്രാർത്ഥനാമനുഷ്യൻ അവന്റെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും നല്ല നിലയിലും ബോധപൂർവ്വമായ നിയന്ത്രണത്തിലും നിലനിർത്തേണ്ടിയിരിക്കുന്നു.

നമ്മുടെ ശരീരം മുഴുവനും, മാത്രമല്ല മൂർത്തവസ്തുക്കൾ തന്നെയും പ്രാർത്ഥനാ നടത്തിപ്പിൽ ഉപയോഗപ്പെടുത്തുക എന്നതാണ് അഞ്ചാമത്തെ തത്വം. പ്രാർത്ഥന സമ്പൂർണ്ണ മനുഷ്യനാണ് നിർവ്വഹിക്കുന്നത്, അതായത് ശരീരവും ആത്മാവും അരൂപിയും - അല്ലാതെ മനസ്സിന്റെ മാത്രമുള്ളൊരു ക്രിയയല്ല. അംഗവിന്യാസം, ഉച്ചാരണം, ക്രിയകൾ എന്നിവവഴി ശരീരത്തിന് പ്രാർത്ഥനയിൽ പങ്കുചേരുവാൻ സാധിക്കുന്നു.

**a. അംഗവിന്യാസം:-** കൈകൾ മേൽപ്പോട്ടുയർത്തിയോ അല്ലെങ്കിൽ നമസ്കാരത്തിന്റെയും ആരാധനയുടെയും ഭാവത്തിൽ കൈകൾ കെട്ടിയോ കിഴക്കോട്ടഭിമുഖമായി നിൽക്കുക എന്നതാണ് പൗരസ്ത്യ പാരമ്പര്യത്തിൽ പ്രാർത്ഥനയ്ക്കായുള്ള അംഗവിന്യാസം.

**b. ശ്രദ്ധാകേന്ദ്രം:-** ഒരു ബാഹ്യകേന്ദ്രം ഉണ്ടായിരിക്കുക എന്നതു നല്ലതാണ് - രണ്ടുവശത്തും മെഴുകുതിരികളോടുകൂടെ ഒരു കുരിശ്, ക്രിസ്തുവിന്റെയും വിശുദ്ധ കന്യകമറിയാമിന്റെയും വിശുദ്ധന്മാരുടെയും പടങ്ങളോ ഐക്കണുകളോ അല്ലെങ്കിൽ കുടുംബം മുഴുവനായി പാർത്ഥിക്കുവാൻ കൂടുന്ന മുറിയിൽ സ്ഥാപിക്കാവുന്ന വിപുലമായ ഒരു പ്രാർത്ഥനാപീഠം തന്നെയോ ആവാം. ക്രിസ്തുവിന്റെ ക്രൂശിതരൂപം തൂങ്ങുന്ന കുരിശുകൾ പാശ്ചാത്യപാരമ്പര്യത്തിൽപ്പെട്ടവയാണ്; അത് നമ്മുടെ പാരമ്പര്യത്തിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. പടങ്ങളുടെ കാര്യത്തിൽ തന്നെ പൗരസ്ത്യ ഐക്കണുകൾ ഉപയോഗിക്കുന്നതാണ് ഏറ്റവും നല്ലത്. ക്രിസ്തുവിന്റെയും കന്യകമാതാവിന്റെയും 'തിരുഹൃദയചിത്രങ്ങൾ' ഒഴിവാക്കേണ്ടതാണ്; കാരണം ഇവ ലത്തീൻ മതഭക്തിയിലെ ഒരു പ്രത്യേക കാലഘട്ടത്തിന്റേതാണ്, ഒരു സമതുലിത ഭക്തിശീലത്തിന് സഹായകമായിരിക്കുന്നില്ല.

**c. വായും അധരങ്ങളും:-** ശരീരം പ്രാർത്ഥിക്കണം - മനസ്സു മാത്രം പോരാ. മനസ്സ് സദാസമയവും കേന്ദ്രീകരിക്കപ്പെടുന്നില്ലെങ്കിൽ തന്നെ നിങ്ങളുടെ വായും ചുണ്ടുകളും ദൈവസ്തുതികൾ പാടട്ടെ. ഏകാഗ്രത കൂടാതെ തന്നെയുള്ള വായുടെയും അധരങ്ങളുടെയും ചലനം തന്നെ ഒരു പ്രാർത്ഥനാക്രിയയാണ്. പ്രാർത്ഥന ഉരുവിടുന്നതിനേക്കാൾ പാടുന്നതാണ് നല്ലത്, എന്തെന്നാൽ കേവലം സംഗീതത്തിൽ തന്നെ ചില മാനുഷിക ചായ്‌വുകളും വാഞ്ഛകളും പ്രകാശിതങ്ങളാണ്.

**d. മനഃപതർച്ച:-** മനഃപതർച്ചയുണ്ടാകുന്നതിനെ പറ്റി വേവലാതിപ്പെടേണ്ടതില്ല. മനസ്സ് അതിലെയും ഇതിലെയും ചുറ്റിതിരിയുകയാണ് എന്ന് ബോധവാനാകുന്ന നിമിഷത്തിൽ ആ പതറിയ മനസ്സുകൂടി ദൈവത്തിന് കാഴ്ച വെക്കുന്നതു വഴി അതിനെ തിരിച്ചുകൊണ്ടുവരിക. നമ്മെക്കുറിച്ചുള്ള നമ്മുടെ ഏറ്റുപറച്ചിലിന്റെ ഒരു ഭാഗമാണത്. "ഇതാണ് കർത്താവേ ഞാൻ; തടസ്സപ്പെടുത്തപ്പെട്ടവനും ഏകാഗ്രതയ്ക്ക് കഴിവില്ലാത്തവനും! എന്നെ ഞാനായിരിക്കുന്നവിധം ഇതാ നിനക്ക് ഞാൻ അർപ്പിക്കുന്നു. ശ്രദ്ധതെറ്റിക്കപ്പെട്ട് അലയുന്ന എന്റെ മനസ്സിനെ കൈക്കൊണ്ട് നിന്റെ കൃപയാൽ അതിനെ സൗഖ്യപ്പെടുത്തേണമേ." ദൈവം നമ്മോട് ക്ഷമിക്കുകയും നമ്മെ പടിപടിയായി രൂപാന്തരപ്പെടുത്തുകയും ചെയ്യും.

**e. ചേഷ്ടകൾ:-** കുമ്പിടുക, തലകുനിക്കുക, കുരിശുവരയ്ക്കുക, സമാധാനം കൊടുക്കുക എന്നീ ഹസ്താദി ചലനങ്ങൾ ഉപയോഗിക്കുക. ഭാഷ എന്ന ഒരു മാധ്യമം മാത്രമല്ല നമുക്ക് ആശയവിനിമയത്തിനുള്ളത്. കൈ കെട്ടുക, തല കുനിക്കുക ഇവ നമസ്ക്കാരത്തിന്റെയും അനുഗ്രഹത്തിനായി കാത്തുനില്ക്കുക എന്നതിന്റെയും ഒരു അടയാളമാണ്. കൈകൾ മേലോട്ടുയർത്തുക എന്നതിന് അപേക്ഷ, അനുതാപം,

മദ്ധ്യസ്ഥപ്രാർത്ഥന എന്നീ അർത്ഥങ്ങളാകാം. കുമ്പിടൽ സാഷ്ടാംഗ പ്രണാമ സദൃശമാണ്, സമ്പൂർണ്ണ കീഴടങ്ങലിന്റെ അടയാളവും; പൂർണ്ണ വിശ്വാസത്തോടെ തങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കുക എന്നതു തന്നെ. കുരിശുവരയ്ക്കുക എന്നത്, നാം ക്രിസ്തുവിന്റെ ക്രൂശിനാൽ രക്ഷ പ്രാപിച്ചിരിക്കുന്നുവെന്നും ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടി രിക്കുക തന്നെയാണെന്നും നമ്മെ സ്വയം ഓർപ്പിക്കുവാനുള്ള ഒരു മാർഗ്ഗ മാണ്. മൂന്നു വിരലുകൾ (തള്ളവിരൽ, ചൂണ്ടുവിരൽ, നടുവിരൽ) ഒന്നി ച്ചുകൂട്ടി നെറ്റിയിൽ തൊടുവിച്ചിട്ട് (സർവ്വ ജീവന്റെയും നന്മയുടെയും ഉറ വയായ ത്രിത്വത്തെ ദൃഷ്ടാന്തീകരിച്ചുകൊണ്ട്) നമ്മുടെ രക്ഷയ്ക്കു വേണ്ടി ദൈവപുത്രൻ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്കു അവരോ ഹണം ചെയ്തതിനെ കുറിക്കുവാൻ തക്കവണ്ണം നെഞ്ചിന്റെ താഴ്വശ ത്തേക്കു കൊണ്ടുവരിക, എന്നിട്ട് കുരിശിന്റെ ദിഗന്തസമാന്തരദണ്ഡി നെയും, ഇടത്തുഭാഗത്ത് അന്ധകാര സന്താനങ്ങളായിരുന്ന നാം ദൈവ ത്തിന്റെ വലത്തുഭാഗത്തെ പ്രകാശ സന്താനങ്ങളാംവിധം ഇപ്പോൾ കൊണ്ടുവരപ്പെട്ടിരിക്കുന്നു എന്നതിനേയും സൂചിപ്പിക്കുവാൻ തക്കവണ്ണം വിരലുകളെ ഇടത്തു തോളിൽ നിന്നും വലത്തുതോളിലേക്കു കൊണ്ടു വരുക. സമാധാനം കൊടുക്കുക എന്നത് പരസ്പര മാപ്പപേക്ഷയുടെയും സ്നേഹത്തിന്റെയും സൂചകമാണ്, കുടുംബാംഗങ്ങളുമായോ മറ്റു പുറ ത്തുള്ളവരുമായോ വന്നുപോയ മത്സരത്തിന്റെയും കോപത്തിന്റെയുമായ എല്ലാ അനുഭവങ്ങളെയും തുടച്ചുനീക്കുവാനുള്ളൊരു അവസരമാണത്.

വാക്കുകളേക്കാൾ വളരെ ആഴത്തിലേക്ക് ചെന്നെത്തുകയും വാക്കു കൾ അപൂർവ്വമായി മാത്രമേ ചെന്നെത്തൂ എന്ന ഉപബോധമനസ്സിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒരു ഭാഷയുടെ ഭാഗമാണ് ഈ എല്ലാ ഹസ്താദിചലനങ്ങളും.

*(പ്രാർത്ഥന എന്ത്? എന്തിന്? എങ്ങനെ?' എന്ന ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ)*

# അവതാരിക

## ഫാ. ഡോ. കെ. എം. ജോർജ്

പരിശുദ്ധ പരുമല തിരുമേനിയുടെ ശിഷ്യനായിരുന്ന പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ തിരുമേനി സവിശേഷമായ മുഖതേജസ്സുള്ള വിശുദ്ധനായിരുന്നു. അദ്ദേഹം തന്റെ ഗുരുവിന്റെ ആശീർവാദത്തോടെ സുറിയാനി ഭാഷയിൽ നിന്ന് മൊഴിമാറ്റം നടത്തിയ രഹസ്യപ്രാർത്ഥനകൾ വീണ്ടും പ്രസിദ്ധീകരിക്കുന്നത് ആത്മാന്വേഷികളായ എല്ലാവർക്കും പ്രയോജനപ്പെടും.

ആഴമായ രഹസ്യപ്രാർത്ഥന ആത്മാവിന്റെ നിശ്വസനമാണ്. 'ഉച്ചരണീയമല്ലാത്ത നെടുവീർപ്പുകളാൽ' നമുക്കുവേണ്ടി നമ്മുടെ ഉള്ളിൽ നിന്ന് പരിശുദ്ധാത്മാവ് അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു (റോമ. 8:26–27). ആ പ്രാർത്ഥനയുടെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ്, പരിശുദ്ധാത്മാവിനോട് ചേർന്ന് മനുഷ്യാത്മാവ് നടത്തുന്ന പ്രാർത്ഥനയാണ് രഹസ്യപ്രാർത്ഥന.

നമ്മുടെ കർത്താവ് രാത്രികാലങ്ങളിൽ പലസ്തീനിലെ കുന്നിൻചരിവുകളിൽ ഏകാന്തനായിരുന്ന് പ്രാർത്ഥിച്ചതെന്താണെന്ന് നമുക്കറിഞ്ഞുകൂട. അവയെ ആരും രേഖപ്പെടുത്തിയിട്ടില്ല. അവ ഒരു പക്ഷേ എഴുതപ്പെടാവുന്ന ഭാഷകളിലുമായിരുന്നില്ല. "അതികാലത്ത് ഇരുട്ടുള്ളപ്പോൾ തന്നെ എഴുന്നേറ്റ് പുറപ്പെട്ട് ഒരു നിർജന സ്ഥലത്ത് ചെന്ന് പ്രാർത്ഥിച്ചു" (മർക്കോസ് 1:35). വീണ്ടും വീണ്ടും സുവിശേഷകന്മാർ രേഖപ്പെടുത്തുന്നു, "അവരെ വിട്ട് തനിയെ പ്രാർത്ഥിക്കുവാൻ മലയിലേക്കു പോയി' എന്ന്.

'നിരാശപ്പെടാതെ എപ്പോഴും പ്രാർത്ഥിപ്പിൻ, ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ' എന്ന് കർത്താവ് പഠിപ്പിച്ചു (ലൂക്കോസ് 18:1–5). 'ഇടവിടാതെ പ്രാർത്ഥിപ്പിൻ' എന്ന് പൗലോസ് ശ്ലീഹായും പഠിപ്പിച്ചു (1 തെസ്സ. 5:17). ഒരാൾക്ക് ഒരിയ്ക്കലായി ബോധോദയം ഉണ്ടാകുന്നതുപോലെ അല്ല, ഉണർവ് അഥവാ ബോധദീപ്തി (Enlightenment) നിരന്തരമായി പരിപോഷിപ്പിക്കപ്പെടേണ്ടതാണ്. കർത്താവ് തന്നെ മരണസമയം വരെ പ്രാർത്ഥിച്ചു. നിരന്തര പ്രാർത്ഥന (unceasing prayer) അങ്ങനെ ക്രിസ്തീയാദ്ധ്യാത്മികതയുടെ ഭാഗമായി. ഇരിക്കുമ്പോഴും നടക്കുമ്പോഴും ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും പ്രാർത്ഥനയാകാം. സൗകര്യത്തിനുവേണ്ടി മന്ത്രരൂപത്തിലുള്ള ജപങ്ങളുണ്ടായി. പൗരസ്ത്യ സഭയിലെ ഏറ്റവും പ്രസിദ്ധമായ യേശു ജപമാണ് "യേശുവേ ദൈവപുത്രാ എന്നോട് കരുണയുണ്ടാകേണമെ" (Jesus, Son of God, have mercy on me) എന്നത്. നാലാം നൂറ്റാണ്ടിൽ സീനായി മലഞ്ചെരുവിൽ വിശുദ്ധ കാത്തറീനാ ആശ്രമത്തിൽ ആരംഭിച്ച ഈ "ഹൃദയപ്രാർത്ഥന" പിൽക്കാലത്ത് പ്രസിദ്ധമായി.

സമൂഹ പ്രാർത്ഥന (Community Prayer) എന്നും രഹസ്യ പ്രാർത്ഥന (Personal Prayer) എന്നും രണ്ടായി പ്രാർത്ഥനയെ വേർതിരിക്കാവുന്ന താണ്. സമൂഹ പ്രാർത്ഥന പരസ്യ പ്രാർത്ഥനയാണ്. അതിന് കാനോനികമായ ചട്ടങ്ങൾ ഉണ്ട്. ഉദാഹരണമായി, പരസ്യപ്രാർത്ഥനയിൽ "ഞങ്ങൾ" എന്ന ബഹുവചനമാണ് പൊതുവെ ഉപയോഗിക്കുന്നത്. കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നാണ് ആരംഭിക്കുന്നത്. 'ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു തരേണമേ' എന്ന് പറയുന്നു. അതുപോലെ തന്നെ, സമൂഹപ്രാർത്ഥനയിൽ കിഴക്കോട്ട് തിരിയണം. നീതിസൂര്യനായ ക്രിസ്തുവിന്റെ ഉദയ ദിക്കാണത്, ആദി പറുദീസയുടെയും. കർത്താവിന്റെ രണ്ടാമത്തെ വരവിന്റെയും സൂചന ഇത് ഉണർത്തുന്നു. കിഴക്കോട്ട് തിരിയുമ്പോൾ നാം പ്രകാശത്തിന് അഭിമുഖമായി തിരിയുന്നു. നന്മ പ്രകാശവും തിന്മ ഇരുട്ടുമാണ് എന്ന ചിന്തയുണ്ടിതിൽ. സമൂഹപ്രാർത്ഥനയിൽ വിശുദ്ധ വ്യക്തികളാൽ എഴുതപ്പെട്ട്, പൊതുവെ അംഗീകരിക്കപ്പെട്ട പ്രാർത്ഥനകളും ഗാനങ്ങളുമാണ് ഉപയോഗിക്കുന്നത്. ഇവയാണ് കാനോനിക പ്രാർത്ഥനകൾ. പരസ്യ സന്ദർഭങ്ങളിൽ തനത് പ്രാർത്ഥനയും തൽക്ഷണ പ്രാർത്ഥനയും (extempore prayer) സഭയിൽ വർജ്യമല്ല. എങ്കിലും നല്ല പക്വതയില്ലാത്തവരും മറ്റും അങ്ങനെ ചെയ്യുന്നത് കുഴപ്പങ്ങൾ സൃഷ്ടിക്കും. അതുകൊണ്ടാണ് അതിനെ പൊതുവെ സഭ നിരുത്സാഹപ്പെടുത്തുന്നത്.

പരസ്യ പ്രാർത്ഥന നടത്തുന്നത് എഴുന്നേറ്റു നിന്നുകൊണ്ടാണ്. എഴുന്നേറ്റ് നേരെ നിൽക്കുന്ന മനുഷ്യൻ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പ്രതിരൂപമാണ്. ഉയിർപ്പിനും പെന്തിക്കോസ്തിക്കുമിടയിലുള്ള ദിവസങ്ങളിലും ഞായറാഴ്ചയും മാറാനായ പെരുനാളുകളിലും പരസ്യപ്രാർത്ഥനയിൽ കുമ്പിടുന്ന രീതി സുറിയാനി പാരമ്പര്യത്തിലില്ല. കാരണം, അവ ഉയിർപ്പിന്റെ സവിശേഷ ദിനങ്ങളാണ്. നാം നന്നായി നിന്നുകൊണ്ട്, അതായത് നേരെ നിന്നുകൊണ്ട് (സ്തൗമൻകാലോസ്) പ്രാർത്ഥിക്കണമെന്നാണ് സഭാനിയമം.

എന്നാൽ രഹസ്യപ്രാർത്ഥനയ്ക്ക് ഈ നിയമങ്ങൾ ഒന്നും ബാധകമല്ല. നിരന്തര പ്രാർത്ഥനയിൽ ശരീരം ഏതു നിലയിലും അവസ്ഥയിലും ആകാം. വായും ഭാഷയും ആവശ്യമില്ല. "ഹൃദയം പകരുക" എന്നൊരു പ്രയോഗമുണ്ടല്ലോ. മറ്റാരും കാണുകയോ അറിയുകയോ ചെയ്യുന്നില്ലാത്തതുകൊണ്ട് സമൂഹ പ്രാർത്ഥനയുടെ പൊതുരീതികൾ ഇവിടെ അവലംബിക്കണമെന്നില്ല.

പരസ്യ പ്രാർത്ഥനയും രഹസ്യപ്രാർത്ഥനയും ഒരുമിച്ചു ചേർന്നെങ്കിൽ മാത്രമേ പ്രാർത്ഥനാ ജീവിതം പൂർണ്ണമാവുകയുള്ളു. പരസ്യ പ്രാർത്ഥ

നയിൽ പൊതു നിയമങ്ങൾ ബാധകമാകയാൽ, ഏതാണ് യാമം, ഏതാണ് രാഗം (നിറം), എപ്പോഴാണ് തുടങ്ങേണ്ടത്, എപ്പോഴാണ് അവസാനിപ്പിക്കേണ്ടത് എന്നത് പ്രധാനമാണ്. ഈ ബാഹ്യബോധം ചിലപ്പോൾ പ്രാർത്ഥനയുടെ ആഴത്തെ ബാധിക്കും. എങ്കിലും സമൂഹ പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. വീടുകളിലും, പള്ളികളിലും, ദയറാകളിലും, സെമിനാരികളിലും എല്ലാം പരസ്യമായ പ്രാർത്ഥനയുടെ നിയമമുണ്ട്. പ്രാർത്ഥനയുടെ ശിക്ഷണം (discipline) അഥവാ അച്ചടക്കം ഇതിലൂടെ നേടാനാവും.

സമൂഹ പ്രാർത്ഥനയുടെ ശിക്ഷണത്തിലൂടെ ചെറുപ്പത്തിൽ നാം മനഃപാഠം പഠിക്കുന്ന പ്രാർത്ഥനകൾ പിൽക്കാലത്ത് പല സന്ദർഭങ്ങളിലും നമുക്ക് വളരെ ആശ്വാസവും സന്തോഷവും നൽകും.

എന്നാൽ രഹസ്യ പ്രാർത്ഥന ഏകാന്തതയിലും ആരുമറിയാതെയുള്ളവയുമാകയാൽ ബാഹ്യ സാഹചര്യങ്ങളെക്കുറിച്ചുള്ള ബോധം ആവശ്യമില്ല. ആത്മാവിന്റെ ആഴങ്ങളിലേക്കാണ് ഇവിടെ തിരിയുന്നത്. രഹസ്യപ്രാർത്ഥനകൾ എഴുതിവയ്ക്കുന്ന രീതി പൊതുവെ ഇല്ല. പരുമല തിരുമേനിയും പാമ്പാടി തിരുമേനിയും ഒന്നും അങ്ങനെ എഴുതിയതായി നമുക്കറിവില്ല. എന്നാൽ മൈലപ്ര മാത്യൂസ് റമ്പാച്ചനെപ്പോലുള്ള പല വിശുദ്ധ വ്യക്തികളും അങ്ങനെ ചെയ്തിട്ടുണ്ട്. അത് മറ്റുള്ളവരെ സഹായിക്കാനാണ്. വേണ്ടുംവണ്ണം പ്രാർത്ഥിക്കുന്നത് എങ്ങനെയെന്ന് അറിയാത്തവർക്ക്, ചിതറിപോകുന്ന ചിന്തകളെ കൂട്ടിച്ചേർത്ത് ചിത്തവൃത്തികളെ നിയന്ത്രിക്കുവാൻ കഴിവില്ലാത്തവർക്ക് മറ്റുള്ളവർ പ്രാർത്ഥിച്ച പ്രാർത്ഥന വളരെ സഹായിക്കും. ഒരാൾ ആത്മാർത്ഥമായി ചൊല്ലി എഴുതിവയ്ക്കുന്ന പ്രാർത്ഥനയ്ക്ക് സവിശേഷമായ രൂപാന്തരീകരണശേഷിയുണ്ട്. അതുകൊണ്ടാണ് പിതാക്കന്മാരുടെ പ്രാർത്ഥനകൾ നാം ആവർത്തിച്ച് ചൊല്ലുന്നത്. ആയുർവേദത്തിലും മറ്റും മരുന്നുകൾ "നൂറ്റൊന്ന് ആവർത്തിക്കുന്നതു" പോലെയാണിത്. ആവർത്തിക്കും തോറും വീര്യവും ഫലസിദ്ധിയും കൂടും.

രഹസ്യപ്രാർത്ഥന, വ്യക്തിഗതമായ പ്രാർത്ഥന എന്നൊക്കെ പറയുന്നുണ്ടെങ്കിലും എല്ലാ നല്ല രഹസ്യ പ്രാർത്ഥനക്കാരും മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കാൻ ഈ സമയം ഉപയോഗിക്കുന്നു. ചുരുക്കത്തിൽ അത് സ്വാർത്ഥപരമായ പ്രാർത്ഥനയല്ല.

കർത്താവിന്റെ രഹസ്യവും പരസ്യവുമായ എല്ലാ പ്രാർത്ഥനകളും മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടിയായിരുന്നു, ലോകരക്ഷയ്ക്കു വേണ്ടിയായിരുന്നു. അതുകൊണ്ട് നമ്മുടെ പ്രാർത്ഥന കാനോനിക പ്രാർത്ഥന ആയാലും നിശ്ശബ്ദമായ ഹൃദയ പ്രാർത്ഥന ആയാലും

എല്ലാം ദൈവത്തിന്റെ എല്ലാ മക്കൾക്കും സകല സൃഷ്ടിക്കും വേണ്ടിയുള്ള പ്രാർത്ഥനയാവണം. സ്വന്തം പാപങ്ങൾ ഏറ്റുപറഞ്ഞ് അനുതപിക്കുമ്പോൾ 'ഞാൻ' എന്നും 'എന്റെ' എന്നും പറയാമെങ്കിലും, മറ്റെല്ലാ കാര്യങ്ങളിലും 'ഞങ്ങൾ' എന്നാണ് പറയേണ്ടത്. വിശുദ്ധന്മാരുടെ വ്യക്തിപരമായ അനുതാപ പ്രകടനം പോലും സമൂഹത്തിന്റെ അനുതാപമായി മാറുന്നു. "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ" എന്നത് സമൂഹത്തിന്റെ അനുതാപ പ്രകടനം കൂടിയാണ്. ശിഷ്യന്മാരെപ്പോലെ, 'വേണ്ടുംവണ്ണം പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമേ" എന്ന് നാം കർത്താവിനോട് പ്രാർത്ഥിക്കണം.

അർത്ഥപൂർണ്ണമായ ഈ രഹസ്യപ്രാർത്ഥനകൾ, നമ്മുടെ ആത്മീയ പരിപോഷണത്തിനു വേണ്ടി പുനഃപ്രസിദ്ധീകരിക്കാൻ ഉത്സാഹിച്ച ശ്രീ. ജോയ്സ് തോട്ടയ്ക്കാട്, ശ്രീ. ജോൺസൺ മല്ലപ്പള്ളി എന്നിവരോട് നാം എല്ലാവരും കടപ്പെട്ടിരിക്കുന്നു. ദൈവം അവരെയും നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

# ഞായറാഴ്ച സന്ധ്യയുടെ*

## പിതാവും പുത്രനും പരിശുദ്ധ റൂഹായും എന്നു തുടങ്ങി ഒരു കൗമ്മാ നമസ്കരിക്കണം

### അപേക്ഷ

ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹാതമ്പുരാനെ! നീ ലോകത്തിലേക്ക് എഴുന്നള്ളിയത് ലോകത്തെ രക്ഷിപ്പാനല്ലാതെ അതിനെ വിധിപ്പാനായിട്ടല്ല. നിന്റെ വിശുദ്ധ കഷ്ടാനുഭവങ്ങളാൽ രക്ഷപെടുകയും നിന്റെ സ്വന്തരക്തത്താൽ വിലയ്ക്കു വാങ്ങുകയും ചെയ്തവരായ ഞങ്ങളെ നീ അനുഗ്രഹിക്കണമെ. കർത്താവേ! ഞങ്ങൾ നശിച്ചുപോവാതിരിപ്പാനായിട്ട് ഞങ്ങളോട് കരുണ ചെയ്യേണമെ. സൂര്യൻ അസ്തമിച്ചിരിക്കുന്നു. നിന്റെ സ്കീപ്പായുടെ അടയാളം ഞങ്ങൾക്കായി ഉദിക്കണമെ. പകൽ ഞങ്ങളുടെ അടുക്കൽ നിന്നു പോയിരിക്കുന്നു. നിന്റെ ദിവ്യപ്രകാശം ഞങ്ങളിൽ വസിക്കണമെ. തല്ക്കാല സൂര്യൻ ഞങ്ങളിൽ നിന്നു മറഞ്ഞിരിക്കുന്നു. നിന്റെ വിശ്വസ്ത കൃപ ഞങ്ങളിൽ നിന്നു മറയരുതെ. കൂരിരുട്ടോടുകൂടിയ രാത്രി വന്നിരിക്കുന്നു. ഞങ്ങൾക്ക് ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുവാനായിട്ട് മരണസദൃശമായിരിക്കുന്ന ഉറക്കം, ഈറേമാലാഖമാരെ ഉണർത്തുന്ന വിശുദ്ധ റൂഹായുടെ നൽവരത്തിന്റെ ഉണർവിനായിത്തീരണമെ. മതിയാകുംവണ്ണം നിന്നെ മഹത്വപ്പെടുത്തുവാനായിട്ട് ഞങ്ങൾക്ക് ശക്തിയില്ല. ശത്രു പതിയിരിക്കുന്നു. നിന്റെ കൃപയാൽ എന്നെ നീ ഉണർത്തേണമെ. നിന്റെ അനുഗ്രഹത്താൽ എന്നെ ശുദ്ധീകരിക്കുകയും നിന്റെ കരുണയാൽ എന്നെ നീ വിശുദ്ധീകരിക്കുകയും നിന്റെ നൽവരങ്ങളാൽ എന്നെ നീ ഐശ്വര്യവാനാക്കുകയും ചെയ്യേണമെ. നിന്റെ കല്പനകളുടെ വഴി എന്നെ പഠിപ്പിക്കുകയും ഞങ്ങൾക്കുവേണ്ടി അണയ്ക്കപ്പെടുന്ന നിന്റെ ബലിയാൽ എന്നെ ശുദ്ധീകരിക്കുകയും ചെയ്യേണമെ. നിന്റെ കർതൃത്വത്തിനു ചേർന്ന കഷ്ടാനുഭവങ്ങളുടെ നിയമം ഞങ്ങൾക്കും നിനക്കും ഇടയിൽ മദ്ധ്യസ്ഥത ആയിരിക്കേണമെ. ദൈവമെ! നിന്നെ ഒഴിച്ച് മറ്റൊരുത്തരേയും ഞങ്ങൾ അറിയരുതെ. യോഗ്യമായിരിക്കുന്നപ്രകാരം നിനക്ക് സ്തോത്രം ചെയ്വാനായിട്ട് ഞങ്ങൾക്ക് ബോധം തരണമേ. വേണ്ടുംവിധം നിന്നിൽ ഞങ്ങൾക്ക് വിശ്വാസമുണ്ടാകുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വി. റൂഹായിക്കും എന്നേക്കും സ്തുതി കരേറ്റും. ആമ്മീൻ.

മോറാൻ യേശുമ്ശിഹാ എന്നതും ഒരു കൗമ്മായും പ്രാർത്ഥിച്ച ശേഷം വിശ്വാസപ്രമാണം ഇത്യാദി.

---

*ഇവിടെ ശനിയാഴ്ച അസ്തമിച്ചു ഞായറാഴ്ച ആരംഭിക്കുന്ന സന്ധ്യയെ ഉദ്ദേശിക്കുന്നു.

## ഞായറാഴ്ച – സൂത്താറായുടെ അപേക്ഷ

### ഒരു കൗമ്മാ

ഉറക്കം തൂങ്ങാത്ത ജാകരൂകതയുള്ളവനും, ഇസ്രായേലിന്റെ ഉറക്കമില്ലാത്ത കാവല്ക്കാരനുമായ എന്റെ കർത്താവേ! നിന്റെ ഉണർച്ച എന്റെ ഉറക്കത്തെ കാത്തുകൊള്ളുമാറാകണമെ. എന്റെ കർത്താവെ! ഞാനറിയാതെ എന്റെ ജയത്തെ ഞാൻ നശിപ്പിക്കരുതെ. എന്നോടുകൂടെ മോഹത്തിനും ഉറക്കം പിടിക്കയും എന്റെ അവയവങ്ങളോടുകൂടെ ജഡവികാരങ്ങൾ അടങ്ങുകയും ചെയ്യുമാറാകണമെ. എനിക്കും എന്നിൽ ഉണ്ടാകുന്ന ദുർമോഹങ്ങൾക്കും ഒന്നുപോലെ ഉറക്കം ഉണ്ടാകണമെ. പരിശുദ്ധനായുള്ളോവേ! ഞാൻ നിനക്ക് വിശുദ്ധ ആലയമായിത്തീരേണ്ടതിന് എന്നെ നീ വെടിപ്പാക്കണമെ. ഞാൻ ഉണർന്നാലും മോഹം എന്നിൽ ഉറങ്ങുമാറാകണമെ. എന്റെ കർത്താവേ! എന്നോടു യുദ്ധം ചെയ്യുന്ന എന്റെ വൈരികൾക്ക് ഞാൻ പരിഹാസപാത്രമായിത്തീരരുതെ. അവരുടെ ഇഷ്ടം എന്നിൽ പ്രവർത്തിക്കാതിരിപ്പായിട്ട് അവരുടെ വഞ്ചനകളിൽ നിന്നും എന്നെ കാത്തുകൊള്ളണമെ. എന്റെ കർത്താവേ! നിന്റെ കൃപ എന്നെ ശിക്ഷയ്ക്കു വിധിക്കയില്ലെങ്കിലും എന്റെ അവയവങ്ങളെ അശുദ്ധപ്പെട്ടിരിക്കുന്നവയായി എന്റെ ശത്രുക്കൾ കാണുന്നതിൽ അവർക്കു സന്തോഷം ഉണ്ടാകുമല്ലോ. നിന്റെ തൃക്കൈ എന്റെമേൽ അതായത് എന്റെ കിടക്കമേൽ വിടർത്തപ്പെട്ടിരിക്കുന്നത് അവർ കണ്ടു ഭയപ്പെടുമാറാകണമെ. ഞാൻ അറിയാതെ എന്റെ ശരീരം അവർക്ക് മോഹത്തിന്റെ ശുശ്രൂഷയ്ക്കായി തീരരുതെ. കണ്ടാലും എന്റെ കിടക്കയെ ഇതാ നിന്റെ തിരുമുമ്പാകെ ഞാൻ വിരിച്ചിരിക്കുന്നു. എന്റെ കർത്താവെ! നിന്റെ തൃക്കണ്ണുകൾ നിന്റെ ദാസന്റെ കിടക്കയിന്മേൽ ഇരിക്കണമെ. ഉറക്കമില്ലാത്ത ഉണർവുള്ളവനായ നിന്നാൽ തന്നെ ഉറക്കത്തിലും ഉണർച്ചയിലും എന്റെ ആയുസ്സ് കാക്കപ്പെടുമാറാകേണമെ. നിനക്ക് സ്തുതികളും വാഴ്വുകളും ഇപ്പോഴും എല്ലായ്പോഴും എന്നുമെന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

നാലാം മസ്സുമൂറാ, ഒരു കൗമ്മാ, വിശ്വാസപ്രമാണം ഇത്യാദി.

## ഞായറാഴ്ച – രാത്രിയുടെ അപേക്ഷ

ഞങ്ങളുടെ രക്ഷിതാവായ ദൈവമേ! നിനക്കു സ്തുതി. ഞങ്ങളുടെ രാജാവായ ദൈവമേ! നിനക്കു സ്തുതി. നിനക്കും ഭാഗ്യവാനായ നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതി. എന്റെ ദൈവമായ മിശിഹാ കർത്താവേ! നിന്റെ ഇഷ്ടത്താൽ ഞാൻ കിടന്നുറങ്ങി. വീണ്ടും ഞാൻ ഉണർന്നു. മനുഷ്യരെ സ്നേഹിക്കുന്നവനെ! നിന്റെ കരുണയാൽ ചീത്തയായ ദർശനങ്ങളെയും പ്രയോജനമില്ലാത്ത വികാരങ്ങളെയും എന്നിൽ നിന്ന് നീ നീക്കിക്കളയണമെ.

എന്റെ ആത്മാവേ! നിന്റെ ഉറക്കത്തിൽനിന്ന് നീ എഴുന്നേറ്റ്, ദൈവത്തെ മഹത്വപ്പെടുത്തുന്ന കൂട്ടങ്ങളോടു കൂടെ ഒരുങ്ങുക. ഞങ്ങളുടെ സ്വഭാവത്തിന്റെ ഉടയവനും ദോഷങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കുന്നവനും ആയ കർത്താവേ! നിന്റെ മരണത്താൽ മരണത്തിന്റെ അധികാരത്തെ നീ അഴിച്ചു. പാപനിദ്രയുടെ ഭാരത്തെ ഞങ്ങളിൽ നിന്നു നീ അഴിക്കണമെ.

എന്റെ അത്മാവേ! കർത്താവിനെ നീ മഹത്വപ്പെടുത്തി ഉന്നതശബ്ദത്താൽ അട്ടഹസിച്ച് "കർത്താവേ എന്റെ മേൽ അനുഗ്രഹം ചെയ്യണമെ, അനുഗ്രഹം ചെയ്യണമെ" എന്നു അപേക്ഷിക്കുക. കഷ്ടത നിമിത്തമുള്ള കണ്ണീരോടുകൂടി നീ നിലവിളിച്ച് നിന്റെ ഉദാസീനതയിൽ നിന്ന് നീ ഉണർന്ന് നിന്റെ അലസത വിട്ട് നീ എഴുന്നേല്ക്കുക. അരിഷ്ടതയുള്ള എന്റെ ആത്മാവേ! നിന്റെ ദുഷ്ക്രിയകളെയും ഏറിയ അകൃത്യങ്ങളെയും ഓർക്കുക. എന്റെ ആത്മാവേ, നിന്റെ മരണത്തിന്റെ ദിവസത്തെയും വഴിക്കുള്ള ഭയത്തെയും, ദൈവത്തിലുള്ള എതിരേല്പിനെയും കെട്ടുപോകാത്ത അഗ്നിയേയും ചാകാത്ത പുഴുവിനേയും നീ ഓർക്കുക. എന്റെ ആത്മാവേ, മരണദിവസം വരുന്നതിന് മുമ്പ് അനുതാപത്തിന് ഓടിയെത്തി, മണവാളൻ തന്റെ മണവറയിൽ പ്രവേശിച്ച് വാതിൽ അടയ്ക്കുന്നതിന് മുമ്പ് അനുഗ്രഹം യാചിക്കുക. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! നിന്നെ ഞാൻ വന്ദിക്കുകയും നിന്റെ മനുഷ്യസ്നേഹത്തോട് അപേക്ഷിക്കുകയും ചെയ്യുന്നു. നിന്റെ കൃപ പോലെ എന്റെ മേൽ നീ അനുഗ്രഹം ചെയ്യണമെ. എന്റെ സകല പാപങ്ങളെയും എന്നോടു നീ ക്ഷമിക്കേണമെ. മരണത്തിനു മുമ്പ് സത്യമുള്ള അനുതാപം എനിക്കു നീ തരണമെ. എന്റെ കടങ്ങളുടെ ബഹുത്വം നിമിത്തം എന്നിൽ അറപ്പു തോന്നി, എന്നിൽ നിന്ന് നിന്റെ തിരുമുഖത്തെ നീ തിരിച്ചുകളകയും എന്റെ അപേക്ഷയെ നിരസിക്കുകയും ചെയ്യാതെ നിന്റെ കരുണയാൽ എന്നോടു നീ ഉത്തരമരുളിച്ചെയ്യണമെ. 'ചോദിപ്പിൻ നിങ്ങൾക്കു നൽകപ്പെടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും' എന്നു നീ അരുളിചെയ്തിട്ടുണ്ടല്ലോ. എന്റെ കർത്താവേ, ഇതാ ഞാൻ ചോദിക്കുകയും നിന്റെ കരുണയുടെ വാതിലിൽ മുട്ടുകയും ചെയ്യുന്നു. നിന്റെ കരുണയാകുന്ന വാതിൽ എനിക്കായി തുറക്കണമെ. അതിനെ അടച്ചുകളയരുതെ. എന്റെ കർത്താവേ, നിന്റെ ദാസന്റെ മേൽ നിന്റെ തിരുമുഖത്തെ പ്രകാശിപ്പിച്ച് നിന്റെ കൃപയാൽ എന്നെ രക്ഷിക്കണമെ. എന്റെ വിചാരത്തെ നിങ്കലേക്കുയർത്തി എന്റെ ഹൃദയത്തിൽ നിന്നെക്കുറിച്ചുള്ള ഭയത്തെ സ്ഥിരപ്പെടുത്തണമെ. നിനക്ക് ഇഷ്ടമില്ലാത്ത സകല വിചാരങ്ങളെയും എന്നിൽ നിന്ന് നീ ഉന്മൂലനാശം ചെയ്യണമെ. എന്റെ കർത്താവേ, ദുർമ്മോഹങ്ങളാൽ മരിച്ചിരിക്കുന്ന എന്റെ ആത്മാവിനെ ജീവി

പ്പിക്കണമെ. രഹസ്യവും പരസ്യവുമായ പാപമാലിന്യത്തിൽ നിന്നും കറകളിൽ നിന്നും എന്നെ ശുദ്ധീകരിക്കണമെ. എല്ലാ നാളും എല്ലാ നേരവും അവസാനശ്വാസത്തോളവും ആശ്വാസപ്രദനായ വിശുദ്ധ റൂഹായുടെ കൃപയെ എന്നിൽ നീ പുതുതാക്കണമെ. ആമ്മീൻ.

ഹാലേലുയ്യാ ഉഹാലേലുയ്യാ 148-ാം, 149-ാം, 150-ാം മസുമൂറാകൾ. മാലാഖമാരുടെ സ്തുതി, വിശ്വാസപ്രമാണം ഇത്യാദി.

# ഞായറാഴ്ച - പ്രഭാതത്തിന്റെ അപേക്ഷ

### ഒരു കൗമ്മാ, 51-ാം മസുമൂറാ

സകലത്തിന്റെയും ഉടയവനായ ദൈവമെ! നന്മയായിട്ടും ഗുണമായിട്ടും ഉള്ള യാതൊന്നും നിന്റെ തിരുമുമ്പാകെ ഞാൻ ചെയ്യാതിരുന്നിട്ടും, അയോഗ്യനായ എന്നെ നിന്റെ കൃപയാലും കരുണയുടെ ബഹുത്വത്താലും ഇതുവരെ നീ കാത്തുസൂക്ഷിച്ചതിനായിട്ട് നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. ഇപ്പോൾ മിശിഹാതമ്പുരാനെ, ബലഹീനമായ എന്റെ ശുശ്രൂഷയും അയോഗ്യമായ എന്റെ പ്രാർത്ഥനയും നിനക്കു അർപ്പിക്കുവാനായി അനർഹനായ എന്നെ നിന്റെ കരുണ ഉണർത്തി എഴുന്നേല്പിച്ചു. കരുണയും മനസ്സലിവുമുള്ളവനായ എന്റെ കർത്താവേ, നിന്റെ അനുഗ്രഹങ്ങൾ നിമിത്തം എന്നോടു കരുണ ചെയ്യേണമെ. നിന്റെ കൃപയാൽ എന്നെ ശക്തിപ്പെടുത്തി സഹായിക്കണമെ. എന്റെ ശുശ്രൂഷ നിന്റെ ബഹുമാനത്തിനും എന്റെ പ്രാർത്ഥന നിന്റെ തിരുവിഷ്ടത്തിനും ആയിത്തീരുവാനും എന്റെ യാചനകളും അപേക്ഷകളും നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ കൈക്കൊള്ളപ്പെടുവാനും ആയിട്ട് നിന്റെ കരുണയാൽ എന്നെ യോഗ്യനാക്കണമെ. ആമ്മീൻ.

ഒരു കൗമ്മാ, വിശ്വാസപ്രമാണം ഇത്യാദി.

# ഞായറാഴ്ച - മൂന്നാം മണിയുടെ അപേക്ഷ

### ഒരു കൗമ്മാ

വലിയവനും ആദ്യന്തമില്ലാത്തവനും തന്നെ സ്നേഹിക്കുന്നവർക്കായി തന്റെ വാഗ്ദാനവും സത്യവും കാത്തുകൊള്ളുന്നവനും, യേശുമ്ശിഹായായ തന്റെ പുത്രനാൽ പാപത്തിൽ നിന്നുമുള്ള രക്ഷ ഉണ്ടാക്കിയവനും, സകലത്തിന്റെയും ജീവനും, തന്നിൽ സങ്കേതപ്പെടുന്നവരുടെ സഹായക്കാരനും, തന്നെ അന്വേഷിക്കുന്നവരുടെ ശരണവും, മൂന്നാം മണിനേരം അഗ്നിനാവിന്റെ സാദൃശ്യത്തിൽ വിശുദ്ധ ശ്ലീഹന്മാരുടെമേൽ ചൊരിഞ്ഞു കൊടുത്ത തന്റെ പരിശുദ്ധ റൂഹാ മുഖാന്തിരം ഞങ്ങളെ പ്രബലപ്പെടു

ത്തിയവനുമായ ദൈവമായ കർത്താവെ, നിന്റെ വിശുദ്ധ റൂഹായെ എല്ലായ്പോഴും ഞങ്ങൾക്കു തന്ന് അവനാൽ ഞങ്ങളെ ഐശ്യര്യവാന്മാരാക്കണമെ. ഞങ്ങളുടെ രഹസ്യവും പരസ്യവുമായ സകല പാപങ്ങളിൽ നിന്നും നിനക്കിഷ്ടമില്ലാത്ത സകല വിചാരങ്ങളിൽ നിന്നും അവനാൽ ഞങ്ങൾ വെടിപ്പാക്കപ്പെടുമാറാകണമെ. ഞങ്ങളുടെ മേലുള്ള നിന്റെ സകല കൃപകൾക്കും വേണ്ടി ഞങ്ങൾ സ്തോത്രം ചെയ്തുകൊണ്ട് നിഷ്കളങ്കമായ ഹൃദയത്തോടും നിർമ്മലമായ ആത്മാവോടും കൂടെ നിന്റെ തിരുമുമ്പാകെ നിൽപാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ആമ്മീൻ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിന്റെ വിശുദ്ധ ശ്ലീഹന്മാർക്ക് നീ കൊടുത്തിട്ടുള്ള പരിശുദ്ധ റൂഹായെ സകലത്തിലും അധികാരമുള്ള പുത്രസ്വീകാരത്തിന്റെയും അറിവിന്റെയും പരാക്രമത്തിന്റെയും റൂഹായെ ഞങ്ങൾക്ക് നീ തരണമെ. അവൻ എല്ലായ്പോഴും ഞങ്ങളോടുകൂടെ പാർക്കുമാറാകണമെ. അവന്റെ വ്യാപാരങ്ങളിൽ നിന്ന് ഞങ്ങൾ വിരോധിക്കപ്പെടുകയും അരുതെ. സർവ്വവ്യാപിയും സകലത്തേയും പൂർണ്ണമാക്കുന്നവനും നന്മകളുടെ ശ്രീഭണ്ഡാരവും ജീവൻ കൊടുക്കുന്നവനുമായ സത്യാത്മാവിനെക്കൊണ്ട് ആശ്വസിപ്പിക്കുന്ന സ്വർഗ്ഗീയപിതാവേ, ഞങ്ങളുടെ നേരേ തിരിഞ്ഞ് ഞങ്ങളിൽ വസിക്കണമെ. സകല മലിനതകളിൽ നിന്നും ഞങ്ങളെ ശുദ്ധമാക്കി ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ, നിന്റെ ശിഷ്യന്മാരുടെ അടുക്കൽ നീ പ്രവേശിച്ച് അവർക്ക് സമാധാനം കൊടുത്തപ്രകാരം നിന്റെ ദാസന്മാരായ ഞങ്ങളോടു കൂടിയിരുന്ന് ഞങ്ങൾക്ക് രക്ഷ നൽകണമെ. ആമ്മീൻ.

ഒരു കൗമ്മാ, വിശ്വാസപ്രമാണം ഇത്യാദി.

## ഞായറാഴ്ച - ഉച്ചയുടെ അപേക്ഷ

മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ, ഏതുപ്രകാരമുള്ള സ്തുതിയും പുകഴ്ചയും സ്തോത്രവും നിനക്കു ഞങ്ങൾ ചെയ്യേണ്ടു. മരണത്തിൽ ഞങ്ങൾ നശിച്ച് പാപസമുദ്രത്തിൽ മുഴുകിയിരുന്നപ്പോൾ ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമ്ശിഹാ ആകുന്ന നിന്റെ ഏകപുത്രന്റെ വരവാൽ ഞങ്ങളോടു നീ കരുണ ചെയ്തു. അവൻ ഞങ്ങൾക്കുവേണ്ടി ജീവനെ കൊടുക്കത്തക്കവണ്ണം അതിരില്ലാതെ ഞങ്ങളെ സ്നേഹിച്ചു. അവന്റെ അനുഗ്രഹങ്ങൾ കൊണ്ട് അവൻ ഞങ്ങളുടെ പാപത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കയും സ്വർഗ്ഗവാസികൾക്കും ഭൂവാസികൾക്കും ഇടയിൽ ഉണ്ടായിരുന്ന ശത്രുതയെ ഇല്ലായ്മ ചെയ്യുകയും ചെയ്തു. അവന്റെ ജീവനുള്ള സ്കീപ്പായാലും, ജീവകരങ്ങളായ കഷ്ടാനുഭവങ്ങളാലും സാത്താന്റെ അടിമയിൽ നിന്ന്

ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും, സ്വാതന്ത്ര്യത്തിന്റെ മക്കളാക്കിത്തീർക്കുകയും ചെയ്തു. അവർണ്ണനീയ രഹസ്യത്താലും വചനാതീതമായ ജ്ഞാനത്താലും ജീവവഴിയെ അവൻ ഞങ്ങൾക്ക് എളുപ്പമുള്ളതാക്കിത്തീർത്തു. കർത്താവേ, ഞങ്ങളുടെ ആത്മാക്കളേയും ശരീരങ്ങളേയും ശുദ്ധീകരിക്കണമെ. ഞങ്ങൾ ഈ നേരത്ത് വെടിപ്പോടെ നിന്റെ തിരുമുമ്പാകെ നിന്ന്, വിശുദ്ധിയോടെ നിനക്ക് ശുശ്രൂഷ ചെയ്കയും, എന്നുമെന്നേക്കും നിന്നെ മഹത്വപ്പെടുത്തുകയും ചെയ്വാനായിട്ട് ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ആമ്മീൻ.

ഒരു കൗമ്മാ, വിശ്വാസപ്രമാണം ഇത്യാദി.

# ഞായറാഴ്ച – ഒമ്പതാം മണിയുടെ അപേക്ഷ

### ഒരു കൗമ്മാ

എന്റെ കർത്താവെ! എന്നോടു കരുണയുണ്ടാകണമെ. സ്വർഗ്ഗത്തോടും നിന്റെ തിരുമുമ്പാകെയും ഞാൻ പാപം ചെയ്തു. ഇനിയും നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കിത്തീർക്കണമെ. എന്റെ കർത്താവേ, എന്നോട് കരുണയുണ്ടാകണമെ. കൃപയാൽ ഞങ്ങളുടെ പിതാവും, സ്വഭാവത്താൽ എന്റെ സ്രഷ്ടാവുമായുള്ളോവേ, നിന്റെ തിരുമുമ്പാകെ ഞാൻ പാപം ചെയ്തു എന്നു ഞാൻ ഏറ്റുപറയുന്നു. നീ അവയെ അറിഞ്ഞിരിക്കുന്നവയാകയാൽ ഞാൻ മറയ്ക്കുന്നതുമില്ല. കുറ്റക്കാരനെപ്പോലെ ഞാൻ നിൽക്കുന്നു. കല്പന ലംഘനക്കാരനെപ്പോലെ ഞാൻ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവനാകുന്നു. എന്റെ പിതാവേ! സ്വർഗ്ഗത്തോടും നിന്റെ തിരുമുമ്പാകെയും ഞാൻ പാപം ചെയ്തു. ഇനിയും നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കിത്തീർക്കണമെ. എന്റെ കർത്താവെ, നിന്റെ രാജ്യത്തിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. എന്റെ കർത്താവെ, എന്നോട് കരുണയുണ്ടാകണമെ. മുമ്പു ഞാൻ ചെയ്തിട്ടുള്ള അകൃത്യങ്ങളെ നീ ഓർക്കരുതേ. എന്റെ കർത്താവേ, 'നിന്നെ ഞാൻ അറിയുന്നില്ല' എന്നു നീ എന്നോടു കല്പിക്കയുമരുതേ. ആമ്മീൻ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ, ഒരു കൗമ്മാ, വിശ്വാസപ്രമാണം ഇത്യാദി.

## തിങ്കളാഴ്ച – സന്ധ്യയുടെ അപേക്ഷ*

ഈ പകൽ സമാധാനത്തോടുകൂടെ കഴിച്ചുകൂട്ടുവാനും ഈ സന്ധ്യയ്ക്ക് ശാന്തതയോടെ വന്നടുക്കുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർത്ത ദയവുള്ള കർത്താവേ, നിനക്ക് ഞങ്ങൾ സ്തോത്രം ചെയ്യുന്നു. എന്റെ കർത്താവേ, തിരുസന്നിധിയിൽ ഞങ്ങൾ കഴിക്കുന്ന ഈ പ്രാർത്ഥനയെ കൈക്കൊള്ളണമെ. ദുഷ്ടന്റെ ദുരുപദേശത്തിൽ നിന്നു ഞങ്ങളെ നീ രക്ഷിക്കണമെ. വഞ്ചകന്റെ സകല കണികളെയും ഞങ്ങളിൽ നിന്നു മായിച്ചു കളയണമെ. വിചാരങ്ങളിൽ നിന്നും അശുദ്ധ ചിന്തകളിൽ നിന്നും ഉള്ള അടക്കത്തോടുകൂടി ഈ സന്ധ്യയും രാത്രിയും കഴിച്ചുകൂട്ടുവാനും ഞങ്ങൾക്ക് നീ സംഗതിയാക്കണമെ. സാത്താന്റെ മായാമോഹങ്ങളാൽ ഞങ്ങൾ പരീക്ഷിക്കപ്പെടരുതെ. സമാധാനത്തോടുകൂടി ഈ രാത്രി കഴിപ്പാനും നിനക്കു കടപ്പെട്ടിരിക്കുന്ന പ്രാർത്ഥനകൾക്കും ശുശ്രൂഷകൾക്കും സ്തുതികൾക്കുമായി വെടിപ്പോടെ എഴുന്നേൽക്കുവാനും ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! എല്ലാനേരത്തും സ്തുതിയും സ്തോത്രവും, നിനക്കു യോഗ്യമാകുന്നു. ആമ്മീൻ.

## തിങ്കളാഴ്ച – സൂത്താറായുടെ അപേക്ഷ

സ്വർഗ്ഗീയ രാജാവും സകല ആശ്വാസത്തിന്റെയും ദൈവവുമേ! അയോഗ്യനും പാപിയും ആയിരിക്കുന്ന നിന്റെ ദാസനായ എന്നോടു കരുണയുണ്ടായി എന്നെ നീതിമാനാക്കേണമെ. എന്റെ കർത്താവേ, അനേകം വികാരങ്ങൾ ഉള്ള മനുഷ്യരെപ്പോലെ ഇഷ്ടത്തോടുകൂടെയോ ബലാല്ക്കാരം നിമിത്തമോ അറിവോടൊ അറിവു കൂടാതെയോ ഞാൻ പാപം ചെയ്തുപോയി എന്നു വരികിൽ ആയത് എന്റെ മടി നിമിത്തവും ജ്ഞാനക്കുറവു നിമിത്തവും സംഭവിച്ചതാകുന്നു. കരുണയുള്ളവനായ കർത്താവേ! നിന്നോട് ഞാൻ അപേക്ഷിക്കുന്നു. കർത്താവേ, നിന്റെ തിരുനാമത്തിൽ വ്യാജമായി ഞാൻ ആണയിടുകയോ, പട്ടക്കാരന്റെ കല്പനയെ ലംഘിച്ച് അദ്ദേഹത്തിന്റെ വചനത്തെ ദുഷിക്കയോ, വിചാരത്തിൽ ഞാൻ വല്ലവനെയും നിന്ദിക്കുകയോ, കുറ്റം പറഞ്ഞു വ്യസനിപ്പിക്കുകയോ, വല്ലതിലും

---

** എല്ലാ ദിവസവും ഉള്ള പ്രാർത്ഥനകൾക്ക്, ഞായറാഴ്ചത്തെ പ്രാർത്ഥനയ്ക്കു ചേർത്തിരിക്കുന്നതുപോലെയുള്ള കൗമ്മാകളും വിശ്വാസപ്രമാണവും ചൊല്ലണം. നിത്യനമസ്ക്കാരത്തിനോടുകൂടെ പ്രാർത്ഥിക്കുന്നവർ ഇതിലെ പ്രാർത്ഥനകൾ മാത്രം ചൊല്ലിയാൽ മതിയാകും. തനിച്ചു പ്രാർത്ഥിക്കുന്നവർ കൗമ്മായോടുകൂടെ പ്രാർത്ഥിക്കേണ്ടതാകുന്നു.*

കഷ്ടപ്പെടുത്തുകയോ, എന്നെക്കുറിച്ചു ദുഷിച്ചു പറഞ്ഞ സഹോദരനോട് ഞാൻ ശണ്ഠയായിരിക്കയോ, എന്റെ വിചാരം പ്രാർത്ഥനാസമയത്ത് ഈ ലോകത്തിലെ നിരർത്ഥകാര്യത്തിൽ പതറിപ്പോകുകയോ, ദുഷ്ടമോഹങ്ങളിലേക്കു ഞാൻ ചായുകയോ, വാശിയോടും ചിരിയോടും കൂടി ഞാൻ സംസാരിക്കയോ വ്യർത്ഥസ്തുതിയിൽ പ്രിയപ്പെടുകയോ, ഉദരസ്നേഹത്താൽ കീഴ്പ്പെടുകയോ, വൃദ്ധന്മാരെ ആക്ഷേപിക്കയോ, പ്രയോജനമില്ലാത്ത മഹത്വത്തിനായി ആഗ്രഹിക്കയോ, സഹോദരനെ തിന്മയോടു കൂടി നോക്കുകയോ, പ്രാർത്ഥനയ്ക്ക് മടി കാണിക്കയോ, ചീത്തയായിരിക്കുന്ന മറ്റു വല്ലതും പ്രവർത്തിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ ഇവയൊക്കെയ്ക്കും പരിഹാരമുണ്ടാക്കി എന്നോടു ക്ഷമിക്കണമെ. എന്റെ കർത്താവേ, ഇവ മാത്രമല്ല ഇവയിൽ അധികമായിട്ടുള്ളതും ഞാൻ ചെയ്തുപോയി. നീ ക്ഷമിക്കുന്നവനും കരുണയുള്ളവനും ആകയാൽ എന്നോട് ക്ഷമിച്ചുകൊള്ളണമെ. നിന്റെ സമാധാനത്താൽ ഞാൻ കിടന്നുറങ്ങുകയും സമാധാനത്തോടുകൂടെ രാത്രിയിൽ ഞാൻ എഴുന്നേറ്റ് നിന്നെ സ്തോത്രം ചെയ്തു വന്ദിക്കുകയും വിശുദ്ധിയും മഹത്വവുമുള്ള നിന്റെയും നിന്റെ പിതാവിന്റെയും നിന്റെ വിശുദ്ധ റൂഹായുടെയും തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

## തിങ്കളാഴ്ച - രാത്രിയുടെ അപേക്ഷ

തനിക്കു സ്തുതി പാടുന്നതിനായി തന്റെ ശക്തിയാൽ എല്ലായ്പ്പോഴും സ്വർഗ്ഗവാസികളെ ഇളക്കുന്ന ഉറക്കം തൂങ്ങാത്തവനും ഉറങ്ങാത്തവനും ആയ ഉണർവ്വുള്ളവനെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. എന്റെ കർത്താവേ, ദുഷ്ടതയിലേക്കു ചായാത്തതും വെടിപ്പുള്ളതുമായ ഉണർച്ചയാലും ശോഭയുള്ളവയും വെടിപ്പുള്ളവയും അനിത്യമായ ഈ ലോകചിന്തകളിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നവയുമായ ആത്മീയ വിചാരങ്ങളുടെ നിർമ്മലതയാലും നിന്നെ സ്തുതിപ്പാൻ ബലഹീനന്മാരും അരിഷ്ടരുമായ ഞങ്ങളെ ബലപ്പെടുത്തുകയും ഞങ്ങളുടെ ഹൃദയങ്ങളെ തുടച്ചു വെടിപ്പാക്കുകയും ചെയ്യണമെ. സകല പ്രകൃതികളിലും അടക്കവും മൗനവും ഉണ്ടായിരിക്കുന്ന ഈ രാത്രിയിൽ സ്വർഗ്ഗീയ മാലാഖമാരെപ്പോലെ നിന്റെ മുമ്പാകെ ഞങ്ങൾ നിൽക്കുമാറാകണമെ. അവരുടെ സംഘത്തിന്റെ നിർമ്മലസമൂഹത്തിൽ ഞങ്ങളുടെ ഉണർവ്വും കലർത്തപ്പെടുമാറാകണമെ. പിതാവും പുത്രനും വിശുദ്ധ റൂഹായുമേ! നീ നല്ല ഉടയവനാകയാൽ ആത്മാവിലും സത്യത്തിലും വന്ദിക്കുന്നവരായ സ്വർഗ്ഗവാസികളും ഭൂവാസികളുമായ എല്ലാവരുടെയും വായിൽ നിന്നു സ്തുതിയും വന്ദനവും നിനക്കു യോഗ്യമാകുന്നു. അത് എപ്പോഴും എല്ലായ്പ്പോഴും എന്നേക്കും. ആമ്മീൻ.

## തിങ്കളാഴ്ച – പ്രഭാതത്തിന്റെ അപേക്ഷ

ദൈവമേ, എന്റെ അവയവങ്ങളെ മുക്കിക്കളയുന്നതായ ഉറക്കത്തിൽ നിന്ന് അയോഗ്യനായ എന്നെ സൗഖ്യത്തോടെ എഴുന്നേൽപിച്ചതുകൊണ്ട് നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. കർത്താവേ, എന്റെ ഉണർച്ച നിന്റെ തിരുനാമ മഹത്വത്തിനായിരിക്കണമെ. കർത്താവേ, എന്റെ ആത്മാവ് വ്യർത്ഥവും അശുദ്ധവും ആയ സംസർഗ്ഗങ്ങളിൽ ഉൾപ്പെടത്തക്കവണ്ണം മോഹങ്ങളുടെ അപകടത്താൽ എന്റെ ബോധത്തെ സാത്താൻ വഞ്ചിക്കുന്നതിന് ഇടയാകരുതെ. കർത്താവേ, എന്റെ ബോധത്തെ നിങ്കലേക്കു സംയോജിപ്പിച്ചുകൊള്ളണമെ. എന്റെ ഹൃദയത്തെ നിന്റെ അടുക്കലേക്കു തിരിപ്പിക്കണമെ. എന്റെ അത്മാവിനെ അശുദ്ധവിചാരങ്ങളിൽ നിന്നും നിന്ദ്യമായ ആലോചനകളിൽ നിന്നും രക്ഷിക്കണമെ. നിന്നെ സ്തുതിപ്പാനായി എന്റെ വായ് തുറപ്പിക്കണമേ. എന്റെ ജീവിതകാലം മുഴുവനും സത്യമായി നിന്നെ വന്ദിപ്പാനും താൽപര്യത്തോടുകൂടി നിന്നെ വാഴ്ത്തുവാനും അറിവോടുകൂടി നിനക്ക് കീർത്തനം പാടുവാനും എന്നെ യോഗ്യനാക്കണമെ. നിന്റെ സ്ലീബായാൽ എന്റെ വിചാരത്തെ കാത്തുകൊള്ളണമെ. പിശാചുക്കളുടെ വഞ്ചനകളിൽ നിന്നും ദുഷ്ടമനുഷ്യരുടെ ഉപദ്രവത്തിൽ നിന്നും എന്നെ രക്ഷിച്ചു വീണ്ടുകൊള്ളണമെ. എന്റെ കടങ്ങളെ ക്ഷമിക്കുകയും പാപങ്ങളെ പരിഹരിക്കുകയും ചെയ്യണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! എന്റെയും ഈ സ്ഥലത്തുള്ള എല്ലാ സഹോദരങ്ങളുടെയും മരിച്ചുപോയവരെയും വിശ്വാസികളായ സകല മരിച്ചുപോയവരെയും എന്നേക്കും നീ ആശ്വസിപ്പിക്കണമെ. ആയതു നിന്റെ മാതാവിന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

## തിങ്കളാഴ്ച – മൂന്നാം മണിയുടെ അപേക്ഷ

എല്ലാവരുടെയും ഹൃദയങ്ങളെ പരിശോധിക്കുന്നവനും വിശുദ്ധന്മാരിൽ വസിക്കുന്നവനും പാപങ്ങളെ ക്ഷമിക്കുന്നവനും ആയ ദൈവമായ കർത്താവേ, നിന്റെ തിരുമുമ്പാകെ നിൽപാൻ ഞങ്ങൾക്ക് യോഗ്യതയില്ലെന്നും നിന്റെ സന്നിധിയിലേക്ക് അടുത്തുവരുന്നതിന് ഞങ്ങൾക്ക് ധൈര്യം ഇല്ലെന്നും നിന്റെ കർത്തവ്യത്തിൻ മഹത്വത്തിൻ മുമ്പാകെ പറയുന്നതിന് ഞങ്ങൾക്ക് വചനം ഇല്ലെന്നും നീ അറിയുന്നു. ഇതു ഹേതുവായിട്ട് നിന്റെ ഏറിയ അനുഗ്രഹങ്ങളാൽ ആത്മാർത്ഥമായി നിന്നെ വന്ദിപ്പാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ. എന്തെന്നാൽ നീ താഴ്മയുള്ളവരെ സ്നേഹിക്കുന്ന ദൈവമാകുന്നു. ഞങ്ങളുടെ കടങ്ങളെ ക്ഷമിക്കുകയും ഈ നേരത്ത് അനുഗ്രഹവും കൃപയും കണ്ടെത്തുവാൻ ഞങ്ങളെ യോഗ്യന്മാരാക്കുകയും ചെയ്യണമെ. നിന്റെ വിശുദ്ധ ശ്ലീഹന്മാർക്ക് നീ

പറഞ്ഞയച്ചതുപോലെ നിന്റെ പരിശുദ്ധതയുടെ ഔന്നത്യങ്ങളിൽ നിന്നു നിന്റെ വിശുദ്ധ റൂഹായുടെ ശക്തിയെ ഞങ്ങൾക്കു പറഞ്ഞയയ്ക്കണമെ. അവൻ മൂലം ഞങ്ങൾ ശക്തി പ്രാപിക്കുകയും നിന്നെ ഞങ്ങൾ പ്രസാദിപ്പിക്കുകയും ചെയ്യണമെ. കർത്താവേ! നീ തിരിഞ്ഞു ഞങ്ങളെ അനുഗ്രഹിച്ചു കാത്തുകൊള്ളണമെ. എന്തെന്നാൽ നീ ഞങ്ങളുടെ ആത്മാക്കളുടെ വിശുദ്ധിയും, കണ്ണുകളുടെ പ്രകാശവും, ഞങ്ങളുടെ ആയുസ്സിന്റെ ഭരണകർത്താവും, ഞങ്ങളുടെ ജീവന്റെ ബീജവും, ഞങ്ങളുടെ ആശാബന്ധവും ആകുന്നു. കുറ്റമില്ലാത്ത ജീവിതത്തെ ഞങ്ങൾക്കു തരണമെ. ഞങ്ങളെല്ലാവരും ഏകശരീരമായി തീരുവാൻ നിന്റെ പരിശുദ്ധ റൂഹായുടെ കൃപയാൽ ഞങ്ങളുടെ ശരീരങ്ങളെയും ആത്മാക്കളെയും ശുദ്ധീകരിക്കണമെ. നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള ശുദ്ധിമാന്മാരോടു കൂടെ ഞങ്ങൾക്ക് ഓഹരി ലഭിക്കുമാറാകണമെ. പിതാവും പുത്രനും വിശുദ്ധ റൂഹായുമേ, സ്തുതിയും സ്തോത്രവും നിനക്ക് ഇപ്പോഴും എപ്പോഴും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

## തിങ്കളാഴ്ച - ഉച്ചയുടെ അപേക്ഷ

സകലത്തിന്റെയും ഉടയവനെ, നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. സർവ്വശക്തനെ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു. എന്തെന്നാൽ നീ നിന്റെ ഏകപുത്രന്റെ കഷ്ടാനുഭവങ്ങളുടെ നേരങ്ങളെ പ്രാർത്ഥനയുടെയും ആശ്വാസത്തിന്റെയും സമയങ്ങളാക്കിത്തീർത്തു. ഞങ്ങളുടെ കർത്താവേ, ഈ നേരത്ത് ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമെ. നിന്റെ ഏകപുത്രൻ കുരിശിക്കപ്പെട്ട നാഴികയിൽ പാപത്തെ മായിച്ച് അതിന്റെ ശക്തിയെ അശേഷം നശിപ്പിച്ചപ്രകാരം പാപം മൂലം ഞങ്ങളുടെമേൽ എഴുതിയിരിക്കുന്ന കടച്ചീട്ടുകളെ കീറിക്കളയണമെ. വന്ദ്യവും പരിശുദ്ധവുമായ നിന്റെ തിരുനാമത്തെ നിരപ്പാക്കുന്ന വെടിപ്പുള്ള ജീവിതത്തെയും സുകൃതത്തിന്റെ നടപടികളെയും ഞങ്ങൾക്കു തരണമെ. ആദിയും അന്തവുമില്ലാത്ത പിതാവേ, നിന്നെയും നിന്റെ ഏകപുത്രനെയും നിന്റെ പരിശുദ്ധ റൂഹായേയും സ്തുതിച്ചുകൊണ്ട് നിന്റെ ഏകപുത്രന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെയുള്ള കുറ്റംകൂടാത്ത നിലയ്ക്ക് ഞങ്ങളെ യോഗ്യന്മാരാക്കണമെ. അത് ഇപ്പോഴും എല്ലായിപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.

## തിങ്കളാഴ്ച - ഒമ്പതാം മണിയുടെ അപേക്ഷ

ജീവകരമായ തന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ പാപബന്ധനങ്ങളെ അഴിക്കുകയും, ജീവനുണ്ടാക്കുന്ന തന്റെ മരണത്താൽ മരണത്തിന്റെ ശക്തിയെ മായിക്കുകയും, സംക്ഷേപിക്കാവതല്ലാത്ത തന്റെ

വ്യാപാര രഹസ്യത്താൽ ജ്ഞാനികളുടെ ജ്ഞാനത്തെയും അറിവുള്ള വരുടെ തിരിച്ചറിവിനെയും കുറ്റപ്പെടുത്തി ജയിക്കുകയും, രക്ഷയുണ്ടാ ക്കുന്ന സ്ലീബായുടെ ശക്തിയാൽ പാതാളത്തിന്റെ വാതിലുകളെ തകർ ക്കുകയും ആദാമിനെയും അവന്റെ മക്കളെയും അതിന്റെ ആഴങ്ങളിൽ നിന്നു രക്ഷിക്കുകയും ചെയ്തവനായി സ്വർഗ്ഗീയപിതാവിന്റെ ഏക പുത്രനും വചനവുമായ ഞങ്ങളുടെ കർത്താവേശുമിശിഹായായി മനു ഷ്യരെ സ്നേഹിക്കുന്ന കർത്താവേ! നിന്റെ കൃപയോട് ഞങ്ങൾ അപേ ക്ഷിക്കുന്നു. നിന്റെ വിശുദ്ധ റൂഹായുടെ കൃപയെ ഞങ്ങൾക്ക് നീ തര ണമെ. ദുഷ്ടന്റെ ജ്വലിക്കുന്ന അസ്ത്രങ്ങളെ കെടുത്തുവാനും ഞങ്ങ ളുടെ ആയുസ്സുള്ള നാൾ ഒക്കെയും നീതിയിലും സത്യത്തിലും നിനക്കു ശുശ്രൂഷ ചെയ്വാനും ആയി ജയമുള്ള നിന്റെ സ്ലീബായാകുന്ന ആയുധം ഞങ്ങളെ ധരിപ്പിക്കണമെ. എന്റെ കർത്താവേ! ഞങ്ങളുടെ സ്വാഭാവിക മായുള്ള ബലഹീനത നീ അറിയുന്നു. ഞങ്ങൾക്ക് സഹായവും അനു ഗ്രഹവും തന്ന് ഞങ്ങളുടെ സകല അന്യായത്തിൻ നിന്നും ഞങ്ങളെ ശുദ്ധീകരിച്ച് സ്വതന്ത്രരാക്കണമെ. നിന്റെ നല്ല ഇഷ്ടം ചെയ്വാനായിട്ട് നിന്നെക്കുറിച്ചുള്ള ഭയം ഞങ്ങൾക്ക് നീ തരേണമെ. എന്റെ കർത്താവേ, നിന്റെ രാജ്യത്തിൽ നീ എഴുന്നെള്ളുമ്പോൾ ഞങ്ങളെ ഓർത്ത് നിന്റെ വലത്തുഭാഗത്തെ കള്ളനെയെന്നപോലെ ഞങ്ങളെ വിശുദ്ധീകരിക്ക ണമെ. അനുഗ്രഹങ്ങൾക്കും പാപമോചനത്തിനും ഞങ്ങളെ യോഗ്യന്മാ രാക്കണമെ. ദുഷ്ടനിൽ നിന്നും അവന്റെ പരീക്ഷകളിൽ നിന്നും അവന്റെ യുദ്ധങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തെന്നാൽ നീ കരുണയും ദയയുമുള്ളവനും പാപികളോടു കരുണ ചെയ്യുന്നവനും അവ രുടെ അപേക്ഷയെ കൈക്കൊള്ളുന്നവനും ആകുന്നു. നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സ്തുതി യോഗ്യമാകുന്നു. ആമ്മീൻ.

## ചൊവ്വാഴ്ച - സന്ധ്യയുടെ അപേക്ഷ

ഈ പകലിലുള്ള പ്രയത്നങ്ങളെ നിവർത്തിപ്പാൻ ഞങ്ങളെ യോഗ്യ ന്മാരാക്കിത്തീർക്കുകയും സന്ധ്യയ്ക്കു വേണ്ടുന്ന അപേക്ഷകളെയും പ്രാർത്ഥനകളെയും തനിക്കു കഴിപ്പാനായിട്ട് ഈ സന്ധ്യാസമയം വരെ ഞങ്ങളെ കാത്തുകൊണ്ടുവരികയും ചെയ്ത ഞങ്ങളുടെ ദൈവമായ കർ ത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങളുടെ സകലവിധ പാപങ്ങ ളെയും ഞങ്ങളോട് നീ ക്ഷമിക്കേണമെ. രാത്രിസംബന്ധവും അന്ധകാ രത്തിന്നടുത്തതുമായ പാപത്തിന്റെ സകല വികാരങ്ങളിൽ നിന്നും ഞങ്ങളെ നീ രക്ഷിക്കണമെ. ഈ സന്ധ്യ സമാധാനമുള്ളതും ഭ്രമം കൂടാ ത്തതുമായിത്തീരേണമെ. വരുവാനിരിക്കുന്ന രാത്രി മായാമോഹം കൂടാ

ത്തതും ഉപദ്രവം കൂടാത്തതുമായിരിക്കണമേ. ഞങ്ങളുടെ ആയുസ്സിലുള്ള എല്ലാ നാളുകളേയും പാപം കൂടാതെ കാത്തുകൊള്ളണമെ. ന്യായവിധിയുടെ ദിവസത്തിൽ നിന്റെ കരുണയും മനുഷ്യസ്നേഹവും ലഭിപ്പാനായിട്ട് ഞങ്ങളെ നീ യോഗ്യന്മാരാക്കണമെ. നീ കാരുണ്യവാനായ ദൈവമാകകൊണ്ട് സ്തുതിയും ബഹുമാനവും ശ്രേഷ്ഠതയും നിനക്ക് യോഗ്യമാകുന്നു. അത് ഇപ്പോഴും എപ്പോഴും എന്നുമെന്നേക്കും. ആമ്മീൻ.

## ചൊവ്വാഴ്ച – സൂത്താറായുടെ അപേക്ഷ

ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളിൽ നിന്നു പകൽ കടന്നുപോയതായ ഈ നേരത്തിൽ നിനക്കു ഞങ്ങൾ സ്തോത്രം ചെയ്ത്, നിന്റെ കരുണയോട് യാചിക്കുന്നത് എന്തെന്നാൽ, ഈ രാത്രിയിൽ നിരപ്പിലും സമാധാനത്തിലും പാപംകൂടാതെയും ഞങ്ങളെ കാത്തുകൊള്ളണമെ. നിന്റെ കരുണയാൽ ഞങ്ങൾക്ക് രക്ഷ നൽകണമെ. പകൽ സമയത്തു പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കേണ്ടുന്നതിന് നിന്റെ കരുണയോടു ഞങ്ങൾ യാചിക്കുമ്പോൾ നിന്റെ തിരുമുമ്പാകെ ഭയത്തോടു നില്പാൻ ഞങ്ങളെ യോഗ്യന്മാരാക്കിത്തീർക്കേണമെ. സന്ധ്യാസമയത്തെ ബലിപോലെ, ഞങ്ങളുടെ കൈകൾ ഉയർത്തുന്നതിനെ നീ കൈക്കൊള്ളണമെ. മലിനത കൂടാതെ രാത്രിയിൽ എഴുന്നേല്പാനും സാത്താന്റെ പരീക്ഷകളിൽ നിന്നും ഭ്രമിപ്പിക്കുന്ന ദർശനങ്ങളിൽ നിന്നും രക്ഷിക്കപ്പെടുവാനും ഞങ്ങളെ യോഗ്യന്മാരാക്കിത്തീർക്കണമെ. ഞങ്ങളുടെ ആത്മാക്കൾക്ക് അനുതാപവും ഞങ്ങളുടെ ഹൃദയങ്ങൾക്ക് ഭയങ്കരവും സംഭ്രമജനകവുമായ ന്യായവിധിയെക്കുറിച്ചുള്ള സ്മരണയും വിചാരവും നൽകണമെ. എന്റെ കർത്താവേ! നിന്നെക്കുറിച്ചുള്ള ഭയംകൊണ്ട് ഞങ്ങളുടെ ഹൃദയത്തെ നിറയ്ക്കണമെ. ഭയങ്കരമായ ഉറക്കത്തിൽ ഞങ്ങൾ വീഴുമ്പോൾ മഹത്തായ നിന്റെ ന്യായവിധിയെപ്പറ്റി ചിന്തിപ്പാനായിട്ട് ഭൂമിസംബന്ധമായ ഞങ്ങളുടെ അവയവങ്ങളെ നീ നശിപ്പിക്കണമെ. എന്റെ കർത്താവേ! സകല ദുഷ്ടവിചാരങ്ങളെയും ഉപദ്രവകരമായ സകല മോഹങ്ങളെയും ഞങ്ങളിൽ നിന്നും ദുരീകരിക്കണമെ. സകല മലിനതകളിൽ നിന്നും ഞങ്ങൾ കാക്കപ്പെട്ടവരായിട്ടും, വിശ്വാസത്താൽ നിന്റെ വിശുദ്ധ കല്പനകളെ പൂർത്തിയാക്കുന്നവരായിട്ടും, രാത്രിയുടെ പ്രാർത്ഥനാസമയത്തേക്ക് ഞങ്ങളെ നീ എഴുന്നേല്പിക്കണമെ. അതു നിന്റെയും നിന്റെ ഏകപുത്രന്റെയും നിന്റെ വിശുദ്ധ റൂഹായുടെയും കൃപയാൽ തന്നെ. ആമ്മീൻ.

## ചൊവ്വാഴ്ച – രാത്രിയുടെ അപേക്ഷ

എന്റെ കർത്താവേ! നീ എന്നെ ഉണർത്തുകയും എന്റെ ശത്രുക്കളെ എന്നിൽ സന്തോഷിപ്പിക്കാതെ നിന്റെ കരുണയാൽ അവരിൽ നിന്ന് എന്നെ രക്ഷിക്കുകയും ചെയ്തതിനാൽ നിന്നെ ഞാൻ പുകഴ്ത്തുന്നു. ഇപ്പോൾ കർത്താവേ! നിന്നോടു ഞാൻ അപേക്ഷിക്കുന്നതെന്തെന്നാൽ നിന്റെ കരുണ എന്റെമേൽ വരികയും നിന്റെ വലത്തുകൈ എന്നെ മറയ്ക്കുകയും ചെയ്യണമെ.

എന്തെന്നാൽ എന്റെ ആത്മാവ് ശരീരത്തിൽ നിന്നുള്ള അതിന്റെ പുറപ്പാടു നേരത്തെക്കുറിച്ചും, വിരുദ്ധതകൾ നിറഞ്ഞിരിക്കുന്ന ഈ ലോകത്തിൽ വച്ചു ചെയ്തിട്ടുള്ള പാപങ്ങൾ ഹേതുവായിട്ട് അന്ധകാരസ്ഥലത്തേക്ക് കൊണ്ടുപോകുവാൻ വായുമണ്ഡലത്തിൽ പതിയിരിക്കുന്ന പിശാചുക്കളുടെ എതിർപ്പിനെക്കുറിച്ചും ഭയപ്പെടുന്നു. എന്റെ കർത്താവേ, നീ എനിക്ക് പാപമോചനം നൽകുന്നവനും സഹായിക്കുന്നവനും അവരുടെ കൈയിൽ നിന്ന് രക്ഷിക്കുന്നവനുമായിരിക്കണമെ. അവരാൽ ഞാൻ പിടിക്കപ്പെടരുതേ. എന്നാലോ കർത്താവേ, സമാധാനത്തിന്റെയും നിരപ്പിന്റെയും മാലാഖമാരെ എനിക്കു കല്പിച്ചയയ്ക്കണമെ. എന്റെ ആത്മാവ് പിശാചുക്കളുടെ മണ്ഡലത്തെ കടന്ന് നിന്റെ ശ്രേഷ്ഠതയുടെ സിംഹാസനത്തിൻ മുമ്പാകെ വന്ന് വന്ദിക്കുന്നതുവരെ അതിനെ അവർ നടത്തുമാറാകണമെ. അതിനോടുള്ള നിന്റെ കൃപകളുടെ നിമിത്തം അത് എന്നേക്കും നിന്നെ സ്തോത്രം ചെയ്യുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

## ചൊവ്വാഴ്ച – പ്രഭാതത്തിന്റെ അപേക്ഷ

ഭയങ്കരനും മഹത്വമുള്ളവനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും അത്യുന്നതനുമായ കർത്താവേ! നിന്റെ ദാസന്റെമേൽ നിന്റെ തിരുമുഖത്തെ നീ പ്രകാശിപ്പിക്കണമെ. നിന്റെ അനുഗ്രഹങ്ങളുടെ ബഹുത്വം പോലെ എന്നോടു നീ ചെയ്യണമെ. കർത്താവേ! എന്റെ പ്രാർത്ഥനയുടെ സമയത്ത് എന്നിൽ നിന്ന് നിന്റെ തിരുമുഖത്തെ നീ തിരിച്ചുകളയരുതേ. നിന്റെ കൃപയാൽ എന്നോടു നീ കരുണ ചെയ്ത് എന്നെ രക്ഷിക്കണമെ. എന്റെ മേൽ തിരിഞ്ഞ് നിന്റെ ശുദ്ധതകളുടെ സ്വർഗ്ഗത്തിൽ നിന്ന് എന്നിൽ സൂക്ഷിക്കണമെ. എന്റെ ശത്രുക്കൾക്ക് വിരോധമായി എന്നെ സഹായിക്കണമെ. നിന്റെ വലത്തുകൈ എനിക്കു നീട്ടി, എന്റെ നേരെ അഹങ്കരിക്കുന്ന ശത്രുക്കളിൽ നിന്ന് എനിക്ക് വിടുതൽ തരേണമെ. നിന്റെ കൃപയാൽ എന്റെ പാപങ്ങളെ പരിഹരിച്ച് അനുതാപത്തിന്റെ ഫലങ്ങൾ എന്നിൽ കായിക്കുമാറാകണമെ. വൃക്ഷങ്ങളുടെ ചുവടിനു വച്ചിരിക്കുന്ന

ക്രോധത്തിന്റെ കോടാലി എന്നെ വെട്ടിക്കളയരുതേ. അഗ്നിയുടെ ദഹന ത്തിനു ഞാൻ പതിരായിത്തീരരുതേ. നിന്റെ കരുണയുടെ സ്ഥിതിക്കു തക്കവണ്ണം എന്റെ പാപങ്ങളെ മായിക്കണമെ. ഇവിടെ, ഈ ലോകത്തിൽ നിന്റെ തിരുവിഷ്ടത്തിനു യോഗ്യമായവിധത്തിൽ ഞാൻ നടക്കേണ്ടതിന് എന്നെ കാത്തുകൊള്ളേണമെ. അവിടെ വരുവാനിരിക്കുന്ന ലോകത്തിൽ എന്നോടു ദയയുണ്ടാകണമെ. എന്നോടു ന്യായം വിധിക്കുവാൻ നീ പ്രവേ ശിക്കരുതെ. എന്തെന്നാൽ നിന്റെ കൃപയ്ക്ക് അവസാനമില്ല. നിന്റെ കരുണ ഒരുനാളും ഇല്ലാതായി പോകുന്നുമില്ല. നിനക്ക് ഇപ്പോഴും എപ്പോഴും എല്ലാ സമയത്തും സ്തുതിയും സ്തോത്രവും ഞാൻ കരേ റ്റുന്നു. ആമ്മീൻ.

## ചൊവ്വാഴ്ച – മൂന്നാം മണിയുടെ അപേക്ഷ

അനുഗ്രഹങ്ങളിൽ ഉത്തമനായ ഞങ്ങളുടെ കർത്താവേശുമിശിഹാ! ഈ ലോകത്തിന്റെ ആഴത്തിൽ ഞാൻ മുഴുകിയിരിക്കയാൽ, എന്റെമേൽ തിരിഞ്ഞ് നിന്റെ കരുണ നിമിത്തം അതിൽ നിന്ന് എന്നെ നീ ഉദ്ധരിക്ക ണമെ. എന്നെ പിടിച്ചിരിക്കുന്ന ചുഴലിയിൽ നിന്ന് എന്നെ രക്ഷിക്കണമെ. എന്റെ പാപവീഴ്ചയിൽ നിന്നും എന്നെ എഴുന്നേല്പിക്കണമെ. എന്റെ കർത്താവേ, അദൃശ്യമായ നിന്റെ വലതുകൈ നീട്ടി ശത്രുവിനോടുള്ള യുദ്ധത്തിൽ എന്നെ സഹായിക്കണമെ. എന്റെ ആത്മാവ് ഞെരുക്ക ത്തിലും നിരാശയിലും വീഴുമ്പോൾ അതിനെ നീ ആശ്വസിപ്പിക്കണമെ. എന്റെ കർത്താവെ! നിന്റെ കരുണയുടെ ഉറവയിൽ നിന്ന് അതിനെ നീ കുടിപ്പിക്കണമെ. അതിനെ വളഞ്ഞിരിക്കുന്ന ശത്രുക്കളിൽ നിന്ന് പുറ പ്പെടുന്ന ജ്വാല നിമിത്തമുള്ള ദാഹത്തെ ശമിപ്പിക്കുകയും ചെയ്യണമെ. എന്റെ കർത്താവേ! എന്നിൽ മുളച്ചുണ്ടാകുന്ന മുൾപ്പടർപ്പുകളെയും പറ ക്കാരകളെയും ദഹിപ്പിക്കുവാനായി നിന്റെ വിശുദ്ധ റൂഹായുടെ അശരീ രമായ അഗ്നിയെ എന്റെ ഹൃദയത്തിൽ നിക്ഷേപിക്കണമെ. എന്തെന്നാൽ നീ നന്മകളെ കൊടുക്കുന്നവനും സകല ജ്ഞാനങ്ങളുടെയും ഉറവയും ആകുന്നു. എന്റെ കർത്താവേ! ആ കുഷ്ഠരോഗിയെപ്പോലെ ഞാൻ വന്ദിച്ച് “നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ വെടിപ്പാക്കുവാൻ കഴിയും” എന്നു പറഞ്ഞുകൊണ്ട് അവനെപ്പോലെ അപേക്ഷിക്കുന്നു. ‘എനിക്കു മനസ്സാ കുന്നു, നീ വെടിപ്പുള്ളവനായി ഭവിക്ക’ എന്ന് അരുളിച്ചെയ്കയും ഉടനെ അവന്റെ കുഷ്ഠത്തിൽ നിന്ന് അവൻ വെടിപ്പാകുകയും ചെയ്യുവാൻ ഇട യാക്കിയ ആ ശബ്ദം കേൾപ്പാൻ എന്നെ യോഗ്യനാക്കേണമെ. എന്റെ കർത്താവേ! എന്റെ ആത്മാവിന്റെ കുഷ്ഠത്തിൽ നിന്ന് എന്നെ വെടിപ്പാ ക്കുകയും ശരീരത്തിന്റെ കറകളിൽ നിന്ന് എന്നെ കഴുകുകയും ചെയ്യ ണമെ. എന്തെന്നാൽ നീ പരിശുദ്ധന്മാരെ ശുദ്ധീകരിക്കുന്നവനാകുന്നു.

എന്റെ ആത്മാവും ശരീരവും ബോധവുമാകുന്ന മൂന്നു പറ മാവിൽ നിന്റെ ജീവന്റെ പുളിപ്പിനെ നീ ചേർത്തു വയ്ക്കണമെ. ഞാൻ പുതിയതും വെടിപ്പുള്ളതുമായ ഒരു സൃഷ്ടിയായിത്തീരണമെ. ലജ്ജ കൂടാതെ നിന്റെ തിരുമുമ്പാകെയുള്ള ധൈര്യത്തിനും നിന്റെ ശുദ്ധിമാന്മാരോടു കൂടെയുള്ള ഓഹരിക്കും ഞാൻ യോഗ്യനായിത്തീരണമെ. എന്തെന്നാൽ കർത്താവേ, നീ പരിശുദ്ധനും പരിശുദ്ധന്മാരിൽ വസിച്ച് മഹത്വപ്പെടുന്നവനുമാകുന്നു. നിനക്ക് നിന്റെ പിതാവിനോടും വിശുദ്ധ റൂഹായോടും കൂടെ സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. അത് ഇപ്പോഴും എല്ലാനേരത്തും എന്നേക്കും. ആമ്മീൻ.

## ചൊവ്വാഴ്ച – ഉച്ചയുടെ അപേക്ഷ

കർത്താവേ, നീ എന്നേക്കും ഉള്ളവനും നിന്റെ സിംഹാസനം തലമുറ തലമുറകൾ വരെയുള്ളതും ആകുന്നു. എന്നേക്കും ഞങ്ങളെ നീ കൈവിടുകയും ദീർഘനാളത്തേക്കു ഞങ്ങളെ നീ മറക്കുകയും അരുതേ. കർത്താവേ! നിന്റെ അടുക്കലേക്ക് ഞങ്ങളെ നീ തിരിക്കുകയും ഞങ്ങൾ തിരിയുകയും ചെയ്യണമെ. എന്നെ സൗഖ്യമാക്കുകയും ഞാൻ സൗഖ്യമാക്കപ്പെടുകയും എന്നെ രക്ഷിക്കുകയും ഞാൻ രക്ഷിക്കപ്പെടുകയും ചെയ്യണമെ. എന്തെന്നാൽ നീ എന്റെ മഹത്വമാകുന്നു. എന്നെ നീ നശിപ്പിക്കരുതെ. എന്നാലോ, ദോഷമുള്ള ദിവസത്തിൽ എന്റെ മേൽ നീ ആവസിക്കണമെ. എന്നെ പീഡിപ്പിക്കുന്ന പിശാചുക്കൾ ലജ്ജിക്കുമാറാകണമെ. ഞാൻ ലജ്ജിപ്പാൻ സംഗതിയാകരുതെ. അവർ തകർന്നു പോകണമെ. ഞാൻ തകർന്നു പോകരുതെ. ദോഷമുള്ള ദിവസത്തെ അവരുടെ മേൽ വരുത്തണമെ. നീതിമാന്മാരെ പരിശോധിക്കുകയും അന്തരീന്ദ്രിയങ്ങളെ ശോധന കഴിക്കയും ചെയ്യുന്ന ബലവാനായ കർത്താവേ, ഞാൻ അവരെ തകർക്കുമാറാകണമെ. എന്റെ ന്യായവിധി നിനക്കു ഞാൻ ഭരമേല്പിച്ചിരിക്കയാൽ അവരെ ന്യായം വിധിക്കുന്നത് ഞാൻ കാണണമെ. ആമ്മീൻ.

## ചൊവ്വാഴ്ച – ഒമ്പതാം മണിയുടെ അപേക്ഷ

കർത്താവേ! നീ അല്ലാതെ ഇനി എന്റെ ശരണം ആരാകുന്നു. അത്യത്ഭുതകരമായ നിന്റെ രഹസ്യങ്ങൾ നിമിത്തം നിനക്കു സ്തുതി. എല്ലായ്പോഴും നിന്റെ ഭംഗിയാൽ ശോഭിക്കപ്പെടുന്ന നിന്റെ വാത്സല്യവാന്മാർക്കു നീ നൽവരങ്ങളെ കൊടുക്കുന്നു. എന്റെ ദൈവമേ, അന്ധകാരമാകുന്ന അഗ്നിനരകത്തിൻ വസ്ത്രങ്ങളെ നിന്റെ കൃപയാൽ എന്നിൽ നിന്ന് ഉരിഞ്ഞുകളയണമെ. ശരീരത്തിൽ നിന്ന് ഞാൻ പുറപ്പെടുന്നതിനു മുമ്പ് പുതിയ ലോകത്തിന്റെ സാരാംശമായ നിന്റെ വിശുദ്ധ തേജസ്സിന്റെ

അങ്കി എന്നെ ധരിപ്പിക്കണമെ. എന്റെ കർത്താവേ, നിന്റെ കാഴ്ചയുടെ ഭംഗി എനിക്കു ഭക്ഷണമായി തരണമെ. നിന്റെ സാരാംശത്തിന്റെ മടിയിൽ അദൃശ്യങ്ങളായിരിക്കുന്ന രഹസ്യങ്ങളെ സന്തോഷപാനീയമായി എനിക്ക് വെളിപ്പെടുത്തണമെ. എന്റെ കർത്താവേ, നിന്റെ ഏകപുത്രന്റെ തിരു മേനിയിൽ എന്നെ ഒരു അവയവമാക്കിത്തീർക്കുകയും നിന്നോടുള്ള അവന്റെ ഐക്യത്തിന്റെ രഹസ്യം ബലഹീനതയുള്ള എന്റെ സ്വഭാവത്തിനു തക്കവണ്ണം എന്നെ ഗ്രഹിപ്പിക്കുകയും ചെയ്യണമെ. നല്ലവനായ പിതാവേ, ഞാൻ അയോഗ്യനാകുന്നുവെങ്കിലും നിന്റെ സ്നേഹവും നിന്നെക്കുറിച്ചുള്ള ഭയവും എനിക്കു നീ തരണമേ. ആമ്മീൻ.

## ബുധനാഴ്ച - സന്ധ്യയുടെ അപേക്ഷ

സകലത്തിന്റെയും സ്രഷ്ടാവും സകലത്തെയും ക്രമപ്പെടുത്തുന്നവനുമായ ദൈവമേ, ഈ സന്ധ്യാസമയത്ത് ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഈ ദിവസത്തിന്റെ അവസാനത്തിലേക്ക് ഞങ്ങളെ നീ കൊണ്ടുവന്നിരിക്കയാൽ നിന്റെ തിരുനാമത്തെ ഞങ്ങൾ പുകഴ്ത്തുന്നു. കർത്താവേ, നിന്റെ കരുണയോടു ഞങ്ങൾ യാചിച്ചു പ്രാർത്ഥിക്കുന്നത് എന്തെന്നാൽ, അന്ധകാര പ്രവൃത്തികളിൽ നിന്നും രാത്രിയിലെ ദുസ്വപ്നങ്ങളിൽ നിന്നും സാത്താന്റെ വ്യാപാരങ്ങളിൽ നിന്നും ഞങ്ങളെ കാത്ത് വീണ്ടുകൊള്ളണമെ. കരുണയുള്ളവനും കൃപയും വിശുദ്ധിയും വളരെയുള്ളവനുമായ കർത്താവേ, ഈ സന്ധ്യയിൽ അടക്കവും താഴ്മയും ഞങ്ങൾക്കു നീ നൽകേണമെ. നിന്റെ ആത്മാവിന്റെ കരുണയും ആവാസവും തിരിച്ചറിവും ഞങ്ങളിൽ വ്യാപരിക്കണമെ. പിതാവും പുത്രനും വിശുദ്ധ റൂഹായുമായുള്ളോവേ, സ്തോത്രത്തോടെ നിന്റെ തിരുമുമ്പാകെ വന്ന് വെടിപ്പുള്ള സ്തുതികൾ നിനക്ക് പാടുവാനായിട്ട് സന്തോഷത്തോടു കൂടി നിന്റെ പ്രഭാതത്തിലേക്ക് ഞങ്ങളെ നീ അടുപ്പിക്കണമെ. ആമ്മീൻ.

## ബുധനാഴ്ച - സൂത്താറായുടെ അപേക്ഷ

മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ, ഞങ്ങൾ ഉറങ്ങുമ്പോൾ ഞങ്ങളുടെ ശരീരത്തിന് ആശ്വാസം നൽകേണമെ. പാപത്തിന്റെ കൂരിരുട്ടിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. ശരീരത്തിന്റെയും ആത്മാവിന്റെയും സകല മലിനതകളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമെ. നിന്നെക്കുറിച്ചുള്ള ഭയത്താൽ ഞങ്ങൾ അവസാനത്തോളം വിശുദ്ധിയോടെയിരിക്കുമാറാകണമെ. രാത്രിയിലെയും പകലിലേയും സകല ദുർമോഹങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളേണമെ. ഞങ്ങളുടെ വികാരങ്ങളുടെ പാച്ചിലും ജഡസംബന്ധമായ ചലനങ്ങളും ദുർമോഹങ്ങളും

നീ ഇല്ലാതാക്കേണമെ. ഉണർവുള്ള ബോധവും പരിപാകതയുള്ള വിചാരങ്ങളും സൽക്രിയകളും ആശ്വാസമുള്ള കിടക്കയും ഉറക്കവും ഞങ്ങൾക്ക് നീ തരേണമെ. രാത്രിയുടേയും പ്രഭാതത്തിന്റേയും സ്തുതികൾക്കായി ഞങ്ങളെ നീ ഉണർത്തേണമെ. ഉറക്കമൊഴിഞ്ഞുകൊണ്ട് വിശുദ്ധിയും മഹത്വവുമുള്ള നിന്റെ നാമത്തിന് ഞങ്ങൾ സ്തുതി പാടുമാറാകേണമെ. അതിപ്പോഴും എല്ലായ്പ്പോഴും എന്നുമെന്നേക്കും. ആമ്മീൻ.

## ബുധനാഴ്ച – രാത്രിയുടെ അപേക്ഷ

ദൈവമേ, നിന്റെ അടുക്കലേക്ക് എന്റെ കൈകൾ നീട്ടി യജമാനന്മാരിൽ ദാസന്മാർ സൂക്ഷിക്കുന്നതുപോലെ എന്റെ കണ്ണുകൾ നിങ്കലേക്ക് സൂക്ഷിച്ചിരിക്കുന്നു. ദൈവമേ! നീ സ്രഷ്ടാവും ഞാൻ സൃഷ്ടിയുമാകുന്നു. നീ രാജാവും ഞാൻ അടിയാനുമാകുന്നു. നീ യജമാനനും ഞാൻ അടിമയും ആകുന്നു. നീ വലിയവനും ഞാൻ ചെറിയവനും ആകുന്നു. നീ ബലവാനും ഞാൻ ബലഹീനനും ആകുന്നു. നീ ക്ഷമിക്കുന്നവനും ഞാൻ പാപം ചെയ്യുന്നവനും ആകുന്നു. നീ അറിവുള്ളവനും ഞാൻ അറിവില്ലാത്തവനും അതിക്രമം ചെയ്യുന്നവനും ആകുന്നു. നീ തരുന്നവനും ഞാൻ യാചിക്കുന്നവനും ആകുന്നു. നീ നിലനില്ക്കുന്നവനും ഞാൻ അഴിഞ്ഞുപോകുന്നവനും ആകുന്നു. നിനക്ക് തിരുവുള്ളം ഉണ്ടായി എന്നെ സൃഷ്ടിക്കുകയും നിന്റെ തിരുനാമത്തെ എന്നെ അറിയിക്കുകയും നിന്നെ വിളിച്ചപേക്ഷിപ്പാൻ ആജ്ഞാപിക്കുകയും ചെയ്തു. കർത്താവേ, നിന്റെ കല്പന പോലെ മഹാപാപിയായ ഞാൻ നിന്നെ വിളിക്കുന്നു. എന്നോട് ഉത്തരമരുളിച്ചെയ്ത് എന്റെമേൽ അനുഗ്രഹം ചെയ്യേണമെ. ദൈവമേ! ശരീരനിദ്രയെ എന്നിൽ നിന്ന് നീക്കി ജാഗ്രതയോടെ നിന്റെ വിശുദ്ധ തിരുനാമത്തെ ഞാൻ ഓർത്ത്, നിർമ്മലമായ നിന്റെ ന്യായങ്ങളെപ്പറ്റി നിന്നെ സ്തോത്രം ചെയ്‌വാൻ എന്നോട് മനസ്സലിവുണ്ടാകണമെ. മനുഷ്യരെ സ്നേഹിക്കുന്നവനേ! നിന്നോട് ഞാൻ അപേക്ഷിക്കുന്നു. പാപനിദ്രയിൽ ഞാൻ വീഴാതിരിപ്പാൻ എന്റെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കേണമെ. ദുസ്വപ്നങ്ങൾ എനിക്ക് ഉണ്ടാകരുതേ. കർത്താവേ, ഞാൻ നിന്റെ കല്പനകളെ ആചരിപ്പാനും, രാവും പകലും നിന്റെ ന്യായപ്രമാണങ്ങളെ ധ്യാനിപ്പാനും നിന്റെ ഇഷ്ടത്തെ പൂർത്തിയാക്കുവാനും എനിക്കു കൃപ ചെയ്യണമെ. അന്ധകാരത്തിന്റെയും പാപത്തിന്റെയും ക്രിയകളിൽ നിന്ന് എന്നെ രക്ഷിച്ച്, സാത്താന്റെ അടിമയിൽ നിന്ന് എന്നെ സ്വാതന്ത്ര്യപ്പെടുത്തണമെ. നിന്റെ വിശുദ്ധന്മാരോടു കൂടി ഓഹരി തന്ന് എന്നെ പകലിന്റെയും പ്രകാശത്തിന്റെയും പുത്രനാക്കിത്തീർക്കേണമെ. ഞാൻ നിന്നെ എന്നേക്കും സ്തുതിച്ചു പുകഴ്ത്തുവാനായി എന്റെ ആത്മാവിനെ നീ ശുദ്ധീകരിച്ച് അലങ്കരിപ്പിക്കേണമെ. പ്രബലത

യുള്ള പ്രകാശത്തിൽ വസിക്കുന്നവനും മാലാഖമാരുടെ ആയിരമായിര ങ്ങൾക്കും പതിനായിരം പതിനായിരങ്ങൾക്കും തന്റെ മഹത്വത്തിൻ പ്രകാ ശത്തിൽ സൂക്ഷിപ്പാൻ കഴിയാത്തവനുമായ എന്റെ കർത്താവേ, നിന്റെ കരുണയാകുന്ന വാതിലിൽ ഞാൻ മുട്ടുന്നതിനാൽ നിന്റെ വാതിൽ എനിക്കു തുറന്നു തരേണമെ. എന്റെ പ്രാർത്ഥന കൈക്കൊണ്ട് നിന്റെ മഹത്വത്തിന്റെ സന്നിധിയിൽ എന്റെ അതിക്രമങ്ങളെ മായിക്കേണമെ. ദരിദ്രന്മാരെ ഐശ്വര്യവാന്മാരാക്കുന്ന കരുണയുടെയും ദയയുടെയും സമു ദ്രമാകുന്ന യേശുമ്ശിഹാ ആയ എന്റെ കർത്താവേ, നിന്നിൽ എന്റെ അതി ക്രമങ്ങൾ മായിക്കപ്പെടണമെ. കർത്താവേ! എന്റെ പ്രാർത്ഥന കേട്ട് എന്റെ അപേക്ഷ കൈക്കൊണ്ട് എന്നിലുള്ള അന്ധകാരത്തെ പ്രകാശിപ്പിക്ക ണമെ. ഞങ്ങളുടെ കർത്താവും ദൈവവുമായ മ്ശിഹായുടെ വ്യാപാര ത്തിന്റെ അറിവിൽ ആനന്ദിപ്പാൻ എന്നെ യോഗ്യനാക്കേണമെ. നല്ലവനും ദയയുള്ളവനും സകലവും പൂർണ്ണമാക്കി ശുദ്ധീകരിക്കുന്നവനും ആയി രിക്കുന്ന പിതാവായ ദൈവമെ, നിന്നെയും നിന്റെ ഏകപുത്രനെയും നിന്റെ വിശുദ്ധ റൂഹായെയും സ്തുതിപ്പാൻ എന്നെ യോഗ്യനാക്കേണമെ. ആമ്മീൻ.

## ബുധനാഴ്ച - പ്രഭാതത്തിന്റെ അപേക്ഷ

മീതെയുള്ളവരാലും താഴെയുള്ളവരാലും ശുദ്ധീകരിക്കപ്പെടുന്ന മഹ ത്വമുള്ള നാമവും പാപം ഒഴികെ ഞങ്ങളെപ്പോലെ ആയിത്തീർന്ന ദൈവ വുമായുള്ളോവേ! എന്റെ ഹൃദയം കൊണ്ട് നിന്നെ ഞാൻ സ്തുതിക്കുന്നു. എന്റെ മനസ്സിലെ ദുഃഖത്താൽ നിന്നോടു ഞാൻ അപേക്ഷിക്കുന്നു. ഞങ്ങ ളെപ്പോലെ മുലപ്പാൽ കുടിച്ചവനായി എല്ലാവരേക്കാളും പരിശുദ്ധനായി രിക്കുന്നവനെ! നിന്റെ കരുണയാകുന്ന വാതിലിൽ ഞാൻ മുട്ടുന്നു. നിന്റെ ദാനങ്ങളുടെ ശ്രീഭണ്ഡാരത്തെ എനിക്കു തുറന്നു തരണമെ. തന്റെ കല്പ നയാൽ ഔഷധങ്ങളെ മുളപ്പിക്കുന്നവനേ! ജീവനുണ്ടാക്കുന്നതായ സ്തോത്രം എന്നിൽ മുളപ്പിക്കേണമേ. ശമുവേലിനെ അവന്റെ മാതാ വിന്റെ പ്രാർത്ഥനയാൽ അവൾക്കു കൊടുത്തവനേ! എന്നോടുള്ള നിന്റെ കൃപയെ ഞാൻ അറിവാൻ നിന്റെ കരുണയാൽ എനിക്കു സംഗതിയാ ക്കണമെ. പർവ്വതത്തിന്റെ മുകളിൽ വച്ച് മരണത്തിൽ നിന്ന് ഇസ്സഹാ ക്കിനെ വീണ്ടുകൊണ്ടവനെ! പാപത്തിന്റെ രഹസ്യമായ മരണത്തിൽ നിന്നും എന്നെ രക്ഷിക്കണമെ. നിന്റെ അനുഗ്രഹമുള്ള കൃപയെയും ഉഭ യസമ്മതത്തെയും കാത്തുകൊള്ളേണമെ. രഹസ്യകാര്യങ്ങളിലും പര സ്യകാര്യങ്ങളിലും നിന്നെ പ്രസാദിപ്പിപ്പാൻ എനിക്കു നീ കൃപ തരേ ണമേ. എന്റെ ജീവന്റെ ശരണവും എന്റെ ആത്മാവിന്റെ രക്ഷകർത്താവും എന്റെ കാലുകളുടെ പ്രകാശവും ഊടുവഴികളുടെ വിളക്കും ആയു

ള്ളോവേ! നിന്നോടു ഞാൻ അപേക്ഷിക്കുന്നു. നിന്റെ കരുണയാൽ പാപിയായ എന്നോടു കരുണ ചെയ്യേണമെ. എന്റെ കർത്താവേ, എന്റെ ദിവസങ്ങൾ വ്യർത്ഥങ്ങളാകാതെ ഇരിക്കേണ്ടുന്നതിനു നിന്റെ അനുഗ്രഹത്താൽ എനിക്കു കൃപ ചെയ്യേണമെ. എന്റെ കർത്താവേ, എന്റെ പിഴകൾ ഹേതുവായിട്ട് നിന്റെ നീതിയാൽ ഞാൻ ശാസിക്കപ്പെടരുതേ. നിന്റെ മഹത്വപ്രത്യക്ഷതയുടെ ദിവസത്തിൽ എന്റെ രഹസ്യകറകൾ എന്നിൽ കാണുമാറാകരുതെ. എന്റെ കർത്താവേ, നിന്റെ ശ്രേഷ്ഠതയുടെ സിംഹാസനത്തിൻ മുമ്പാകെ എനിക്ക് ലജ്ജയുണ്ടാകരുതെ. ദയാനിധിയായ ഉടയവനേ, ഞാൻ കുറ്റം ചെയ്തുപോയ ദാസനാകുന്നു. എന്റെ കുറ്റങ്ങളിലേക്ക് നിന്റെ നീതി സൂക്ഷിച്ചുനോക്കരുതേ. നിന്റെ തിരുമുമ്പാകെ ലജ്ജയോടുകൂടി ഞാൻ നിൽക്കയുമരുതേ. ഞാൻ ആയിരിക്കുന്നപ്രകാരം എന്നെ നീ കണക്കിടരുതേ. നിന്റെ നൽവരങ്ങളേയും അനുഗ്രഹങ്ങളേയും എന്നിൽ നിവർത്തിക്കണമെ. ദരിദ്രനായ എന്നെ നിന്റെ കൃപ ദർശിക്കണമെ. നിന്റെ കരുണയാൽ നിനക്കുള്ളവനായി ഞാൻ വിളിക്കപ്പെടണമെ. നിന്റെ കരുണയാൽ നിന്റെ ആട്ടിൻതൊഴുത്തിൽ എന്നെയും എണ്ണണമെ. എന്റെ സ്തോത്രമാകുന്ന ധാന്യം നിന്റെ ജീവന്റെ അറകളിൽ കാത്തു സൂക്ഷിക്കപ്പെടണമെ. നിന്റെ സ്നേഹത്താൽ എന്റെ വിളവുകൾ ശേഖരിക്കപ്പെടുമാറാകണമെ. എന്റെ കർത്താവേ! ബലഹീനനായ എന്നെ ഇടതുഭാഗത്തു നീ നിർത്തരുതേ. എന്നാലോ നിന്റെ അനുഗ്രഹങ്ങൾ എന്റെ മുഖത്തിൽ ശോഭിപ്പിച്ചുകൊണ്ട് നിന്റെ വലത്തുഭാഗത്ത് എന്നെ നിർത്തണമെ. ഈ പാപി ആരാകുന്നുവെന്നും ഇവന്റെ കുറ്റങ്ങൾ ഓർപ്പാൻ എന്തുള്ളുവെന്നും നിന്റെ കൃപ എനിക്കു വേണ്ടി മദ്ധ്യസ്ഥത പറയുമാറാകണമെ. നിന്റെ കർത്തവ്യം ന്യായവിധിയിൽ എന്റെ കുറ്റങ്ങളെപ്പറ്റി ചോദിക്കുന്നതിന് ഇറങ്ങി വരരുതേ. ബഹുലവും ദിവ്യവുമായ നിന്റെ അനുഗ്രഹങ്ങളെ എന്റെ പാപക്കറകൾ ജയിക്കുമാറാകരുതേ. എന്റെ ആയുസ്സിന്റെ സംവൽസരങ്ങളെ ഞാൻ വ്യർത്ഥമായി കഴിച്ചുകൂട്ടരുതെ. ഞാൻ നിന്നെ പിന്തുടരാതെ വ്യർത്ഥനായി ഭവിക്കരുതേ. തന്റെ സമ്പത്തിനെ നാനാവിധമാക്കിയ മുടിയനായപുത്രനെപ്പോലെ നിന്റെ കൃപ എന്നെ കൈക്കൊള്ളണമെ. കാണാതെപോയ ഞാൻ നിന്റെ കരുണയാൽ കണ്ടെത്തപ്പെടണമെ. നിന്റെ അനുഗ്രഹങ്ങൾ എന്റെ കടചീട്ടുകളെ കീറിക്കളയണമെ. കർത്താവേ എന്റെമേൽ അനുഗ്രഹം ചെയ്യണമെ. എന്തെന്നാൽ നിനക്കു വിരോധമായി ഞാൻ പാപം ചെയ്തു. കാണാതെപോയ ആടെന്നപാലെ ഞാൻ വഴിതെറ്റിപ്പോയിരിക്കുന്നു. നീ എന്നെ അന്വേഷിക്കണമെ. നിന്റെ എഴുന്നള്ളത്തിൽ കൂലിക്കു യോഗ്യന്മാരായ അനുതാപികളോടും പതിനൊന്നാം മണിനേരത്തെ വേലക്കാരോടും കൂടെ നിന്റെ തിരുമുമ്പാകെ ഞാൻ കാണപ്പെടണമെ. പിതാവും പുത്രനും പ. റൂഹായുമായുള്ളോവേ, ഞാൻ നിനക്കു സ്തോത്രം ചെയ്യുമാറാകണമെ. ആമ്മീൻ.

## ബുധനാഴ്ച - മൂന്നാം മണിയുടെ അപേക്ഷ

ഞങ്ങളെ സൃഷ്ടിച്ച് ആനന്ദമുള്ള പറുദീസായിൽ ആക്കിയ ബലവാനായിരിക്കുന്ന ദൈവമായ കർത്താവേ! നീ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ. സർപ്പത്തിന്റെ ആലോചനയാൽ കൽപ്പനയെ ഞങ്ങൾ ലംഘിക്കയും ഭാഗ്യമുള്ള ജീവിതത്തിൽ നിന്നും വീഴുകയും പറുദീസായിൽ നിന്ന് തള്ളപ്പെടുകയും ചെയ്തപ്പോൾ ഞങ്ങളുടെ സംഗതിയിൽ നീ മൗനമായിരുന്നില്ല. എന്നാലോ ഞങ്ങളുടെ സ്ഥിരീകരണത്തിനായി വിശുദ്ധ ദീർഘദർശിമാരെ പറഞ്ഞയച്ചു. അന്ധകാരത്തിലും മരണനിഴലിലും ഇരുന്നവരായ ഞങ്ങൾക്ക് കാലാവസാനത്തിൽ നിന്റെ വാൽസല്യ പുത്രനും ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുമ്ശിഹാ ഉദിച്ചു. അവൻ പരിശുദ്ധ റൂഹായിൽ നിന്നും വി. കന്യകമറിയാമിൽ നിന്നും ശരീരം ധരിച്ചുകൊണ്ട് ജീവന്റെ വഴി ഞങ്ങളെ പഠിപ്പിക്കുകയും പുനർജനനത്തെ ഞങ്ങൾക്ക് തരികയും ചെയ്തു. ഇതു ഹേതുവായിട്ട് കർത്താവേ! നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. കടങ്ങളുടെയും പാപങ്ങളുടെയും മോചനം ഞങ്ങൾക്കു നൽകണമെ. നീ സമാധാനത്തിന്റെ രാജാവാകയാൽ ആദിയും അന്തവുമില്ലാത്ത നിന്റെ വചനത്തിന്റെ ഉദയത്തോടുകൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയിട്ടുള്ള സമാധാനം ഞങ്ങളോടുകൂടെയും ഞങ്ങളുടെ ഇടയിലും വസിക്കണമെ. മാലാഖമാരാൽ സുവിശേഷിക്കപ്പെട്ട സന്തോഷം കൊണ്ട് ഞങ്ങളുടെ ആത്മാക്കളെയും നിറയ്ക്കണമെ. എന്തെന്നാൽ നീ സകല സന്തോഷങ്ങൾക്കും മേലായുള്ള സന്തോഷവും സകല പ്രകാശങ്ങൾക്കും മേലായുള്ള പ്രകാശവും ആകുന്നു. ഞങ്ങളുടെ കർത്താവേ! ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. എന്തെന്നാൽ നിന്റെ തിരുനാമം ഞങ്ങളുടെ മേൽ വിളിക്കപ്പെട്ടിരിക്കുന്നു. നീ ഒഴികെ മറ്റൊരു ദൈവം ഞങ്ങൾക്കില്ല. പാപമരണം ഞങ്ങളിൽ ബലപ്പെടരുതെ. എന്റെ കർത്താവേ! സകല പരീക്ഷകളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. ശത്രുവിന്റെ കെണികളിൽ നിന്നും ഞങ്ങളെ വീണ്ടുകൊള്ളേണമെ. ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും നിന്റെ വിശുദ്ധ കൽപനകളെ നിവർത്തിപ്പാനും സത്യത്തിലും വിശുദ്ധിയിലും സമാധാനത്തിലും നീതിയിലും നടപ്പാനും ആയി സമാധാനത്തിന്റെ കാലങ്ങളെ ഞങ്ങൾക്കു തരണമെ. അത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

## ബുധനാഴ്ച - ഉച്ചയുടെ അപേക്ഷ

പാപി അനുതപിച്ചു ജീവിക്കുന്നതിനല്ലാതെ അവന്റെ മരണത്തിൽ എനിക്ക് ഇഷ്ടമില്ലെന്ന് തന്നെക്കൊണ്ടു തന്നെ സത്യമായി ആണയിട്ട

സർവ്വശക്തനായിരിക്കുന്ന ദൈവമായ കർത്താവേ! അനുതപിക്കുന്നവ നായ എന്നെ നീ കൈക്കൊള്ളണമേ. എന്റെ രഹസ്യനൊമ്പരങ്ങളെ സൗഖ്യമാക്കുകയും, എന്റെ പരസ്യവ്രണങ്ങളെ സുഖപ്പെടുത്തുകയും ചെയ്യണമെ. എന്നോട് കരുണ തോന്നി എന്നെ വിശുദ്ധീകരിക്കണമേ. എന്നെ ശുദ്ധീകരിച്ച് വെടിപ്പാക്കണമേ. എന്റെ കുറ്റങ്ങളേയും അകൃത്യ ങ്ങളേയും മായിച്ചുകളയേണമേ. എന്റെ ശത്രുക്കളാൽ ഞാൻ പകരം ചോദിക്കപ്പെടരുതേ. ആത്മാവിലും ശരീരത്തിലും കറയും മലിനതയും കൂടാതെ എന്നെ നീ ഭരിച്ചുകൊള്ളേണമേ. ഒരു നാഴികയെങ്കിലും പാപ കുറ്റത്തിൽ നിന്ന് രക്ഷപെടുന്ന ഒരുത്തനും ഇല്ലെന്ന് സംക്ഷേപിക്കാവ തല്ലാത്ത നിന്റെ ന്യായവിധിപ്രകാരം ഞാൻ നിശ്ചയിച്ചു പറഞ്ഞു. ജീവ നുള്ള ഒരുത്തനും നിന്റെ തിരുമുമ്പാകെ വിശുദ്ധീകരിക്കപ്പെടുന്നതല്ലാ യ്കയാൽ, നിന്റെ കൃപയാൽ എന്നെ വിശുദ്ധീകരിച്ച് എന്റെ മഹാ അന്യാ യത്തിൽ നിന്നും എന്നെ രക്ഷിക്കേണമെ. നിന്റെ മഹത്വത്തിൽ നിന്നോടു കൂടെ ഞാൻ ഇമ്പപ്പെടുമാറാകണമേ. പിതാവേ! നിന്റെ ശബ്ദം എന്നെ കേൾപ്പിക്കുകയും അതിനാൽ എന്റെ ആത്മാവിന്റെ അംഗങ്ങളെ തുടച്ചു വെടിപ്പാക്കുകയും, എന്റെ ശത്രുക്കളുടെ മായാമോഹങ്ങളിൽ നിന്ന് എന്നെ സ്വാതന്ത്ര്യപ്പെടുത്തുകയും ലൗകികമായ തെറ്റിൽ നിന്ന് എന്നെ കോരി യെടുക്കുകയും ചെയ്യണമെ. പുത്രൻതമ്പുരാനെ! യോഗ്യമാംവണ്ണം നിന്നെ മഹത്വപ്പെടുത്തുവാൻ ഞാൻ അറിയേണ്ടതിന് നിന്റെ അറിവിൽ എന്നെ സ്ഥിരപ്പെടുത്തേണമെ. നിന്റെ നീതിയുള്ള ന്യായവിധിയിൽ എന്റെ കറ കളെ നീ വെളിപ്പെടുത്തരുതേ. എന്നാലോ നിന്റെ അനുഗ്രഹത്തിന്റെ ചിറകിൻകീഴിൽ എന്നെ മറച്ചുകൊള്ളേണമെ. വിശുദ്ധ റൂഹാ! ഏകദൈവ മായി വന്ദിക്കപ്പെടുന്നതും സമമായിരിക്കുന്നതും ഭിന്നത കൂടാത്തതും ആയ വിശുദ്ധ ത്രിത്വത്തിന്റെ ഏക സ്വഭാവത്തെ സ്പഷ്ടമായി സ്തോത്രം ചെയ്‌വാൻ നിന്നാൽ എനിക്കു പ്രാപ്തിയുണ്ടാകേണമെ. യോഗ്യതയു ള്ളതും കുറ്റംകൂടാത്തതുമായ സ്തുതി നിനക്കും തന്നിൽ നിന്ന് നീ പുറ പ്പെടുന്ന പിതാവിനും തന്നോടു നീ സമനായിരിക്കുകയും തന്നിൽ നിന്ന് നീ എടുക്കുകയും ചെയ്യുന്ന പുത്രനും, ഇവിടെയും രണ്ടു ലോകങ്ങളിലും ഞാൻ കരേറ്റുവാനായി, നീ ആരാകുന്നു എന്ന്, എന്നെ നീ പഠിപ്പിക്കേ ണമെ. ആമ്മീൻ.

## ബുധനാഴ്ച - ഒമ്പതാംമണിയുടെ അപേക്ഷ

സകല ഭാഗ്യങ്ങളെക്കാളും ഉന്നതമായ ഭാഗ്യം ഞങ്ങൾക്ക് വാഗ്ദത്തം ചെയ്ത കർത്താവേ! ആ ഭാഗ്യത്തിനു ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ഞങ്ങളോടു നീ അറിയിച്ചിട്ടുള്ള ശരണത്തെ അന്വേഷിച്ചു വലയുന്ന ഞങ്ങളുടെ ആത്മാവിനു നീ ശരണം തരേണമെ. എന്തെന്നാൽ ഞങ്ങൾ

വെടിപ്പില്ലാത്തവരും അയോഗ്യരുമാകുന്നു. നിന്റെ തിരുവിലാവിൽ നിന്ന് ഒഴുകീട്ടുള്ള വെള്ളം ഞങ്ങളുടെ കറകളുടെ ബഹുത്വത്തെ കഴുകി ധവ ളീകരിക്കേണമെ. ഞങ്ങളുടെ നീതീകരണത്തിനായി ചിന്തിയ തിരുരക്തം ഞങ്ങളെ ശുദ്ധീകരിക്കുകയും ഞങ്ങളുടെ ശുദ്ധീകരണത്തിനുള്ള വില യായിത്തീരുകയും ചെയ്യേണമെ. എന്റെ കർത്താവേ! നിനക്കില്ലാത്തതും ഞങ്ങൾക്കുള്ളതുമായതിനെ നീ എടുത്ത്, ഞങ്ങൾക്കില്ലാത്തതും നിന ക്കുള്ളതുമായതിനെ ഞങ്ങൾക്ക് നീ തരേണമെ. ഞങ്ങളുടെ വലുതായ അന്യായം നിമിത്തം ഞങ്ങളുടേതിലേക്കു നിന്നെ പുറപ്പെടുവിച്ചു, നിന്റെ കരുണയാൽ നിന്റേതിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കേണമെ. മഹത്വ ത്തിൽ നിന്റെ പ്രകാശത്തിന്റെ ലോകത്തിൽ ഞങ്ങളെ വസിപ്പിക്കേണമെ. നിനക്ക് സകലത്തിൽ നിന്നും സകലത്താലെയും എന്നുമെന്നേക്കും ആമ്മീൻ.

## വ്യാഴാഴ്ച – സന്ധ്യയുടെ അപേക്ഷ

ദൈവമായ കർത്താവേ! നിന്റെ വാസത്തിന് നിർമ്മലതയുള്ള ആല യങ്ങളും നിന്റെ ബഹുമാനത്തിന് വാസസ്ഥലങ്ങളും നിന്റെ ശുശ്രൂഷയ്ക്ക് ഒരുങ്ങിവന്നവരും നിന്റെ ജീവന്റെ മണവറയിലേക്ക് ക്ഷണിക്കപ്പെട്ടവരും ആയിത്തീരുവാൻ ഞങ്ങളെ യോഗ്യന്മാരാക്കണമെ. നിന്റെ കല്പനകളെ ആചരിപ്പാനും നിന്റെ ഊടുവഴികളിൽക്കൂടി നടപ്പാനുമായി നിന്റെ ജ്ഞാനവും അറിവും ഞങ്ങളിൽ വസിപ്പിക്കണമെ. ഞങ്ങളുടെ വായ് കളും നാവുകളും നിന്റെ മഹത്വത്തിന്റെ കിന്നരങ്ങളായിരിക്കണമെ. ആത്മാവിന്റെ ശോഭയാലും ശരീരത്തിന്റെ വിശുദ്ധിയാലും വെടിപ്പുള്ള സ്തുതികളേയും മഹത്വമുള്ള കാഴ്ചകളേയും നിനക്കു ഞങ്ങൾ അണ യ്ക്കുമാറാകണമെ. ഞങ്ങളുടെ പ്രാർത്ഥനകൾ ആത്മീയ ചിറകുകളാൽ നിന്റെ ദൈവിക മഹത്വത്തിന്റെ ഉന്നതസ്ഥാനത്തിലേക്കു പറന്നു കയറു മാറാകണമെ. സ്വർഗ്ഗീയ മണവാളനായുള്ളോവേ! ആത്മാവിലും ശരീര ത്തിന്റെ സകല വിചാരങ്ങളിലും ഞങ്ങൾ വെടിപ്പുള്ളവരായി ഇവിടെയും വരുവാനിരിക്കുന്ന ലോകത്തിലും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായിക്കും പുതിയ സ്തുതികളെ അടങ്ങാതെ കരേറ്റുമാറാ കണമെ. ആമ്മീൻ.

## വ്യാഴാഴ്ച – സൂത്താറായുടെ അപേക്ഷ

കർത്താവേ! ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ ചുറ്റും നിന്റെ വിശുദ്ധ മാലാഖമാരുടെ സൈന്യങ്ങളെ നിർത്തുകയും സകല ദുഷ്ടതയിൽ നിന്നും സാത്താന്റെയും മ്ലേച്ഛാത്മാക്കളുടെയും വിപരീത മായ അന്ധകാരത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമെ.

എന്തെന്നാൽ നീ ബലവാനും സകലവും സാധിക്കുന്നവനും ആകുന്നു. പിതാവും പുത്രനും വിശുദ്ധ റൂഹായുമായുള്ളോവേ! എല്ലായ്പ്പോഴും സകല സ്തുതിയും സ്തോത്രവും നിനക്കു കടപ്പെട്ടിരിക്കുന്നു. അത് ഇപ്പോഴും, എപ്പോഴും, എല്ലായ്പ്പോഴും, എന്നുമെന്നേക്കും. ആമ്മീൻ.

പരിശുദ്ധ പിതാവേ! നിന്റെ വിശുദ്ധ നാമത്തിൽ ഞങ്ങളെ കാത്തു കൊള്ളേണമെ. രക്ഷിതാവായ പുത്രാ! നിന്റെ ജയമുള്ള സ്ലീബായാൽ ഞങ്ങളെ മറച്ചുകൊള്ളേണമെ. വിശുദ്ധ റൂഹാ! നിന്റെ വിശുദ്ധ വാസത്തിനു ഞങ്ങളെ ആലയമാക്കിത്തീർക്കേണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! എല്ലാ നേരത്തിലും ഞങ്ങളെ കാത്ത് നിന്റെ ദൈവികചിറകുകളിൻ കീഴിൽ മറച്ചുകൊള്ളേണമെ. ആമ്മീൻ.

## വ്യാഴാഴ്ച – രാത്രിയുടെ അപേക്ഷ

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ, നിന്നെ ഞാൻ വന്ദിക്കുന്നു. മനുഷ്യരെ സ്നേഹിക്കുന്നവനെ നിന്റെ കൃപയോടു ഞങ്ങൾ യാചിക്കുന്നു. നിന്റെ കരുണ പോലെ എന്റെ മേൽ അനുഗ്രഹം ചെയ്യണമെ. അറിവോടും അറിവു കൂടാതെയുമുള്ള എന്റെ അതിക്രമങ്ങളെ ക്ഷമിക്കണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ! എല്ലായ്പോഴും ഇടവിടാതെ നിന്നെ ഞാൻ സ്തോത്രം ചെയ്തു വന്ദിക്കേണ്ടതിന് മരണത്തിനു മുമ്പ് സത്യ അനുതാപം എനിക്ക് നീ തരേണമെ, ആമ്മീൻ.

മനുഷ്യരെ സ്നേഹിക്കുന്ന ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ ശുശ്രൂഷയ്ക്ക് ഞങ്ങൾ ഉണർവുള്ളവരും നിന്റെ കല്പനകളെ ആചരിക്കുന്നതിന് ഒരുക്കമുള്ളവരും കാരുണ്യവാനായ നിന്നെ പ്രസാദിപ്പിക്കുന്നവരും ആകുവാനായിട്ട് ഞങ്ങളെ യോഗ്യന്മാരാക്കേണമെ. പിതാവും പുത്രനും വിശുദ്ധ റൂഹായുമേ! ഞങ്ങളുടെ ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും നല്ലതും പരിപൂർണ്ണതയുള്ളതുമായ നിന്റെ തിരുവിഷ്ടം ഞങ്ങളിൽ നിവർത്തിക്കപ്പെടുമാറാകണമെ. അത് ഇപ്പോഴും എപ്പോഴും, എന്നുമെന്നേക്കും. ആമ്മീൻ.

## വ്യാഴാഴ്ച – പ്രഭാതത്തിന്റെ അപേക്ഷ

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! എന്റെ സഹായി നീ ആകുന്നു. ഞാൻ നിന്റെ തൃക്കൈയിലും ആകുന്നു. എനിക്കു പ്രയോജനമുള്ളതു സകലവും നീ അറിയുന്നതിനാൽ എന്നെ സഹായിക്കേണമെ. എന്റെ കർത്താവേ! ഞാൻ തെറ്റിപ്പോകുന്നവനാകയാൽ പാപം ചെയ്‌വാൻ തക്കവണ്ണം എന്നെ നീ കൈവിടരുതേ. ഞാൻ എന്റെ സ്വന്തയി

ഷ്ടത്തെ പിന്തുടരുവാനും എന്റെ പാപങ്ങളിൽ നശിച്ചുപോകുവാനും ആയിട്ട് എന്നെ നീ ഉപേക്ഷിച്ചുകളയരുതേ. നിന്റെ സൃഷ്ടിയിന്മേൽ കരുണ ചെയ്യണമെ. ഞാൻ ബലഹീനനാകയാൽ എന്നെക്കുറിച്ച് നിനക്ക് ഉപേക്ഷ തോന്നരുതേ. നിന്നിൽ ഞാൻ ശരണപ്പെട്ടിരിക്കുന്നതിനാൽ എന്നെ നീ ഉപേക്ഷിക്കരുതേ. നിനക്കു വിരോധമായി ഞാൻ പാപം ചെയ്തിരിക്കകൊണ്ട് എന്റെ ആത്മാവിനെ സൗഖ്യപ്പെടുത്തണമെ. എന്നെ ഞെരുക്കുന്ന എല്ലാവരും നിന്റെ തിരുമുമ്പാകെ ഇരിക്കുന്നു. കർത്താവേ, നിന്റെ അടുക്കലേക്കല്ലാതെ ഓടി ഒളിപ്പാൻ എനിക്കു സ്ഥലമില്ല. കർത്താവേ! നിന്റെ കരുണ നിമിത്തം എന്നെ രക്ഷിക്കണമേ. എനിക്കു വിരോധമായി നിന്ന് എന്റെ ആത്മാവിനെ വഞ്ചിപ്പാൻ ആഗ്രഹിക്കുന്ന എല്ലാവരും നാണിക്കേണമേ. നീ സകലത്തിലും ബലവാൻ ആകുന്നു. ഞാൻ നിന്റെ തൃക്കൈയിലുമാകുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! സ്തുതി എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. അമ്മീൻ.

## വ്യാഴാഴ്ച – മൂന്നാം മണിയുടെ അപേക്ഷ

തന്റെ വിശുദ്ധ റൂഹായാൽ ഞങ്ങളെ ആശ്വസിപ്പിച്ചവനായി, അനുഗ്രഹങ്ങളുള്ളവനും എല്ലാ ആശ്വാസവും നൽകുന്നവനുമായ ദൈവമേ! തീനാവുകളുടെ സാദൃശ്യത്തിൽ വിശുദ്ധ ശ്ലീഹന്മാരുടെമേൽ നിന്റെ പരിശുദ്ധ റൂഹാ ആവസിച്ച ഈ നേരത്തിൽ നിന്റെ തിരുമുമ്പാകെ പ്രാർത്ഥിപ്പാൻ നിൽക്കേണ്ടുന്നതിന് ഞങ്ങളെ യോഗ്യന്മാരാക്കിയതിനാൽ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ! നിന്റെ വിശുദ്ധ റൂഹായുടെ കൃപ ഞങ്ങൾക്ക് നീ പറഞ്ഞയച്ച് അവനാൽ ആത്മാവിന്റെയും ശരീരത്തിന്റെയും സകല മലിനതകളിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കേണമെ. ഞങ്ങൾ ആത്മീയമുറപ്രകാരം നടന്നുകൊണ്ട് ആത്മീയ നടപടിയിങ്കലേക്ക് തിരിയുമാറാകണമെ. ശരീരത്തിന്റെ മോഹങ്ങളെ ഞങ്ങൾ നിവർത്തിക്കാതെ ഞങ്ങളുടെ ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും വിശുദ്ധിയിലും നീതിയിലും നിന്നെ ശുശ്രൂഷിപ്പാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! സ്തുതിയും ബഹുമാനവും നിനക്കു യോഗ്യമാകുന്നു. അത് ഇപ്പോഴും എല്ലായ്പോഴും എന്നുമെന്നേക്കും. ആമ്മീൻ.

## വ്യാഴാഴ്ച – ഉച്ചയുടെ അപേക്ഷ

കർത്താവേ! നിന്റെ അനുഗ്രഹത്താൽ എന്നോടു കരുണ ചെയ്യേണമെ. എന്റെ കർത്താവേ! എന്നെ നീ വിശുദ്ധീകരിച്ച് നിന്റെ മനോഗുണത്താൽ എന്റെ കുറ്റങ്ങൾ നീ ക്ഷമിക്കണമേ. എന്റെ കർത്താവേ! അനു

ഗ്രഹങ്ങൾക്കും പാപമോചനത്തിനും എന്നെ യോഗ്യനാക്കേണമെ. കർത്താവേ! അശുദ്ധിയുള്ള സ്മരണകളേയും നിന്ദ്യമായ വിചാരങ്ങളേയും എന്നിൽ നിന്ന് നീക്കിക്കളയണമെ. കർത്താവേ, സാത്താന്റെ ചതിവുകളിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ കർത്താവേ! ഞാൻ നിനക്കുള്ളവനാകുവാനും നിന്റെ ഇഷ്ടത്തിന് ഞാൻ യോഗ്യനാകുവാനും എനിക്ക് കൃപ തരണമെ. കർത്താവേ, ജീവന്റെ തുറമുഖത്ത് എന്നെ അടുപ്പിക്കേണമേ. കർത്താവേ, അനുതാപമുള്ള ഹൃദയം എനിക്കു തരണമേ. കർത്താവേ! താഴ്മയോടും ക്ഷമയോടും കൂടിയുള്ള വിചാരവും നിനക്കിഷ്ടമുള്ളവയൊക്കെയും എനിക്കു നീ തരണമെ. എന്റെ കർത്താവേ, നിന്റെ അനുഗ്രഹങ്ങളുടെ ബഹുത്വം പോലെ എന്റെ ജീവന്റെ രക്ഷയ്ക്കു നല്ലതായിട്ടുള്ളതൊക്കെയും എനിക്കു നീ തരണമെ. എന്റെ കർത്താവേ! അറിവും ജ്ഞാനവും ക്ഷമയോടുകൂടിയ വിചാരവും എനിക്കു നൽകണമെ. കർത്താവേ! വ്യർത്ഥമായ വിചാരം എന്നിൽ നിന്നു നീക്കിക്കളഞ്ഞ് നിന്നോടുള്ള ഭയവും ഭക്തിയും കരുണയും സ്നേഹവും സഹോദരപ്രീതിയും എന്നിൽ പരിപൂർണ്ണമാക്കണമെ.

ദൈവമേ, മഹാപാപിയായ എന്നോടു കരുണയുണ്ടാകണമേ. മ്ശിഹാ നാഥാ മഹാപാപിയായ എന്നോടു കരുണയുണ്ടാകണമെ. ആമ്മീൻ. (ഈ ഖണ്ഡിക പത്തു പ്രാവശ്യം ചൊല്ലണം).

## വ്യാഴാഴ്ച – ഒമ്പതാം മണിയുടെ അപേക്ഷ

കർത്താവേ! ഞാൻ നിന്റെ ദാസനും നിന്റെ ദാസിയുടെ പുത്രനും ബലഹീനനും അല്പായുസ്സുകാരനും ന്യായത്തിലും വേദപ്രമാണത്തിലും അറിവില്ലാത്തവനും ആകുന്നു. കർത്താവേ! നിന്റെ തിരുവിഷ്ടം പ്രവർത്തിപ്പാനായിട്ട് എന്നെ നീ യോഗ്യനാക്കേണമേ. നിന്റെ സ്തുതികളാൽ എന്റെ വായും നിന്റെ സ്തോത്രത്താൽ എന്റെ നാവും നിറഞ്ഞുകൊണ്ട് നിനക്ക് ഇഷ്ടമുള്ള അവസാനം എനിക്കു നീ തരണമെ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! എന്നോടു നീ കരുണ ചെയ്യണമെ. നിന്നോടുള്ള സത്യഅനുതാപവും നിന്റെ അടുക്കൽ നിന്നുള്ള സത്യതാഴ്മയും എനിക്കു നീ തരണമേ. കർത്താവേ, നിന്നെ നേടുവാനും നിന്നിൽ സ്ഥിരപ്പെടുവാനും എന്നെ നീ പഠിപ്പിക്കേണമെ. ഞാൻ ഒരു മൃഗമാകുന്നു എന്നും യാതൊന്നും അറിയുന്നില്ല എന്നും നീ അറിയുന്നു. ഈ ആയുസ്സിലേക്ക് എന്നെ നീ കൊണ്ടുവന്നു. നിന്റെ അനുഗ്രഹം നിമിത്തം എന്നെ രക്ഷിക്കേണമെ. ഞാൻ ദാസനും ദാസിയുടെ പുത്രനും പുഴുവും ആകുന്നു. കർത്താവേ! നിന്റെ തിരുവിഷ്ടം പ്രവർത്തിപ്പാനായിട്ട് എന്നെ പഠിപ്പിച്ചു ശക്തിപ്പെടുത്തേണമേ. കർത്താവേ! നിന്റെ ആട്ടിൻതൊഴുത്തിലേക്ക് എന്നെ പ്രവേശിപ്പിച്ച്, നിന്റെ ആട്ടിൻകൂട്ടത്തിൽ എന്നെ കലർത്തി നിന്റെ

കുഞ്ഞാടുകളോടു കൂടെ എന്നെ എണ്ണണമെ. കർത്താവേ, മനുഷ്യനെന്ന നിലയിൽ നിന്റെ തിരുമുമ്പാകെ ഞാൻ പാപം ചെയ്തു. നല്ലവനും കരുണയുള്ളവനും ദയയുള്ളവനുമായ ദൈവമെന്ന നിലയിൽ എന്നോടു ക്ഷമിക്കണമേ. ജീവിപ്പാനായിട്ട് എന്നെ നീ സൃഷ്ടിച്ചു. എനിക്ക് യാതൊന്നിനും ശക്തിയില്ല. എന്റെ കർത്താവേ! നിനക്കു സ്തുതി. അത് ഇപ്പോഴും, എല്ലായ്പ്പോഴും, എന്നേക്കും. ആമ്മീൻ.

## വെള്ളിയാഴ്ച – സന്ധ്യയുടെ അപേക്ഷ

മനുഷ്യരെ സ്നേഹിക്കുന്ന ദൈവമായ കർത്താവേ! ശരീരത്തിൽ നിന്ന് വേർപിരിഞ്ഞ് വ്യസനങ്ങളും വേദനകളും ഉള്ളതായ ഈ ലോകത്തിൽ നിന്നും പുറപ്പെടുമ്പോൾ, വായുമണ്ഡലത്തിലെ വ്യർത്ഥന്മാരായ കാവൽക്കാരുടെ നശിപ്പിക്കുന്നതായ കൂട്ടത്തിനു വിരോധമായി യുദ്ധം ചെയ്യുന്ന മാലാഖമാർ ഞങ്ങളെ വഴികാണിക്കുകയും, ഉയിർപ്പിന്റെ ദിവസത്തോളം പ്രകാശങ്ങളുടെ സ്ഥലങ്ങളിലേക്ക് ഞങ്ങളെ കൊണ്ടുപോയി വസിപ്പിക്കുകയും ചെയ്‌വാനായിട്ട് ഞങ്ങളെ യോഗ്യന്മാരാക്കേണമേ. ശരീരത്തെ വീണ്ടും ഞങ്ങൾ പ്രാപിച്ച് ന്യായവിധിക്കായി നിൽക്കുമ്പോൾ നീതിയിൻപ്രകാരം തന്നെ ഞങ്ങൾ ശിക്ഷയ്ക്കു വിധിക്കപ്പെടരുതേ. നിന്നിൽ വിശ്വസിച്ചവർക്കായി നീ ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യത്തിനും ആശ്വാസകരങ്ങളായ അതിലെ ഭവനങ്ങൾക്കും ഞങ്ങളെ യോഗ്യന്മാരാക്കിത്തീർക്കണമെ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റും. അത് ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ആമ്മീൻ.

## വെള്ളിയാഴ്ച – സൂത്താറായുടെ അപേക്ഷ

കർത്താവേ! അന്യായക്കാരുടെ കൈയിൽ നിന്ന് എന്നെ കാത്തുകൊള്ളുകയും, ദുഷ്ടന്മാരുടെ കെണിയിൽ നിന്ന് എന്നെ രക്ഷിക്കുകയും ചെയ്യേണമേ. നിന്നിൽ ഞാൻ ശരണപ്പെട്ടു. നിന്റെ കൃപകളുടെ ബഹുത്വത്തിനായി നോക്കിപ്പാർത്തിരിക്കുന്നവർ ഭാഗ്യവാന്മാർ. എന്റെ ആത്മാവ് രാത്രിയിൽ നിന്റെ അടുക്കലേക്കു അടുത്തു വരുന്നു. നിന്റെ നീതിയിൽ അഭ്യസിക്കാത്ത അന്യായക്കാരെ എന്നിൽ നിന്ന് അകറ്റണമേ. നിന്റെ വചനത്തിന്റെ ശാസന എനിക്കു മതി. കർത്താവേ! നിന്റെ വൈരാഗ്യം ഞാൻ കാണുമാറാകരുതേ. എന്നാലോ നിന്റെ കൈകളുടെ പ്രബലതയിൽ ഞാൻ ഇമ്പപ്പെടുമാറാകണമെ. ദൈവമായ കർത്താവേ! നിന്റെ സമാധാനം എനിക്ക് തരേണമെ. പലരും എനിക്കു വിരോധികളായിരിക്കയാൽ നീ മുഖാന്തിരം അവരിൽ നിന്നു ഞാൻ രക്ഷപ്പെടുമാറാകേണമെ. അവരുടെ കർത്താവും ദൈവവും നീ ആകുന്നുവല്ലോ. അവർക്കു വിരോധമായി നിന്റെ തിരുനാമം ഞാൻ ഓർക്കുമ്പോൾ നിന്റെ കോപ

ത്താൽ അവർ നശിച്ചുപോകയും നിന്റെ ക്രോധത്താൽ അവർ മാഞ്ഞു പോകയും ചെയ്യുമാറാകണമെ. അധികാരികളെ മറിച്ചിട്ട് അവരുടെ സകല ഓർമ്മയും നശിപ്പിച്ചതായ സകല വ്യർത്ഥ അഹങ്കാരത്തെയും എന്റെ വിചാരങ്ങളിൽ നിന്നു നീക്കിക്കളയണമെ. കർത്താവേ! നീ മാത്രം എനിക്ക് ദൈവമായിരിക്കയും ഞാൻ നിന്നെ പുകഴ്ത്തുകയും എന്നുമെന്നേക്കും നിന്റെ തിരുനാമം ഞാൻ സ്തോത്രം ചെയ്യുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

## വെള്ളിയാഴ്ച – രാത്രിയുടെ അപേക്ഷ

ദൈവമായ കർത്താവേ! നിന്റെ ശ്രേഷ്ടതയുടെ മുമ്പാകെയുള്ള ഞങ്ങളുടെ നില്പ് നിന്റെ കർത്തവ്യത്വത്തിന്റെ ബഹുമാനത്തിനും മഹത്വത്തിനും ആയിത്തീരണമെ. രാപകൽ നിന്റെ തിരുനാമത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ദിവ്യകല്പനകളെക്കുറിച്ച് ഞങ്ങൾ ധ്യാനിക്കുകയും ചെയ്യുമാറാകണമെ. പാതിരാത്രിയിൽ ഞങ്ങൾ എഴുന്നേറ്റു ദിവ്യസംഗീതക്കാരനായ ദാവീദിനോടുകൂടെ പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ, ഞങ്ങളുടെ അടുക്കലുള്ള ഉത്തമവും അവർണ്ണനീയവുമായ നിന്റെ ന്യായവിധികളെക്കുറിച്ച് നിനക്ക് ഞങ്ങൾ സ്തോത്രം ചെയ്യുമാറാകണമെ. ആമ്മീൻ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപ ചെയ്ത് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളിച്ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ കടങ്ങളെ വിശുദ്ധീകരിക്കണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ വ്രണങ്ങളെ സൗഖ്യപ്പെടുത്തണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ രോഗത്തെ സുഖപ്പെടുത്തണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ നാശത്തെ അന്വേഷിക്കണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ പീഡയെ മായിച്ചുകളയണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ കുറ്റത്തെ നീ ക്ഷമിക്കണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ നൈരാശ്യത്തിനു നീ പ്രതികാരം ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ അടിമത്വത്തെ നീ സ്വാതന്ത്ര്യപ്പെടുത്തണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ബലഹീനതയ്ക്ക് നീ തുണയ്ക്കണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ബലഹീനതയെ നീ ശക്തിപ്പെടുത്തേണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ അപേക്ഷ കേൾക്കണമെ. ഞങ്ങളുടെ കർത്താവേ!

ഞങ്ങളുടെ പ്രാർത്ഥനകളെ സൂക്ഷിച്ചു കേൾക്കേണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ വിലാപത്തെ നീ ആശ്വസിപ്പിക്കേണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ പാപങ്ങളെ നീ ക്ഷമിക്കേണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ വിചാരങ്ങളെ പ്രകാശിപ്പിക്കേണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ജീവിതത്തെ ഭരിച്ചുകൊള്ളേണമെ. ഞങ്ങളുടെ കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളുടെ അരിഷ്ടതയ്ക്ക് നിന്റെ സഹായത്തിന്റെ കൈ നീ തരേണമെ. അത് നിന്റെ മാതാവിന്റെയും നിന്റെ മാലാഖമാരുടെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

## വെള്ളിയാഴ്ച - പ്രഭാതത്തിന്റെ അപേക്ഷ

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! എന്റെ ആയുസ്സിനെ കാത്തുകൊള്ളുകയും ഞാൻ വീണുപോകാതെയിരിപ്പാനായിട്ട് എന്നെയും എന്റെ വിചാരങ്ങളെയും കാത്തുകൊള്ളുകയും ചെയ്യേണമെ. എന്റെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും നിന്റെ ശക്തിയാൽ എന്നെ ബലപ്പെടുത്തേണമെ. എന്റെ മേൽ വന്നുകൂടുന്ന സകലത്തിലും എന്നെ സഹായിക്കേണമെ. ഞങ്ങളുടെ കർത്താവേ! യുദ്ധങ്ങളെ സഹിപ്പാൻ എനിക്കു ശക്തി തരണമെ. ഞാൻ തകർന്നുപോകാതിരിപ്പാനായിട്ട് എനിക്ക് കൃപ നൽകണമെ. കർത്താവേ, ഞാൻ നിന്റെ തിരുമുമ്പാകെയാകുന്നു. നിന്റെ തിരുവിഷ്ടത്തിന് കടപ്പെട്ടിരിക്കുന്നത് ഇന്നതെന്നു ഞാൻ അറിയാത്തതിനാൽ നിന്റെ തിരുവിഷ്ടത്തിന് എന്നെ യോഗ്യനാക്കേണമെ. നിന്റെ കരുണപോലെ എന്നോടു ചെയ്യേണമെ. എന്റെ ശത്രുക്കളുടെ തിന്മയെ ഞാൻ അറിയാതിരിക്കുകയും നീ സകലവും അറിയുകയും കാണുകയും ചെയ്യുന്നതിനാൽ ഞാൻ നിനക്കുള്ളവനായിത്തീരുന്നതുവരെ അവരോടു നീ യുദ്ധം ചെയ്തുകൊണ്ട് എന്റെ ബലഹീനതയ്ക്ക് സഹായിക്കേണമെ. അനുഗ്രഹം നിനക്കുള്ളതാകുന്നു. നീ എന്നെ രക്ഷിക്കേണമെ. എന്തെന്നാൽ നിന്റെ സഹായം കൂടാതെ അവരുടെ കൈകളിൽ നിന്ന് ഓടിയൊളിപ്പാൻ എനിക്ക് ശക്തിയില്ല. മുള്ളുകളുള്ള ഭൂമിയുടെ അരിഷ്ടതകളിൽ നിന്ന് ഞങ്ങളെ കരേറ്റുവാൻവേണ്ടി തന്റെ കൃപയാൽ സ്ലീബാമേൽ കരേറിയവനായി മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവായ മ്ശിഹാതമ്പുരാനെ! നിന്റെ സ്ലീബായുടെ പ്രകാശം എനിക്ക് ഉദിപ്പിക്കുകയും എന്റെ ആത്മാവിന്റെ അന്ധകാരത്തെ പ്രകാശിപ്പിക്കുകയും ചെയ്യേണമെ.കർത്താവേ! ഞാൻ അവയിൽകൂടി സഞ്ചരിക്കേണ്ടതിന് നിന്റെ വഴി എന്നെ കാണിക്കേണമെ. എന്തെന്നാൽ നീ എന്റെ ദൈവമാകുന്നു. ഞങ്ങളുടെ കർത്താവേ! നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്റെ ആത്മാവ് നിന്റെ പിന്നാലെ പുറപ്പെട്ടിരിക്കുന്നതിനാൽ നിന്റെ വലത്തുകൈ എന്നെ താങ്ങുമാറാകേണമെ. ആമ്മീൻ.

## വെള്ളിയാഴ്ച - മൂന്നാം മണിയുടെ അപേക്ഷ

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായുടെ പിതാവായ സർവ്വശക്തനായ ഞങ്ങളുടെ കർത്താവേ! നശിച്ചിരിക്കുന്ന അരിഷ്ട ദാസനായ ഞാൻ നിന്റെ കൃപയോടു അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. എന്റെ കർത്താവേ! നിന്നിൽ മാത്രം ഞാൻ ശരണപ്പെട്ടിരിക്കയാൽ നിന്റെ തിരുമുമ്പാകെ എന്റെ അപേക്ഷ പ്രവേശിക്കേണമെ. എന്റെ കർത്താവേ! നിന്റെ വിശുദ്ധ റൂഹായുടെ കൃപ എനിക്കു തരേണമെ. അവനാൽ സകല അന്യായത്തിൽ നിന്നും പാപക്കറയിൽ നിന്നും ഞാൻ വെടിപ്പാക്കപ്പെടേണമെ. എന്റെ കർത്താവേ! നിന്റെ പ. റൂഹായ്ക്കും എന്നെ ആലയമാക്കേണമെ. എന്റെ കർത്താവേ! നിന്റെ ശ്രേഷ്ഠതയോട് ഞാൻ അപേക്ഷിക്കുന്നു. എന്റെമേൽ വരുന്ന സകലത്തെയും സ്തോത്രത്തോടുകൂടെ ഞാൻ സഹിക്കേണ്ടുന്നതിന് എനിക്ക് ശക്തിയും പരമാർത്ഥതയും മനസ്സിന്റെ താഴ്മയോടുകൂടിയ ദീർഘക്ഷമയും തരേണമെ. എന്റെ ആത്മാവ് മഹോന്നതമായിരിക്കുന്ന നിന്റെ ദൈവത്വത്തെ മഹത്വപ്പെടുത്തിക്കൊണ്ട് നിന്റെ ഏകപുത്രന്റെ സ്ക്കീപ്പായെ അവന്റെ കഷ്ടാനുഭവങ്ങളോടുകൂടെ വഹിപ്പാനായിട്ട് എന്നെ യോഗ്യനാക്കേണമെ. എന്റെ കർത്താവേ! എന്റെ വിചാരങ്ങളെ നിന്റെ അടുക്കലേക്ക് കൂട്ടിച്ചേർക്കേണമെ. നിന്റെ വിശുദ്ധ റൂഹായുടെ ഇമ്പത്താൽ എന്റെ ആത്മാവിനെ തൃപ്തിയാക്കണമെ. എന്റെ കർത്താവേ! നിന്റെ തിരുവിഷ്ടം എന്നിൽ വസിക്കണമെ. ഭ്രമിക്കത്തക്കതായ ഭയങ്കര ന്യായവിധിയുടെ ദിവസത്തിൽ ഞാൻ നിന്നിൽ നിന്നു കരുണ പ്രാപിക്കേണമെ. എന്തെന്നാൽ നിനക്ക് നിന്റെ ഏകപുത്രനോടും നിന്റെ വിശുദ്ധ റൂഹായോടും കൂടെ സകല സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമാകുന്നു. അത് ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ആമ്മീൻ.

## വെള്ളിയാഴ്ച - ഉച്ചയുടെ അപേക്ഷ

ആറാം ദിവസം ആറാം മണി നേരത്ത് ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടി തിരുമനസ്സാൽ ക്രൂശിക്കപ്പെട്ടവനായ കർത്താവേ! നീ ഞങ്ങളുടെ രക്ഷിതാവാകയാൽ ഞങ്ങളുടെ പാപങ്ങളുടെ ചീട്ട് കീറിക്കളയണമെ. തിരുവിഷ്ടത്താൽ ഞങ്ങൾക്കുവേണ്ടി സ്ലീബായിൽ തൂങ്ങിയവനും സ്ലീബായിൽ പാപത്തെ തറച്ചവനും മരണത്തിൽ അകപ്പെട്ടിരുന്ന ആദാമിനെ ജീവിപ്പിച്ചവനുമായ എന്റെ കർത്താവേ! ജീവിപ്പിക്കുന്ന നിന്റെ കഷ്ടാനുഭവങ്ങളാലും നിന്നിൽ തറയ്ക്കപ്പെട്ട ആണികളാലും ഞങ്ങളിലുള്ള ദുർവികാരങ്ങളെയും ദുഃഖങ്ങളെയും നീ നശിപ്പിക്കേണമെ. നീ കരുണയുള്ള ദൈവമാകകൊണ്ട് അവർണ്യമായ നിന്റെ ന്യായവിധിയുടെ ഓർമ്മയിലേക്കു ഞങ്ങളുടെ ബോധത്തെ നീ തിരിപ്പിക്കേണമെ. എന്റെ

കർത്താവെ! അയോഗ്യന്മാരായ നിന്റെ ദാസന്മാരാകുന്ന ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! നിന്റെ കൃപ നിമിത്തം നിന്നോടു ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ അകൃത്യം ഹേതുവായിട്ട് ആറാംമണി നേരത്ത് കാലുകളും കൈകളും ആണികളാൽ തറയ്ക്കപ്പെട്ട കൃപയുള്ള കർത്താവേ! നിന്നെക്കുറിച്ചുള്ള സ്നേഹത്തിലും ഭയത്തിലും ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും ബോധങ്ങളെയും തറച്ചുകൊള്ളേണമെ. തിരുവിഷ്ടത്താൽ ഞങ്ങൾക്കുവേണ്ടി ആക്ഷേപവും പരിഹാസവും നിന്ദയും ഏറ്റവനായ കർത്താവേ! പാപവിചാരങ്ങളെയും ജഡത്തിന്റെ മോഹങ്ങളെയും ഞങ്ങളിൽ നിന്നു നീക്കിക്കളയണമെ. നിന്റെ കൃപയുടെ വസ്ത്രങ്ങൾകൊണ്ട് പാപത്തിന്റെ ലജ്ജയിൽ നിന്നും ദുഃഖത്തിൽ നിന്നും ഞങ്ങളെ വിടുവിച്ചു രക്ഷിച്ചുകൊള്ളേണമെ. കാവൽക്കാർ തങ്ങളുടെ ഇടയിൽ തന്റെ കുപ്പായങ്ങളെ വിഭജിച്ചു തന്റെ കുപ്പായത്തിനു ചിട്ടിയിട്ടിട്ടുള്ളവനായ എന്റെ കർത്താവേ! തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും നീ കൈക്കൊള്ളുകയും വീണ്ടും പാപത്തിനു തിരിയാതിരിക്കുകയും ചെയ്തവരോടുകൂടെ നല്ല ഓഹരി ഞങ്ങൾക്ക് നീ നല്കണമെ. 'പിതാവേ, തങ്ങൾ ചെയ്യുന്നത് ഇന്നതെന്ന് അവരറിയായ്കകൊണ്ട് അവരോടു ക്ഷമിക്കണമേ' എന്ന് തന്നെ കുരിശിൽ തൂക്കിയവരെക്കുറിച്ച് തന്റെ പിതാവിനോട് അപേക്ഷിച്ച എന്റെ കർത്താവേ! അറിവോടും അറിവു കൂടാതെയും മനസ്സോടും മനസ്സുകൂടാതെയും ഞങ്ങൾ ചെയ്തിട്ടുള്ള സകല പാപവും ഞങ്ങളോടു നീ ക്ഷമിക്കണമെ. ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകല പിഴകളിൽ നിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തണമെ. സ്ക്കീപ്പായാൽ ഭൂമിയിന്മേൽ ഒക്കെയും അന്ധകാരം വരുത്തിയ എന്റെ കർത്താവേ, ശത്രു ഞങ്ങളുടെ നേരെ യുദ്ധം ചെയ്യുമ്പോൾ അവന്റെ കണ്ണുകളെ നീ അന്ധകാരപ്പെടുത്തി അവന്റെ തിന്മയിൽ നിന്ന് ഞങ്ങളെ മറച്ചുകൊള്ളണമെ. നീ സകലത്തിന്റെയും ദൈവവും രാജാവും ആകുന്നു എന്ന് ഏറ്റുപറഞ്ഞ വലത്തുഭാഗത്തെ കള്ളന്റെ ഹൃദയത്തെ പ്രകാശിപ്പിച്ച കർത്താവേ! നിന്റെ കല്പനകളുടെ വഴിയിൽ ഞങ്ങൾ നടപ്പാനും അവസാനശ്വാസം വരെ നിന്റെ കർതൃത്വത്തെ ഏറ്റുപറയാനും ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കണമേ. ഷണ്ഡനെ ശിഷ്യപ്പെടുത്തുവാനായിട്ട് പീലിപ്പോസിന്റെ അടുക്കൽ മാലാഖയെ അയച്ച എന്റെ കർത്താവേ! നിന്റെ ജീവനുള്ള വഴി ഞങ്ങളെ പഠിപ്പിപ്പാനും സാത്താന്റെയും ദുഷ്ടന്മാരുടെയും ദുരുപദേശികളായ മനുഷ്യരുടെയും സകല ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളുവാനുമായിട്ട് സമാധാനത്തിന്റെ മാലാഖയെ ഞങ്ങൾക്കു നീ അയയ്ക്കണമെ. തന്റെ നാമത്തിൽ വിശ്വസിക്കുന്നവർ എല്ലാവരും തങ്ങളുടെ പാപങ്ങളിൽ നിന്നു വെടിപ്പാക്കപ്പെടും എന്ന് പത്രോസ് മാളികയിൽ പ്രാർത്ഥിക്കുന്ന സമയത്ത്

അവനു കാണിച്ചു കൊടുത്ത വസ്ത്രദർശനത്താൽ അവനെ അറിയിച്ച ഞങ്ങളുടെ കർത്താവേ! രഹസ്യവും പരസ്യവുമായുള്ള ഞങ്ങളുടെ പാപങ്ങളിൽ നിന്ന് ഞങ്ങളെ വെടിപ്പാക്കേണമെ. ഊർശ്ലേമിൽ നിന്ന് ദമസ്ക്കോസിലേക്ക് പൗലൂസ് പോകുമ്പോൾ അവനു വെളിപ്പെട്ട് തന്റെ അടുക്കലേക്ക് അവനെ ആകർഷിച്ചു തിരിപ്പിച്ചവനായ കർത്താവേ, നിന്റെ കരുണയാൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ തിരിച്ചുവരുത്തി അവനുണ്ടായതുപോലെ ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിച്ച് വിശ്വാസത്തിലും പ്രവൃത്തിയിലും അവനെ പിന്തുടർന്ന് ജീവനുള്ള നിന്റെ സ്ക്കീപ്പായിൽ പ്രശംസിപ്പാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ. കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകകൊണ്ട് നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ആമ്മീൻ.

## വെള്ളിയാഴ്ച – ഒമ്പതാം മണിയുടെ അപേക്ഷ

ഒമ്പതാംമണി നേരത്ത് ജഡപ്രകാരം ഞങ്ങൾക്കുവേണ്ടി മരണമനുഭവിച്ചവനായ കർത്താവേ, അദൃശ്യങ്ങളായിരിക്കുന്ന വികാരങ്ങളെ ഞങ്ങളിൽ നിന്നു നീക്കി ഞങ്ങളെ രക്ഷിക്കണമെ. സ്കീപ്പായിൽ ഞങ്ങൾക്കുവേണ്ടി മരണത്തിനു തന്നെത്തന്നെ ഏല്പിക്കുകയും വലത്തുഭാഗത്തെ കള്ളന് തന്നോടുകൂടെ പർദൈസായിലേക്ക് വഴി ഒരുക്കുകയും ചെയ്തവനായ എന്റെ കർത്താവേ! നിന്റെ ദാസനിൽ നിന്ന് നീ മടിയായിരിക്കുകയും എന്റെ അരിഷ്ടതയെ നീ നിരസിക്കുകയും അരുതേ. എന്നാലോ എന്റെ ആത്മാവിനെ നീ ശുദ്ധീകരിച്ച് എന്റെ ഹൃദയത്തെ ശോഭിപ്പിക്കണമെ. സകലത്തിലും വിശേഷമായിരിക്കുന്ന നിന്റെ ഭംഗിയെ ഞാൻ കാംക്ഷിച്ചുകൊണ്ട് അടക്കം കൂടാതെ നിന്നെ സ്തുതിപ്പാനായിട്ട് നിന്റെ നന്മകളാൽ ഞാൻ രുചിപ്പിക്കപ്പെടണമെ. നിന്റെ ദിവ്യരഹസ്യങ്ങളുടെ സംബന്ധത്തിന് എന്നെ യോഗ്യനാക്കണമെ. കന്യകയിൽ നിന്നു ജനിക്കുകയും ഞങ്ങൾക്കുവേണ്ടി കഷ്ടത സഹിക്കുകയും ചെയ്ത സ്വർഗ്ഗീയ പിതാവിന്റെ വചനം ആയിരിക്കുന്ന നല്ലവനേ, നിന്റെ മരണത്താൽ മരണത്തെ നീ കൊല്ലുകയും നിന്റെ ഉയിർത്തെഴുന്നേല്പിനാൽ ഉയിർത്തെഴുന്നേൽപ്പിനെ നീ ഉദിപ്പിക്കുകയും ചെയ്തു. ഞങ്ങളുടെ മ്ശിഹാ കർത്താവേ, നിന്റെ കൈകളുടെ സൃഷ്ടിയെ നീ നിരസിക്കരുതേ. എന്റെ കർത്താവേ! ഞങ്ങളുടെ അടുക്കലുള്ള നിന്റെ മനുഷ്യസ്നേഹത്തെ നീ ഓർക്കണമെ. കർത്താവേ! നിന്നെ പ്രസവിച്ച കന്യകയുടെ ഞങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനയെ നീ കൈക്കൊള്ളണമെ. താഴ്മയുള്ള നിന്റെ ജനത്തെ നീ രക്ഷിക്കണമേ. നിന്റെ പരിശുദ്ധ തിരുനാമം നിമിത്തം ഞങ്ങളിൽ നിന്നു നീ ഉദാസീനനായിരിക്കുകയും അവസാനത്തോളം ഞങ്ങളെ

നീ നിരസിക്കുകയും അരുതേ. ഞങ്ങളുടെ അടുക്കലുള്ള നിന്റെ വാഗ്ദാനത്തെ ഞങ്ങളിൽ നിന്ന് നീ മാറ്റിക്കളകയുമരുതെ. നിന്റെ സ്നേഹിതനായ അബ്രഹാമിന്റെയും നിന്റെ ദാസനായ ഇസഹാക്കിന്റെയും നിന്റെ വാത്സല്യഭാജനമായ യാക്കോബിന്റെയും നിമിത്തം ഞങ്ങളിൽ നിന്നു നിന്റെ സഹായത്തെ നീ മാറ്റിക്കളകയുമരുതെ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ അയോഗ്യ ദാസന്മാരായ ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു നിന്റെ സ്നേഹം നിമിത്തം നിന്നോടു ഞങ്ങൾ യാചിച്ചു പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ മേൽ നീ അനുഗ്രഹം ചെയ്യേണമെ.

'എന്റെ ദൈവമേ! എന്റെ ദൈവമേ! എന്നെ നീ കൈവിട്ടത് എന്തിനെന്ന്' ഒമ്പതാംമണി നേരം സ്ളീബാമേൽ വച്ച് അട്ടഹസിച്ച കർത്താവേ, ഞങ്ങളെ നീ കൈവിട്ടു തള്ളിക്കളയുകയും ഞങ്ങളുടെ ശത്രുക്കളുടെ കയ്യിൽ ഞങ്ങളെ നീ ഏല്പിക്കുകയും അരുതേ. നിന്റെ കരുണ നിമിത്തം അവരിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമെ. ഏദനാകുന്ന പറുദീസായിലേക്കുള്ള പ്രവേശനം വലത്തുഭാഗത്തെ കള്ളനുണ്ടായപ്രകാരം ഞങ്ങൾക്കും നീ തരേണമെ. ആദാമിനുവേണ്ടി കാടി കുടിച്ച കർത്താവേ, പാപം മുഖാന്തിരം ഞങ്ങൾ കയ്പായിത്തീർന്നിരിക്കകൊണ്ടു നിന്റെ വിശുദ്ധ റൂഹായുടെ മാധുര്യം ഞങ്ങളെ കുടിപ്പിക്കേണമെ.

"പിതാവേ നിന്റെ തൃക്കയ്യിൽ എന്റെ ആത്മാവിനെ വയ്ക്കുന്നു" എന്ന് സ്ളീബാമേൽ വച്ച് പിതാവിനോടു അട്ടഹസിച്ച കർത്താവേ, നിന്റെ വിശുദ്ധ തൃക്കയ്യിൽ ഞങ്ങളുടെ ആത്മാക്കളെ വയ്ക്കേണമെ. ഞങ്ങളുടെ ശത്രുക്കളുടെ കയ്യിൽ നിന്നു നിന്റെ ചിറകുകളുടെ മറവിൽ ഞങ്ങളെ മറച്ചുകൊള്ളേണമെ. ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടി മരണത്തിനു തന്നെത്തന്നെ ഏല്പിച്ച്, തന്റെ മരണത്താൽ പാപത്തെ കൊന്ന കർത്താവെ! ജഡസംബന്ധമായുള്ള മോഹങ്ങളെയും ഞങ്ങളുടെ അവയവങ്ങളിൽ വസിക്കുന്ന പാപങ്ങളെയും നീ കൊല്ലണമെ. രഹസ്യമായും, പരസ്യമായും ഞങ്ങളുടെ ആത്മാക്കളെ നശിപ്പിക്കുന്ന സകല യുദ്ധങ്ങളിൽ നിന്നും ഞങ്ങളെ നീ വിടുവിക്കേണമെ. സ്ലീബാമേൽ വച്ച് അട്ടഹസിക്കുകയും തന്റെ ശബ്ദത്താൽ സൃഷ്ടികളെ ഭ്രമിപ്പിക്കുകയും ചെയ്ത കർത്താവേ! നിന്റെ ശക്തികൊണ്ട് ദുഷ്ട വൈരികളെ ഭ്രമിപ്പിച്ച് അവരുടെ കയ്യിൽ നിന്ന് നിന്റെ കൃപ നിമിത്തം ഞങ്ങളെ നീ രക്ഷിക്കേണമെ. തന്റെ ശക്തിയാൽ പാറകളെ പിളർക്കുകയും കബറുകളെ തുറന്ന് മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്ത കർത്താവേ, ഞങ്ങളുടെ ആന്തരീയ കണ്ണുകളെ തുറന്ന് നിന്റെ കരുണ നിമിത്തം ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കേണമെ. തന്റെ ശബ്ദത്താൽ ദൈവാലയത്തിന്റെ തിരശ്ശില കീറിയ കർത്താവേ! ഞങ്ങളുടെ കുറ്റങ്ങളുടെ ചീട്ടുകളെ നീ കീറി ഞങ്ങളുടെ അതിക്രമങ്ങളെ മായിക്കേണമെ. 'സത്യമാ

യിട്ട് ഇവൻ ദൈവപുത്രനാകുന്നു' എന്ന് ശതാധിപൻ ഏറ്റുപറഞ്ഞ കർത്താവേ, എല്ലാ നേരത്തിലും നിന്നിൽ ഏറ്റുപറയുവാൻ ഞങ്ങൾക്കു കൃപ തരേണമെ. സകല തിന്മയിൽ നിന്നും വിരുദ്ധതയിൽ നിന്നും നിന്നെക്കുറിച്ചുള്ള ഉപേക്ഷയിൽ നിന്നും ഞങ്ങളെ നീ രക്ഷിച്ചുകൊള്ളണമെ. നിന്റെ പരിശുദ്ധ തിരുനാമത്തിൽ മുടന്തനെ സൗഖ്യമാക്കുന്നതിന് നിന്റെ ശിഷ്യന്മാരായ ശിമവോന്റെയും യൂഹാനോന്റെയും അപേക്ഷയെ കൈക്കൊണ്ട കർത്താവെ, പാപത്താലുള്ള ഞങ്ങളുടെ തളർച്ചയെ നീക്കി മരണത്തളർച്ചയിൽ നിന്നു ഞങ്ങളെ എഴുന്നേല്പിക്കേണമെ. കൊർണേലിയോസിന്റെ അപേക്ഷ കേട്ട് മാലാഖായെ അവന്റെ അടുക്കൽ അയച്ച കർത്താവേ, സമാധാനത്തിന്റെ മാലാഖായെ ഞങ്ങളുടെ അടുക്കൽ നീ അയയ്ക്കണമെ. ഇടവിടാതെ എല്ലായ്പോഴും നിന്റെ ഇഷ്ടം ചെയ്വാൻ ജീവന്റെ വഴി ഞങ്ങൾക്കു നീ കാണിച്ച്, തിന്മപ്പെട്ടവനിൽ നിന്നും അവന്റെ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമെ. കാരുണ്യവാനായ ദൈവം നീ ആകകൊണ്ട് നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും വന്ദനവും എല്ലായ്പോഴും ഞങ്ങൾ കരേറ്റുന്നു. ആമ്മീൻ.

## ശനിയാഴ്ച - സന്ധ്യയുടെ അപേക്ഷ

ദൃഢതയുള്ളവയും സ്വാഭാവികങ്ങളുമായ ന്യായപ്രമാണങ്ങളെയും കല്പനകളെയും മനുഷ്യർക്കു നൽകിയ അത്യുന്നതനും നല്ലവനും സർവ്വവല്ലഭനുമായ എന്റെ കർത്താവേ! പകലിനെയും രാവിനെയും ഭരിക്കേണ്ടതിന് സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നീ ആരംഭത്തിലെ നിയമിച്ചു. നിന്റെ സൃഷ്ടികളിന്മേലുള്ള സകല താല്പര്യങ്ങൾക്കും കൃപകൾക്കും വേണ്ടി ഈ സന്ധ്യാ സമയത്തിൽ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെ തിരുവിഷ്ടത്തിനു പ്രസാദമായിരിക്കുന്നപ്രകാരം പകലിൽ എന്നപോലെ ചൊവ്വായി ഞങ്ങൾ നടക്കേണ്ടുന്നതിന് നിന്റെ ഉപദേശങ്ങളുടെ പ്രകാശത്താൽ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കണെമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. എന്റെ കർത്താവേ, വന്ദ്യവും, പരിശുദ്ധവും, ബഹുമാനമുള്ളതുമായ നിന്റെ തിരുനാമമഹത്വത്തിനായി പാപത്തിന്റെ സകല മലിനതകളുടെ കറയേയും ഞങ്ങളുടെ ആത്മാക്കളിൽ നിന്നും ശരീരങ്ങളിൽ നിന്നും നീ അകറ്റുമാറാകണമെ. ആമ്മീൻ.

## ശനിയാഴ്ച - സൂത്താറായുടെ അപേക്ഷ

കർത്താവേ! നിന്റെ കരുണയിൻ ചിറകുകളുടെ കീഴിൽ എന്നെ മറച്ച് എന്നോട് കരുണ ചെയ്യണമെ. സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാലും നിന്റെ മാതാവിന്റെയും വിശുദ്ധന്മാരുടെയും പ്രാർത്ഥനക

ളാലും നിന്റെ ദാസന്മാരുടെ അപേക്ഷയെ കേൾക്കണമെ. എന്റെ കർത്താവേ! കാണപ്പെടുവാൻ പാടില്ലാത്ത ശത്രുക്കളുടെ ഉണർച്ചയെ നീ അറിയുന്നു. എന്റെ കർത്താവേ! വീണുപോകുന്നതും അരിഷ്ടതയുള്ളതുമായ എന്റെ സ്വഭാവത്തിന്റെ ബലഹീനതകളെയും നീ അറിയുന്നു. ഇതു നിമിത്തം നിന്റെ തൃക്കൈകളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു. നിന്റെ ദിവ്യകൃപയുടെ ചിറകുകളിൻ കീഴെ എന്നെ മറച്ചു കാത്തുകൊള്ളേണമെ. ഇനിയും മരണത്തിനായി ഞാൻ ഉറങ്ങുമാറാകരുതേ. നിന്റെ പ്രകാശത്തിന്റെ ഇമ്പത്താൽ വിചാരത്തിനു കീഴ്പ്പെട്ടിരിക്കുന്ന എന്റെ കണ്ണുകളെ നീ പ്രകാശിപ്പിക്കണമെ. ചൊവ്വുള്ളതും സ്വീകാര്യയോഗ്യവുമായ നിന്റെ മഹത്വത്തിനായി തല്ക്കാല ഉറക്കത്തിൽ നിന്ന് എന്നെ നീ എഴുന്നേല്പിക്കണമെ. നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനുമായുള്ളോവേ! നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതി. അത് ഇപ്പോഴും എല്ലായ്പോഴും എന്നേക്കും. ആമ്മീൻ.

ദൈവമായ കർത്താവേ! ഈ ദിവസത്തിലും എന്റെ ആയുഷ്ക്കാലം മുഴുവനും വചനത്താലോ, പ്രവർത്തിയാലോ, വിചാരത്താലോ, ശേഷം ഇന്ദ്രിയങ്ങളാലോ നിന്റെ തിരുമുമ്പാകെ ഞാൻ ചെയ്തുപോയിട്ടുള്ള സകല പാപത്തേയും നിന്റെ ദാസനായ എന്നോടു ക്ഷമിച്ച് എന്നെ വിശുദ്ധീകരിക്കണമെ. എന്റെ കർത്താവേ! നിരപ്പിന്റെയും സമാധാനത്തിന്റെയും മാലാഖായെ എനിക്കു നീ പറഞ്ഞയച്ച് ദുഷ്ടന്റെയും അവന്റെ സകല സൈന്യങ്ങളുടെയും വഞ്ചനയിൽ നിന്ന് എന്നെ കാത്തുകൊള്ളേണമെ. ദൈവമായ കർത്താവേ! എന്റെ ആത്മാവിനും ശരീരത്തിനും ആശ്വാസമുള്ള ഉറക്കം തരേണമെ. വികാരങ്ങളുടെ പാച്ചിലുകളെ എന്നിൽ നിന്നു നീ മൗനമാക്കണമെ. ശാരീരിക ജ്വാലയെ എന്നിൽ നിന്നു നീ കെടുത്തണമെ. ശത്രുക്കളുടെ ബന്ധനങ്ങളെ എന്നിൽ നിന്നു അഴിക്കണമെ. പ്രകാശമുള്ള ബോധവും വെടിപ്പുള്ള കിടക്കയും എനിക്കു നീ തരേണമെ. നിന്റെയും നിന്റെ പിതാവിന്റെയും നിന്റെ വിശുദ്ധ റൂഹായുടെയും വിശുദ്ധ തിരുനാമമഹത്വത്തിന് എന്നെ നീ ഉണർത്തണമെ. അത് ഇപ്പോഴും എല്ലായ്പോഴും എന്നേക്കും. ആമ്മീൻ.

## ശനിയാഴ്ച – രാത്രിയുടെ അപേക്ഷ

ദൈവമേ, ശരീരത്തിന്റെ ഉറക്കത്തെ ഞങ്ങളിൽ നിന്ന് അകറ്റണമെ. ഞങ്ങൾ ഉണർവ്വോടുകൂടി നിന്റെ പരിശുദ്ധ തിരുനാമത്തെ ഓർത്ത് നിന്റെ നല്ല ന്യായവിധികളെപ്പറ്റി നിനക്കു സ്തോത്രം ചെയ്യേണ്ടുന്നതിന് നിന്റെ കൃപ ഞങ്ങൾക്ക് നൽകണമെ. മനുഷ്യരെ സ്നേഹിക്കുന്നവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നത് എന്തെന്നാൽ, ഞങ്ങളുടെ ഹൃദ

യകൺകളെ പ്രകാശിപ്പിക്കേണമെ. മരണത്തിന്റെ ഉറക്കം ഞങ്ങൾ ഉറങ്ങുമാറാകരുതെ. ദുഷ്ടദർശനങ്ങളിൽ നിന്നു ഞങ്ങളെ വെടിപ്പാക്കണമെ. നിന്റെ കല്പനകളെ ആചരിപ്പാനും രാവും പകലും നിന്റെ ന്യായപ്രമാണങ്ങളിൽ ധ്യാനിപ്പാനും നിന്റെ തിരുവിഷ്ടം നിവർത്തിപ്പാനും ഞങ്ങൾക്കു നീ കൃപ നൽകണമെ. പാപാന്ധകാരത്തിന്റെ പ്രവൃത്തികളിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമെ. സാത്താന്റെ അടിമയിൽ നിന്ന് ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തേണമെ. നിന്റെ പരിശുദ്ധന്മാരോടുകൂടെ ഞങ്ങൾക്ക് പങ്കുണ്ടാക്കുകയും ഞങ്ങൾ പ്രകാശത്തിന്റെയും പകലിന്റെയും മക്കളായി ത്തീരുകയും ചെയ്യേണമെ. എന്റെ കർത്താവേ! ഞങ്ങൾ നിന്നെ സ്തുതിച്ച് എന്നന്നേക്കും നിന്നെ ശുദ്ധീകരിപ്പാൻ തക്കവണ്ണം സകല സുകൃതംകൊണ്ടും വിശുദ്ധികൊണ്ടും ഞങ്ങളുടെ ആത്മാക്കളെ നീ അലങ്കരിപ്പിക്കേണമെ. ആമ്മീൻ.

## ശനിയാഴ്ച – പ്രഭാതത്തിന്റെ അപേക്ഷ

പ്രകാശത്തിന്റെ ജനകനും ജീവന്റെ തലവനും അറിവിനെ കൊടുക്കുന്നവനും കൃപയുടെ നൽവരവും ആത്മാക്കളുടെ സ്രഷ്ടാവും പരിശുദ്ധറൂഹായെ നൽകുന്നവനും ജ്ഞാനത്തിന്റെ ശ്രീഭണ്ഡാരവും നന്മ ചെയ്യുന്നവനും ശുദ്ധതയുടെ മല്പാനും തന്റെ തിരുവിഷ്ടത്താൽ ലോകത്തെ വഹിച്ചിരിക്കുന്നവനും വെടിപ്പുള്ള പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും പിതാവിന്റെ ആദ്യജാതനായ ഏകപുത്രനും വചനവും, സഹായത്തിനായി വിളിക്കുന്ന ഞങ്ങൾക്ക് സകല കൃപയും തരുന്നവനും, പൂർണ്ണഹൃദയത്തോടെ തന്നിൽ ശരണപ്പെട്ടിരിക്കുന്നവർക്കു മാലാഖമാർ കൂടെയും സൂക്ഷിച്ചുനോക്കുവാൻ ആഗ്രഹിക്കുന്ന നൽവരത്തെ നൽകിയവനും, പിതാവിന്റെ പുത്രനും വചനവും, വിചാരവും ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി വന്ന് കഷ്ടമനുഭവിച്ചു മരിച്ച്, കബറടക്കപ്പെട്ട് ഉയിർത്തെഴുന്നേൽക്കുകയും തന്നെ അയച്ചവനാൽ വീണ്ടും മഹത്വപ്പെടുത്തപ്പെടുകയും ചെയ്തവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനെ! നീ ഞങ്ങളുടെ ദൈവവും കർത്താവുമാകയാൽ ഞങ്ങളുടെ നേരെ തിരിഞ്ഞ് ഞങ്ങൾക്ക് സഹായിക്കണമെ. കർത്താവേ, റൂഹായുടെ ശക്തിയാൽ സ്ഥിരതയുള്ള വിശ്വാസത്തിൽ ഞങ്ങളുടെ വിചാരങ്ങളെ നീ ചൊവ്വാക്കണമെ. ഞങ്ങളിൽ നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തണമെ. എന്തെന്നാൽ ഞങ്ങളുടെ ശരണം എന്നുമെന്നേക്കും നിന്നിലും നിന്റെ പിതാവിലും നിന്റെ പരിശുദ്ധ റൂഹായിലും ആകുന്നു. ആമ്മീൻ.

## ശനിയാഴ്ച – മൂന്നാം മണിയുടെ അപേക്ഷ

ആത്മാക്കളുടെയും ശരീരങ്ങളുടെയും വൈദ്യനും ആദാമ്മിനെയും

അവന്റെ സന്തതികളെയും പാതാളത്തിന്റെ ആഴത്തിൽ നിന്നു കോരിയെടുത്തവനും മഹത്വമുള്ള തന്റെ ഉയിർപ്പിനാലും ജീവിപ്പിക്കുന്ന തന്റെ സ്ക്കീപ്പായുടെ ശക്തിയാലും മരിച്ചവരുടെ ഉയിർപ്പിനെ ഉറപ്പു വരുത്തിയവനും ആയ സർവ്വശക്തിയുള്ള ദൈവമായ കർത്താവും ലോകത്തിന്റെ പാപങ്ങളെ വഹിക്കുന്നവനുമേ! നിന്റെ ദാസന്മാരുടെ അപേക്ഷ കൈക്കൊണ്ട് കടങ്ങളുടെയും പാപങ്ങളുടേയും വിമോചനം ഞങ്ങൾക്ക് തരണമെ. എന്തെന്നാൽ നീ കരുണയുള്ളവനും ദയയുള്ളവനും ദീർഘക്ഷമയുള്ളവനും അനുഗ്രഹങ്ങൾ വളരെയുള്ളവനും പ്രവൃത്തികളിൽ നീതിമാനും ആയ ദൈവമാകുന്നു. എന്റെ കർത്താവേ! വചനത്തിലോ പ്രവർത്തിയിലോ സ്മരണയിലോ വിചാരത്തിലോ രഹസ്യമായും പരസ്യമായും ഞങ്ങൾ പാപം ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളോടു ക്ഷമിക്കണമെ. സകല അന്യായത്തിൽ നിന്നും സകല വഞ്ചനയിൽ നിന്നും സകല ദൂഷണത്തിൽ നിന്നും വ്യാജമായ ആണകളിൽ നിന്നും സകല അശുദ്ധ വ്യാപാരങ്ങളിൽ നിന്നും നിന്നെ കോപിപ്പിക്കുന്ന എല്ലാ വികാരങ്ങളിൽ നിന്നും ഞങ്ങളെ സ്വതന്ത്രമാക്കേണമെ. കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ. അവസാനത്തോളം ദുഷ്പ്രവർത്തികളിൽ നിന്നും ഞങ്ങൾ അകന്നിരിക്കേണ്ടതിന് ചൊവ്വുള്ള ബോധവും ജ്ഞാനവും ഞങ്ങൾക്ക് തരേണമെ. നിന്റെ പരിശുദ്ധന്മാരോടുകൂടെ ജീവന്റെ പുസ്തകത്തിൽ ഞങ്ങളുടെ നാമങ്ങൾ എഴുതപ്പെടണമെ. ഈ ലോകത്തിൽ നേർവഴിയിൽ ഞങ്ങൾ നടക്കേണ്ടുന്നതിന് ഞങ്ങൾക്ക് സംഗതിയാക്കേണമെ. ഞങ്ങളുടെ കൈകളുടെ വേലയെ വാഴ്ത്തണമെ. അരിഷ്ടത കൂടാതെയും ഞെരുക്കം കൂടാതെയും കാലം കഴിക്കേണ്ടുന്നതിനും അടക്കത്തിലും നിരപ്പിലും നിന്നെ പ്രസാദിപ്പിക്കേണ്ടുന്നതിനും ആയി ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്ക് തരണമെ. നിന്റെ പിതാവിനോടും വിശുദ്ധ റൂഹായോടും കൂടെ സ്തുതിയും ബഹുമാനവും വന്ദനവും നിനക്കു ഞങ്ങൾ കരേറ്റുന്നു. അത് ഇപ്പോഴും എല്ലായ്പ്പോഴും എന്നുമെന്നേക്കും. ആമ്മീൻ.

## ശനിയാഴ്ച - ഉച്ചയുടെ അപേക്ഷ

എന്റെ കർത്താവേ! നിന്റെ കൃപയിലും കരുണയിലും അല്ലാതെ എനിക്ക് ശരണവും ആശ്രയവും ഇല്ലായ്കകൊണ്ട് നിന്റെ ധാരാളമായ ദൈവികാനുഗ്രഹങ്ങളാൽ എന്നോടു കരുണ ചെയ്ത് എന്നെ രക്ഷിക്കണമെന്ന് നിന്നോടു ഞാൻ അപേക്ഷിക്കുന്നു. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ ദൈവത്വത്തോടു, സങ്കടത്തോടും, കണ്ണുനീരോടും ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ കർത്താവേ! എന്റെ ജീവിതകാലമെല്ലാം, അവർണ്ണനീയമായി ആദിയും അന്തവുമില്ലാത്ത നിന്റെ കരുണയാൽ

ബലഹീനനായ എന്നെ നീ സഹായിക്കേണമെ. അരിഷ്ടതയുള്ള എന്റെ ആത്മാവിനെ അശുദ്ധ പിശാചുക്കൾ മൂലമുള്ള നാശത്തിൽ നിന്നു നീ വീണ്ടുകൊള്ളേണമെ. എന്റെ കർത്താവേ! എന്റെ സകല കുറ്റങ്ങളെയും നിന്റെ തിരുമുമ്പാകെയുള്ള എന്റെ പാപങ്ങളെയും അകൃത്യങ്ങളെയും നിന്റെ തിരുമുമ്പിൽ നിന്നു തള്ളിക്കളയണമെ. ദീർഘക്ഷമയുള്ളവനും കൃപയും വിശുദ്ധിയും വളരെയുള്ളവനും ആയിരിക്കുന്ന ദൈവമായ കർത്താവേ, നിന്നോടു ഞാൻ അപേക്ഷിക്കുന്നു. ഈ നേരത്തിൽ ബല ഹീനനായ എന്നിലേക്കു നീ തിരിയണമെ. അശുദ്ധ പിശാചുക്കൾ കണ്ട് ലജ്ജിക്കേണ്ടുന്നതിന് നിന്റെ കൃപയാൽ നിന്റെ അനുഗ്രഹങ്ങളുടെ നല്ല അടയാളം എന്നിൽ വയ്ക്കണമെ. എന്റെ കർത്താവേ, നിന്റെ ദയവാൽ എന്റെ ബലഹീനതയ്ക്കു സഹായം നല്കി അശ്വസിപ്പിക്കണമെ. നിനക്കു സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു, ആമ്മീൻ.

കരുണയുള്ളവനും ദയവാനും ശാന്തതയുള്ളവനും ദീർഘക്ഷമയു ള്ളവനും തന്റെ തിരുമുമ്പാകെ ഞാൻ ചെയ്തുപോയിട്ടുള്ള പാപങ്ങളിൽ നിന്നും ഞാൻ വീണ്ടുകൊള്ളപ്പെട്ടവനായി എനിക്കു ബോധം സൗജന്യ മായി തന്നവനും രഹസ്യകാര്യങ്ങളെ അറിയുന്നവനുമായ മിശിഹാതമ്പു രാനെ! ഇപ്പോൾ നിന്റെ കരുണയോടു ഞാൻ എന്റെ പാപങ്ങൾക്കും അകൃത്യങ്ങൾക്കും സ്വസ്ഥത യാചിക്കുന്നു. നിന്റെ ശരണത്തിൽ നിദ്ര പ്രാപിച്ച വിശ്വാസികളായ മരിച്ചവരെ നിന്റെ തിരുവിഷ്ടം പ്രവർത്തിച്ചി ട്ടുള്ള ശുദ്ധിമാന്മാരുടെ ഭവനങ്ങളിൽ ആശ്വസിപ്പിക്കണമെ. ഞങ്ങൾ ഒരു മിച്ച് നിനക്കും നിന്റെ പിതാവിനും നിന്റെ പ. റൂഹായ്ക്കും സ്തോത്രം കരേറ്റും. അത് ഇപ്പോഴും എല്ലായ്പോഴും എന്നുമെന്നേക്കും. ആമ്മീൻ.

## ശനിയാഴ്ച - ഒമ്പതാം മണിയുടെ അപേക്ഷ

സർവ്വശക്തനും ബലവാനും സകലത്തെയും ഭരിക്കുന്നവനും, പരി ശുദ്ധനും മഹത്വമുള്ളവനും മേലുള്ള ഉയരങ്ങളിൽ വസിക്കുന്നവനും മഹി മയേറിയ പ്രകാശത്തിൽ പാർക്കുന്ന രാജാധിരാജാവും കർത്താധികർ ത്താവും ആയിരിക്കുന്ന കർത്താവേ! നിന്നോടു ഞാൻ അപേക്ഷിക്കയും നിന്റെ ദയയിൻ സ്നേഹത്തോടു പ്രാർത്ഥിക്കയും ചെയ്യുന്നത് എന്തെ ന്നാൽ, തിന്മപ്പെട്ട വിചാരങ്ങളെയും അശുദ്ധ പിശാചുകളെയും എന്നിൽ നിന്ന് നീ തള്ളിക്കളയണമെ. ഞാൻ പ്രവർത്തിച്ചിട്ടുള്ള സകല പാപങ്ങ ളിൽ നിന്നും തിന്മപ്പെട്ടവയും ദോഷമുള്ളവയും ആയ സകല വികാരങ്ങ ളിൽ നിന്നും എന്നെ സ്വാതന്ത്ര്യപ്പെടുത്തണമെ.

അത്യുന്നതനും ബലവാനും പരാക്രമിയും ആയ അമ്മാനുവേൽ ദൈവമേ! എന്റെ ശരീരവും ആത്മാവും അവയവങ്ങളും ഇന്ദ്രിയങ്ങളും

നിന്റെ തിരുനാമത്താൽ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും കാക്കപ്പെടണമെ. ആമ്മീൻ.

## സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

ദൈവപുത്രാ! വിശുദ്ധ സഭയ്ക്കു നിരപ്പു കൊടുക്കുകയും അതിൽ നിന്നു ദുഷ്ട ഭിന്നതകളെയും പിരിച്ചിലുകളെയും ഇല്ലാതാക്കുകയും ചെയ്യണമെ. തർക്കങ്ങൾ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അതിന്റെ വാതിലുകളെ നിന്റെ സ്ലീബായാൽ മുദ്ര വയ്ക്കണമെ. തർക്കക്കാരുടെ കലഹിപ്പിക്കുന്ന തർക്കം അതിൽ പ്രവേശിക്കയും അരുതേ.

മ്ശിഹാരാജാവേ! വിശുദ്ധ സഭ നിന്നാൽ ഉയർത്തപ്പെടുകയും അതിലെ തലവന്മാരും ശുശ്രൂഷകന്മാരും നിരപ്പാക്കപ്പെടുകയും ചെയ്യണമെ.

കർത്താവേ! വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കയും അതിന്റെ കൂട്ടം ആർപ്പു വിളിക്കയും, അതിന്റെ മക്കൾ സന്തോഷിക്കയും, അതിന്റെ തല ഉയർത്തപ്പെടുകയും, അതിന്റെ മഹത്വം വർദ്ധിക്കയും, അതിന്റെ കിരീടത്തിന് ഉന്നതി ലഭിക്കയും, അതിന്റെ മടി നിറയുകയും, അതിന്റെ മക്കൾ വർദ്ധിക്കയും, അതിന്റെ ശത്രുക്കൾ വീണുപോകയും ചെയ്യണമെ. അതിന്റെ ശത്രുക്കൾ ലജ്ജിക്കയും, അതിന്റെ മക്കളിൽ അത് സന്തോഷിക്കയും, അതിന്റെ കൂട്ടങ്ങളിൽ അത് ആനന്ദിക്കയും, അതിന്റെ ഭരണക്കാരിൽ അത് ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അതിനെ പുതുതാക്കുന്നവർ മഹത്വത്തിന്റെ ശബ്ദങ്ങളാൽ അതിൽ സ്തുതിപാടുമാറാകണമെ.

ഞങ്ങളുടെ കർത്താവെ! നാനാഭാഗങ്ങളിലുള്ള നിന്റെ സഭയെ നീ നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം അതിനെ ശുശ്രൂഷിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമെ. സത്യപ്രകാശം അതിൽ ശോഭയോടെ പ്രകാശിക്കണമെ. അതു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാനായിട്ടു സന്തോഷങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും അതിനു നീ കൊടുക്കണമെ, ആമ്മീൻ.

## പട്ടക്കാർക്കു വേണ്ടിയുള്ള പ്രാർത്ഥന

കർത്താവേ! സത്യത്തിന്റെ വചനത്തെ ഞങ്ങളോട് ഉപദേശിക്കുന്ന ഞങ്ങളുടെ മേല്പട്ടക്കാരെ നീ ഓർത്തുകൊള്ളണമെ. പ്രത്യേകമായി ഞങ്ങളുടെ പാത്രിയർക്കീസന്മാരായ ആബൂൻ മാർ ഇഗ്നാത്യോസിനെയും, ആബൂൻ മാർ ബസ്സേലിയോസിനെയും, ആബൂൻ മാർ ഗ്രിഗോ

റിയോസിനെയും ഞങ്ങളുടെ മേല്പട്ടക്കാരൻ മാർ (ഇന്നാരെയും) സത്യ വിശ്വാസികളായ ശേഷമുള്ള സകല എപ്പിസ്കോപ്പന്മാരെയും നീ ഓർത്തു കൊള്ളണമെ. സകല നീതിയോടും ശുദ്ധതയോടും നിന്റെ ജനത്തെ ശുശ്രൂഷിപ്പാനായിട്ട് അവർക്കു നീ ദീർഘായുസ്സു കൊടുക്കണമെ. അരിഷ്ടതയുള്ള സകല തർക്കങ്ങളെയും വിരുദ്ധതകളെയും അവരിൽനിന്നു നീ ഇല്ലായ്മ ചെയ്യണമെ, ആമ്മീൻ.

കർത്താവേ! ഞങ്ങളുടെ ഇടവകയിലെ ബഹുമാനപ്പെട്ട പട്ടക്കാരെയും ശെമ്മാശ്ശന്മാരെയും എല്ലാ സ്ഥലത്തുമുള്ള ബഹുമാനപ്പെട്ട പട്ടക്കാരെയും മ്ശിഹായിൽ ഉള്ള ശെമ്മാശന്മാരെയും ആചാര്യസംബന്ധമായ സകല കൂട്ടത്തെയും ഈഹീദായക്കാരെയും സത്യവിശ്വാസികളായ മല്പാന്മാരെയും നീ ഓർത്ത് അവരെ അടക്കത്തിലും വെടിപ്പിലും സകല ദൈവാശ്രയത്തിലും നീ വസിപ്പിക്കണമെ. സത്യത്തിന്റെ വചനത്തെ നിന്റെ തിരുവിഷ്ടംപോലെ ഉപദേശിപ്പാൻ അവർക്കു നീ വായും നാവും ആയിരിക്കണമെ. നിന്റെ വചനപ്രകാരം നിന്റെ പുൽമാലിയിൽ നിന്റെ ആടുകളെ മേയിക്കുമാറാകണമെ. ബഹുമാനമുള്ളതും നിന്റെ തിരുനാമമഹത്വത്തിനു കൊള്ളാവുന്നതും ആയ ദീർഘായുസ്സ് അവർക്കു നീ കൊടുക്കണമെ, ആമ്മീൻ.

## ഭരണാധിപന്മാർക്കു വേണ്ടിയുള്ള പ്രാർത്ഥന

കർത്താവേ! ഞങ്ങളുടെ ഭരണാധിപന്മാരെ നീ ഓർക്കണമെ. ഞങ്ങൾ സകല ദൈവാശ്രയത്തോടുംകൂടെ ആശ്വാസത്തിലും, അടക്കത്തിലും ജീവിപ്പാനായിട്ട് അവരുടെ സകല ശത്രുക്കളെയും, അവരോടു യുദ്ധം ചെയ്യുന്ന എല്ലാവരെയും അവർക്കു നീ കീഴ്പ്പെടുത്തണമെ. നിന്റെ സത്യതൊഴുത്തിന് അവർ സഹായിച്ചു നിന്നെ പിൻതുടരുമാറാകണമെ. അവർ ദയയോടെ ഞങ്ങളെ ഭരിക്കണമെ. അവരെയും അവരുടെ കുടുംബങ്ങളെയും നീ വാഴ്ത്തി സമാധാനമുള്ളതും ബഹുമാനമുള്ളതും നിന്റെ തിരുനാമമഹത്വത്തിന് ഉതകുന്നതുമായ ദീർഘായുസ്സിനെ അവർക്കു കൊടുത്തു സകല ശക്തിയേക്കാളും മേലായിരിക്കുന്ന നിന്റെ ശക്തിയാൽ നീ അവരെ കാത്തുകൊള്ളണമെ, ആമ്മീൻ.

## ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന

കർത്താവേ! നിന്റെ കൃപയാൽ ഭക്ഷിപ്പാനും പാനം ചെയ്വാനും നീ ഞങ്ങൾക്കു തന്നിട്ടുള്ള ആഹാരത്തേയും, നിന്റെ കരുണയേയും ഞങ്ങൾ ഓർത്തു നിന്നെ സ്തുതിക്കയും വന്ദിക്കയും ചെയ്വാൻ ഞങ്ങളെ നീ യോഗ്യന്മാരാക്കണമെ, ആമ്മീൻ.

## ഭക്ഷണത്തിനു പിമ്പുള്ള പ്രാർത്ഥന

ദൈവമേ! നിന്റെ കൃപയും വാഴ്വും നിമിത്തം നിനക്കു സ്തുതി. ഞങ്ങളെ തീറ്റി തൃപ്തിപ്പെടുത്തിയതിനാൽ നിനക്കു സ്തുതി. നിനക്കുള്ളതിൽ നിന്നു ഞങ്ങൾ ഭക്ഷിച്ചു പാനം ചെയ്തു ജീവിക്കയാൽ നിന്റെ കരുണ നിമിത്തം നിനക്കു സ്തുതി. നിന്നെ സ്തുതിപ്പാനും നിന്റെ ഇഷ്ടം ചെയ്വാനും ഞങ്ങളെ നീ യോഗ്യന്മാരാക്കണമെ, ആമ്മീൻ.

## വഴിയാത്ര പോകുന്നവർക്കു വേണ്ടിയുള്ള പ്രാർത്ഥന

തന്റെ പരിശുദ്ധ ശ്ലീഹന്മാരെ വഴിനടത്തി ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കുമെന്ന് അവരോട് അരുളിചെയ്ത ദൈവമായ കർത്താവേ! ഈ നിന്റെ ദാസന്മാർ പോകുന്ന സ്ഥലത്തേക്ക് അവരെ നീ വഴി നടത്തേണമെ. ഞങ്ങൾ ഒരുമിച്ച് ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായേയും മഹത്വപ്പെടുത്തേണ്ടതിനു സമാധാനത്തോടെ ഇവരെ തിരിച്ചു കൊണ്ടുവരികയും ഇവരുടെ കാഴ്ചയാൽ ഞങ്ങളെ സന്തോഷിപ്പിക്കയും ചെയ്യണമേ, ആമ്മീൻ.

## രോഗിയുടെ പ്രാർത്ഥന

ദൈവത്തിന്റെ ഏകജാതനേ! എന്റെ കടങ്ങളും അകൃത്യങ്ങളും ഏറ്റവും വർദ്ധിച്ചിരിക്കയാൽ നിന്റെ ദയയിൻ സമുദ്രത്തിലേക്കു ഞാൻ സൂക്ഷിക്കുന്നു. വെടിപ്പുള്ള നിന്റെ സോപ്പാ എന്റെമേൽ നീ തളിക്കയും എന്റെ കണ്ണുനീരുകളാൽ എന്നെ നീ വെൺമയാക്കുകയും ചെയ്യണമേ. എന്റെ കർത്താവേ! നിന്റെ പിതാവിന്റെ സ്നേഹത്താൽ നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എന്റെ വിരോധികൾ എന്നിൽ ആനന്ദിക്കരുതെ. അന്യായത്തിൽ നിന്നു തിരിയുന്ന ഒരു പാപിയെപ്പറ്റി മാലാഖമാർ സന്തോഷിക്കുകയും അനുതാപികൾക്കു രാത്രിയിലും പകലിലും തന്റെ വാതിലിനെ തുറന്നു കൊടുക്കുന്ന കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് അവർ പറയുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

ഞങ്ങളുടെ കർത്താവേ! ഞാൻ വളരെ പാപം ചെയ്തു നിന്നെ കോപിപ്പിക്കയും ആരിൽ ഞാൻ സങ്കേതപ്പെടേണ്ടൂ എന്ന് അറിയാതിരിക്കയും ചെയ്യുന്നതിനാൽ എന്റെ ബലഹീനതയിലേക്കു സൂക്ഷിച്ചു നോക്കണമെ. വൈദ്യന്മാരുടെ അടുക്കൽ ഞാൻ പോയി, അവരുടെ മരുന്ന് എനിക്കു യാതൊരു പ്രയോജനവും ചെയ്തില്ല. രോഗം കഠിനമായിരിക്കുന്നു.

സൗഖ്യമാക്കുന്നവൻ ഇല്ലാതെയുമിരിക്കുന്നു. ഉത്തമനായ വൈദ്യനേ! നിനക്കു വളരെ മരുന്നുകൾ ഉണ്ടെന്നും നിന്റെ അടുക്കൽ വരുന്നവൻ സഹായങ്ങൾ പ്രാപിക്കുന്നു എന്നും ഞാൻ കേട്ടിരിക്കുന്നു. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും നിന്നെ പ്രസവിച്ച മാതാവിന്റെ അപേക്ഷയാലും എന്റെ കടങ്ങളെ നീ ക്ഷമിക്കണമെ, ആമ്മീൻ.

എന്റെ കർത്താവേ! എന്റെ പാപങ്ങളിൽ ഞാൻ മരിക്കരുതേ. നിനക്ക് ഏറ്റം പ്രീതികരമായ കണ്ണുനീരുകളെ നിനക്കു ഞാൻ കാഴ്ചയണയ്ക്കുന്നു. കാളകളെയോ, കുഞ്ഞാടുകളെയോ, മുട്ടാടുകളെയോ പ്രാവിൻ കുഞ്ഞുങ്ങളെയോ നിനക്കു ഞാൻ കാഴ്ചയണയ്ക്കുന്നില്ല. ശെമഓന്റെ ഭവനത്തിൽ വന്ന പാപിയായ സ്ത്രീയെപ്പോലെ എന്റെ രണ്ടു കണ്ണുകളിൽ നിന്നും ഉള്ള കണ്ണുനീരുകളെ നിനക്കു ഞാൻ കാഴ്ചയണയ്ക്കുന്നു. അവയെ കൈക്കൊണ്ട് എന്നെ അനുഗ്രഹിക്കണമെ. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും നിന്നെ പ്രസവിച്ച മറിയാമിന്റെ അപേക്ഷയാലും എന്റെ കടങ്ങളെ നീ ക്ഷമിക്കണമെ, ആമ്മീൻ.

## രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥന

തന്നോട് അപേക്ഷിക്കുന്നവരെ വൃഥാ സൗഖ്യപ്പെടുത്തുന്ന മഹാ വൈദ്യനേ! നിന്റെ കൃപയുടെ അനുഗ്രഹങ്ങളിൽ സങ്കേതപ്പെടുന്ന ഈ നിന്റെ ദാസനെ നീ സൗഖ്യപ്പെടുത്തേണമെ. ഇവന്റെ അവയവങ്ങളെ നീ ബലപ്പെടുത്തി രോഗങ്ങളെ അകറ്റിക്കളയണമേ. ഇവന്റെ അകൃത്യങ്ങളെ മായിച്ചു രോഗക്കിടക്കയിൽ നിന്ന് ഇവനെ എഴുന്നേല്പിക്കേണമെ. കഠിനമായ സകല ഉപദ്രവങ്ങളിൽ നിന്നും ശിക്ഷകളിൽ നിന്നും ഇവനെ നീ സൗഖ്യമാക്കേണമെ. ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! ഇവന്റെ നേരെയുള്ള നിന്റെ സകല കൃപകൾക്കും വേണ്ടി ഇവൻ നിന്നെ സ്തോത്രം ചെയ്‌വാനായിട്ടു നിന്റെ കൃപയുടെ അനുഗ്രഹങ്ങളാൽ ഇവന്റെ പാപങ്ങളെയും അകൃത്യങ്ങളെയും നീ പരിഹരിച്ച് ഇല്ലായ്മ ചെയ്യണമേ, ആമ്മീൻ.

തന്റെ വചനത്താൽ തന്റെ ശക്തിയെ അറിയിക്കുകയും തന്റെ പ്രവർത്തിയാൽ തന്റെ വ്യാപാരങ്ങളെ കാണിക്കുകയും സഹായങ്ങളും മരുന്നുകളും ചുമന്നുകൊണ്ടു ഞങ്ങളുടെ രോഗങ്ങളുടെ അടുക്കലേക്കു എഴുന്നെള്ളുകയും ചെയ്ത ഉത്തമവൈദ്യനായിരിക്കുന്ന സർവ്വശക്തിയുള്ള ദൈവമായ കർത്താവേ! നിന്റെ കൃപയുടെ അനുഗ്രഹങ്ങളിൽ സങ്കേതപ്പെടുന്ന ഈ നിന്റെ ദാസനെ നീ സൗഖ്യമാക്കണമേ, ഇവന്റെ അവയവങ്ങളെ നീ ബലപ്പെടുത്തി, രോഗങ്ങളെ അകറ്റിക്കളയണമേ. ഇവന്റെ കടങ്ങളേയും പാപങ്ങളെയും നീ പരിഹരിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഇവന്റെ നേരെയുള്ള നിന്റെ സഹായങ്ങൾക്കു

വേണ്ടി നിന്നെ സ്തോത്രം ചെയ്‌വാനായിട്ട് രോഗക്കിടക്കയിൽ നിന്നു നിന്റെ ശക്തിയാൽ ഇവനെ നീ എഴുന്നേല്പ്പിക്കണമേ, ആമ്മീൻ.

## മൌദ്യോനൂസൊ

(കുമ്പസാരിപ്പാൻ മുട്ടുകുത്തുന്ന ആൾ ചൊല്ലേണ്ടത്)

പിതാവും പുത്രനും വിശുദ്ധാത്മാവും ആയ സത്യമുള്ള ഏക ദൈവത്തിന്റെ തിരുനാമത്തിൽ എന്റെ പാപങ്ങളെ ഞാൻ ഏറ്റുപറയുന്നു. സകലത്തിന്റെയും ഉടയവനായ പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെയും തന്റെ ഏകപുത്രന്റെ തിരുമുമ്പാകെയും ജീവനുള്ളവനും, പരിശുദ്ധനും ആയ റൂഹായുടെ തിരുമുമ്പാകെയും ദൈവമാതാവായ മറിയാമ്മിന്റെ കന്യാവ്രതത്തിന്റെ മുമ്പാകെയും മാലാഖമാരുടെയും മാലാഖമാരുടെ തലവന്മാരായ ഗബ്രിയേലിന്റെയും മീഖായേലിന്റെയും മുമ്പാകെയും ഇരുപത്തിനാലു ദീർഘദർശിമാരുടെ മുമ്പാകെയും എഴുപത്തിരണ്ട് അറിയിപ്പുകാരുടെ മുമ്പാകെയും പന്ത്രണ്ടു വിശുദ്ധ ശ്ലീഹന്മാരുടെയും മുമ്പാകെയും മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാല് ഏവൻഗേലിസ്തന്മാരുടെ മുമ്പാകെയും വിശ്വാസത്തിന്റെ ശരണത്തിൽ മരിക്കുകയും ജീവിക്കയും ചെയ്യുന്ന മുന്നൂറ്റിപതിനെട്ടു പരിശുദ്ധ പിതാക്കന്മാരുടെ മുമ്പാകെയും വിശുദ്ധ മാമോദീസായുടെ മുമ്പാകെയും ജീവനുള്ള സ്ലീബായുടെ മുമ്പാകെയും വന്ദിക്കപ്പെട്ട ഏവൻഗേലിയോന്റെ മുമ്പാകെയും നമ്മുടെ കർത്താവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും മുമ്പാകെയും നമുക്കു വേണ്ടിയുള്ള തന്റെ കഷ്ടാനുഭവത്തിന്റെയും സ്കീപ്പൂസായുടെയും മുമ്പാകെയും വിശുദ്ധ സഭയുടെ ഏഴു കൂദാശകൾ മുമ്പാകെയും ഈ വി. ദൈവാലയത്തിന്റെ മുമ്പാകെയും എന്റെ ആത്മീയ പിതാവായ ബഹുമാനപ്പെട്ട ശോഭയുള്ള പട്ടക്കാരാ! അവിടുത്തെ ശോഭയുള്ള ആചാര്യത്വത്തിന്റെ മുമ്പാകെയും കെട്ടുവാനും അഴിക്കുവാനും ജീവനുള്ള ദൈവം അവിടുത്തേക്ക് ഭരമേല്പിച്ചിട്ടുള്ള കഹനൂസായുടെ മുമ്പാകെയും എന്റെ പാപങ്ങളെ ഞാൻ ഏറ്റുപറയുന്നു. ശരീരത്തിന്റെ പുറമേയുള്ള പഞ്ചേന്ദ്രിയങ്ങളാകുന്ന കേൾവി, ഘ്രാണം, ദർശനം, സ്പർശനം, രുചി ഇവയിലും ആത്മാവിന്റെ അകമേയുള്ള പഞ്ചേന്ദ്രിയങ്ങളാകുന്ന ബോധം, നിരൂപണം, തിരിച്ചറിവ്, അറിവ്, വേർതിരിവ് ഇതുകളിലും ഞാൻ പാപിയാകുന്നു. ബഹുമാനപ്പെട്ട പട്ടക്കാരാ! എന്നെ വാഴ്ത്തണമെ. സ്വർഗ്ഗത്തോടും അവിടുത്തെ മുമ്പാകെയും ഞാൻ പാപം ചെയ്തു. അവിടുന്ന് യജമാനനും ഞാൻ ദാസനും ആകുന്നു. മുടിയനായപുത്രനെപ്പോലെ അനുതാപത്താൽ എന്നെ കൈക്കൊള്ളണമെ. അവിടുന്ന് മ്ശിഹായും ഞാൻ പാപത്തിരമാലകളുടെ ഇടയിൽ മുങ്ങിയിരിക്കുന്ന ശെമഓൻ കീപ്പായും ആകുന്നു. എന്റെ സകല

പ്രവൃത്തികളിലും ഞാൻ പാപിയാകുന്നു. നോമ്പിലും പ്രാർത്ഥനയിലും ഞാൻ മടികാണിച്ചു. ഞാൻ അസൂയക്കാരനും അത്യാഗ്രഹിയും ദുർമോഹിയും കോപിയും ആകുന്നു. എന്റെ കണ്ണുകൾ കാണാത്തവയെ ഞാൻ സംസാരിച്ചു. മനുഷ്യരുടെ ഇടയിൽ വിശുദ്ധതയുണ്ടാക്കി. എന്റെ പിതാവേ! ക്ഷമിച്ച് എന്നെ വാഴ്ത്തേണമെ.

## മരണസമയത്തെ പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ സത്യമുള്ള ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ സത്യമുള്ള ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ സത്യമുള്ള ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി, വിശുദ്ധറൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച്, മരിച്ച്, അടക്കപ്പെട്ട്, തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനും ആയി യേശുമ്ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനും

ആയി ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും, കാതോലികവും, ശ്ലൈഹികവും ആയ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമേ ഉള്ളൂ എന്നു ഞങ്ങൾ ഏറ്റുപറഞ്ഞു മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിൽ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.

ആമ്മീൻ ബാറെക്മോർ സ്തൌമെൻകാലോസ് കുറിയേലായിസ്സോൻ (മേലുള്ള ഉയരങ്ങളിൽ ആകാശത്തിലുള്ള മാലാഖമാർ സ്തുതിക്കുന്നതു പോലെ എന്നതു ചൊല്ലണം).*

## ഈ പ്രാർത്ഥനയും മരണസമയത്തു ചൊല്ലാവുന്നതാകുന്നു

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! നിന്റെ രാജ്യത്തിൽ നിന്റെ പരിശുദ്ധന്മാരോടുകൂടെ നീ എഴുന്നെള്ളുമ്പോൾ ഞങ്ങളെ നീ ഓർത്തുകൊള്ളേണമെ, ആമ്മീൻ.

കർത്താവേ! നിന്റെ ദാസന്റെ (ദാസിയുടെ) ആത്മാവ് അതിന്റെ രക്ഷയ്ക്കായി നോക്കിപ്പാർത്തിരിക്കുന്ന സ്ഥലത്തേക്കു നിന്റെ കരുണയാൽ നീ കൈക്കൊള്ളണമെ, ആമ്മീൻ.

കർത്താവേ! പാതാളസംബന്ധമായ സകല വ്യസനങ്ങളിൽ നിന്നും അതിവേദനകളിൽ നിന്നും ഞെരുക്കങ്ങളിൽ നിന്നും നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ, ആമ്മീൻ.

കർത്താവേ! ഹാനോക്കിനെയും ഏലിയായേയും ലോകത്തിന്റെ പൊതുവായ മരണത്തിൽ നിന്നു നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കേണമെ, ആമ്മീൻ.

കർത്താവേ! ജലപ്രളയത്തിൽ നിന്നു നോഹയെ നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കേണമേ, ആമ്മീൻ.

കർത്താവേ! കൽദയക്കാരുടെ ഊരിൽ നിന്ന് അബ്രഹാമിനെ നീ വീണ്ടുകൊണ്ടപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കേണമേ, ആമ്മീൻ.

---

* *മരണസമയം അടുക്കുമ്പോൾ രോഗിയുടെ മുഖം കിഴക്കോട്ടാക്കി കിടത്തി ഇടക്കെട്ടു കെട്ടിച്ചു വലതുകയ്യിൽ കുരിശും ഇടതുകയ്യിൽ കത്തിച്ച മെഴുകുതിരിയും പിടിപ്പിച്ചു ചൊല്ലണം.*

കർത്താവേ! യോബിനെ അവന്റെ കഷ്ടതകളിൽ നിന്ന് നീ രക്ഷിച്ച പ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ, ആമ്മീൻ.

കർത്താവേ! ബലിയിൽ നിന്നും തന്റെ പിതാവായ അബ്രഹാമിന്റെ കൈയിൽ നിന്നും ഇസഹാക്കിനെ നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ, ആമ്മീൻ.

കർത്താവേ! സോദോംകാരിൽ നിന്നും അഗ്നിയിൽ നിന്നും ലോത്തിനെ നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കേണമേ, ആമ്മീൻ.

കർത്താവേ! മിസ്രയിമിലെ രാജാവായ ഫറവോന്റെ കൈയിൽ നിന്നു മോശയെ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കേണമെ, ആമ്മീൻ.

കർത്താവേ! സിംഹങ്ങളുടെ കുഴിയിൽ നിന്ന് ദാനിയേലിനെ രക്ഷിച്ച പ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ, ആമ്മീൻ.

കർത്താവേ! തീച്ചൂളയിൽ നിന്നും ദുഷ്ടരാജാവിന്റെ കൈയിൽ നിന്നും ആ മൂന്നു പൈതങ്ങളെ നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ, ആമ്മീൻ.

കർത്താവേ! കള്ളസാക്ഷിയിൽ നിന്നും ശൂശാനെ നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ, ആമ്മീൻ.

കർത്താവേ! ശൌലിന്റെയും ഗോലിയാഥിന്റെയും കൈകളിൽ നിന്നു ദാവീദിനെ നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ, ആമ്മീൻ.

കർത്താവേ! കാരാഗൃഹത്തിൽനിന്നു പത്രോസിനെയും പൗലൂസിനെയും നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ, ആമ്മീൻ.

കർത്താവേ! കന്യകയും രക്തസാക്ഷിയും ആയ തെക്കിലായെ മൂന്നുവിധം കഠിനോപദ്രവങ്ങളിൽനിന്നു നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കയും എന്നുമെന്നേക്കുമുള്ള ഭാഗ്യങ്ങളിൽ നിന്നോടുകൂടെ അതിനെ നീ സന്തോഷിപ്പിക്കയും ചെയ്യണമെ, ആമ്മീൻ.

അനുബന്ധം 1

# മാർ പീലക്സിനോസ് ബാവായുടെ – സന്ധ്യയുടെ അപേക്ഷ*

ദൈവമേ! നിനക്കു സ്തുതി. ദൈവമേ! നിനക്കു സ്തുതി. ദൈവമേ! നിനക്കു സ്തുതി. ആദിയും അന്തവുമില്ലാത്ത നിത്യനെ! നിനക്കു സ്തുതി. സത്യത്തിന്റെ പിതാവെ! നിനക്കു സ്തുതി. സകലത്തിന്റെയും സ്രഷ്ടാവെ! നിനക്കു സ്തുതി. രഹസ്യങ്ങളെ പരിശോധിക്കുന്നവനെ! നിനക്കു സ്തുതി. തോറ്റുപോകാത്ത പരാക്രമിയും എതിർക്കപ്പെടുവാൻ പാടില്ലാത്ത ശക്തിമാനും ആയവനെ! നിനക്കു സ്തുതി. അനീതിയില്ലാത്ത ന്യായാധിപതിയും കോപിക്കാത്ത കാരുണ്യവാനും ആയവനെ! നിനക്കു സ്തുതി. അദൃശ്യന്മാരുടെ ബോധവും ദൃശ്യന്മാരെ ബോധജ്ഞാനപ്പെടുത്തുന്നവനും ആയവനെ! നിനക്കു സ്തുതി. നീ സൃഷ്ടിച്ചിട്ടുള്ള വായ്കളിൽ നിന്നും നീ നിർമ്മിച്ചിട്ടുള്ള നാവുകളിൽ നിന്നും നിനക്കു സ്തുതിയും മഹത്വവും കരേറ്റുമാറാകട്ടെ. കുറ്റപ്പെടാത്ത നീതിമാനും വീണുപോകാത്ത യോദ്ധാവും ആയുള്ളവനെ! നിനക്കു സ്തുതി. മരണമില്ലാത്ത ജീവനുള്ളവനും ദരിദ്രപ്പെടാത്ത ധനവാനും ആയുള്ളവനെ! നിനക്കു സ്തുതി. വളരെ കൃപയോടും ധാരാളമായ കരുണയോടും കൂടിയിരിക്കുന്ന ഉത്തമനായുള്ളവനെ! നിനക്കു സ്തുതി. കുറവു വരാത്ത സമുദ്രവും ചുരുങ്ങിപ്പോകാത്ത അഗാധവും ആയുള്ളവനെ! നിനക്കു സ്തുതി. നീതിയായി വിധിക്കപ്പെടുന്നവനും ശരിയായി പരിശോധിക്കുന്നവനും ആയ നീതിമാനെ! നിനക്കു സ്തുതി. ഒരുങ്ങിയിരിക്കുന്നവരുടെ തുറമുഖവും വലഞ്ഞിരിക്കുന്നവരുടെ സങ്കേതവും ആയുള്ളവനെ! നിനക്കു സ്തുതി. ആദിമുതലെ തന്റെ രാജത്വവും തലമുറ തലമുറ വരെ തന്റെ അധികാരവും നിലനിൽക്കുന്ന രാജാവേ! നിനക്കു സ്തുതി. കുരുടന്മാരുടെ പ്രകാശവും വഴിതെറ്റിപ്പോയവരെ വഴികാണിക്കുന്നവനും ആയുള്ളവനെ! നിനക്കു സ്തുതി. നിരാശയിലിരിക്കുന്നവരുടെ ശരണവും സഹായമില്ലാത്ത എല്ലാവരുടെയും ആശ്രയവും ആയുള്ളവനെ! നിനക്കു സ്തുതി. മുട്ടുകാരുടെ ധനവും ഹീനരുടെ ഉയർച്ചയും ആയുള്ളവനെ! നിനക്കു സ്തുതി. വിശുദ്ധന്മാരുടെ രക്ഷിതാവും ദുഃഖിതന്മാരെ ആശ്വസിപ്പിക്കുന്നവനും ആയുള്ളവനെ! നിനക്കു സ്തുതി. ഞങ്ങളുടെ അന്ധകാരാവസ്ഥയുടെ പ്രകാശവും ഞങ്ങളുടെ വൃദ്ധതയുടെ വടിയും ആയുള്ളവനെ! നിനക്കു സ്തുതി. ഭൗമ്യരാൽ സ്തുതിക്കപ്പെടുകയും ആത്മീയരാൽ

---

* അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ 'രഹസ്യ പ്രാർത്ഥന' എന്ന ഗ്രന്ഥത്തിൽ ഉള്ളവയല്ല. – പ്രസാധകർ

ശുശ്രൂഷിക്കപ്പെടുകയും ചെയ്യുന്ന പരിശുദ്ധനായുള്ളവനെ! നിനക്കു സ്തുതി. ചെറുതായിപ്പോകാത്ത വലിയവനും കുറവു കൂടാതെ കൊടുക്കുന്നവനും ആയുള്ളവനെ! നിനക്കു സ്തുതി. ഇരുണ്ടുപോകാത്ത സൂര്യനും കെട്ടുപോകാത്ത പ്രകാശവും ആയുള്ളവനെ! നിനക്കു സ്തുതി. നടപടികളിൽ വിസ്മയിക്കത്തക്കവനും പ്രവൃത്തികളിൽ അതിശയിക്കത്തക്കവനും ആയുള്ളവനെ! നിനക്കു സ്തുതി. നീ സൃഷ്ടിച്ചിട്ടുള്ള മാലാഖമാരിൽ നിന്ന് അവരുടെ കൂട്ടങ്ങളിലെ ആളുകളുടെ എണ്ണപ്രകാരം നിനക്കു സ്തുതി. നീ നിർമ്മിച്ചിട്ടുള്ള മനുഷ്യരിൽ നിന്നും അവരുടെ രോമങ്ങളിൻ ഇഴകളുടെ എണ്ണപ്രകാരം നിനക്കു സ്തുതി. നീ സൃഷ്ടിച്ചിട്ടുള്ള പല ജാതി ഊമവർഗ്ഗങ്ങളിൽ നിന്ന് അവരുടെ എണ്ണപ്രകാരം നിനക്കു സ്തുതി. സകല വൃക്ഷങ്ങളിൽ നിന്നും തൃണങ്ങളിൽ നിന്നും അവയുടെ ഇലകളുടെ എണ്ണപ്രകാരം നിനക്കു സ്തുതി. പകലും രാവും നിനക്കു സ്തുതി. സന്ധ്യയിലും പ്രഭാതത്തിലും ഉച്ചയിലും നിനക്കു സ്തുതി. എല്ലാ കാലത്തും സദാ നേരത്തും നിനക്കു സ്തുതി. സകല ഘ്രാണങ്ങളോടും ശ്വാസങ്ങളോടും കൂടെ നിനക്കു സ്തുതി. നിന്നെ ഓർക്കുവാൻ ഞാൻ അയോഗ്യനെങ്കിലും എന്റെ പാപാവസ്ഥയിൽ നിന്ന് നിനക്കു സ്തുതി. ഞാൻ നിന്നോടാവശ്യപ്പെടാതെ നീ എന്നെ സൃഷ്ടിച്ചതിനാൽ നിനക്കു സ്തുതി. ഞാൻ നിന്നോടപേക്ഷിക്കാതെ നീ എന്നെ നിർമ്മിച്ചതിനാൽ നിനക്കു സ്തുതി. പൂർണ്ണ ശരീരത്താലും സുഖേന്ദ്രിയങ്ങളാലും കേടില്ലാത്ത അവയവങ്ങളാലും നീ എന്നെ അലങ്കരിച്ചതിനാൽ നിനക്കു സ്തുതി. സ്ഥിരമുള്ള ബോധത്താലും കൂർമ്മബുദ്ധിയാലും തിരിച്ചറിവോടുകൂടിയ സ്നേഹത്താലും സ്വതന്ത്ര മനസ്സാലും നീ എന്നെ ബഹുമാനിച്ചതിനാൽ നിനക്കു സ്തുതി. ശരീര സുഖത്താലും ആത്മപരിപാലനത്താലും നീ എന്നെ ഐശ്വര്യവാനാക്കിയതിനാൽ നിനക്കു സ്തുതി. അതാതു സമയത്തെ ഭക്ഷണത്തിന് നീ എനിക്കു കുറവു വരുത്താതിരുന്നതിനാൽ നിനക്കു സ്തുതി. ശരീരത്തിന്റെ ആവശ്യങ്ങളിൽ ഒന്നിനും എനിക്ക് നീ മുട്ടു വരുത്താതിരുന്നതിനാൽ നിനക്കു സ്തുതി. ഞാൻ വാങ്ങുന്നവനായിരിക്കാതെ കൊടുക്കുന്നവനായിരിപ്പാൻ നീ എന്നെ യോഗ്യനാക്കിയതിനാൽ നിനക്കു സ്തുതി. നിന്നെ സ്തുതിപ്പാൻ എന്റെ വായ്ക്ക് അറിഞ്ഞുകൂടാതവണ്ണമുള്ളവനായ നിനക്കു സ്തുതി. നിന്റെ മഹത്വങ്ങളെ വർണ്ണിപ്പാൻ എന്റെ നാവിനു പ്രാപ്തി ഇല്ലാത്തവണ്ണമുള്ളവനായ നിനക്കു സ്തുതി. ആകാശത്തിലെ മാലാഖമാരും ഭൂമിയിലെ മനുഷ്യരും എനിക്കു വേണ്ടി നിന്നെ സ്തുതിക്കും. നിന്നെ സ്നേഹിച്ച നീതിമാന്മാരും നിന്നെ പ്രിയപ്പെട്ട വിശുദ്ധന്മാരും ആയ സകലരും എനിക്കുവേണ്ടി നിന്നെ സ്തുതിക്കും. നിന്നെ കോപിപ്പിക്കാത്തവരായ ശിശുക്കളും നിന്റെ സന്നിധിയിൽ അക്രമം പ്രവർത്തിക്കാത്തവരായ കുട്ടികളും എനിക്കുവേണ്ടി നിന്നെ സ്തുതിക്കും. ഉണ്ടായിട്ടു

ള്ളവരും ഉണ്ടാകാനിരിക്കുന്നവരുമായ സകല പരിശുദ്ധന്മാരും എനിക്കു വേണ്ടി നിന്നെ സ്തുതിക്കയും നിന്നോടു പ്രാർത്ഥിക്കയും ചെയ്യും. ദൈവമാതാവായ മറിയാം എനിക്കുവേണ്ടി നിന്നോടപേക്ഷിക്കും. അവളുടെ ബഹുമാനത്തിനായിട്ട് നിന്നെ സ്തുതിപ്പാൻ എന്നെ യോഗ്യ നാക്കണമെ. മനസ്സു തിരിഞ്ഞിട്ടുള്ള സകല അനുതാപികളും പാപം ചെയ്യാതിരുന്നിട്ടുള്ള സകല വിരക്തന്മാരും എനിക്കുവേണ്ടി നിന്നോടപേ ക്ഷിക്കും. സന്യാസമഠങ്ങളിലിരിക്കുന്ന ഈഹീദായക്കാരും[1] പർവ്വതങ്ങളി ലിരിക്കുന്ന ആബീലന്മാരും[2] എനിക്കുവേണ്ടി നിന്നോടപേക്ഷിക്കും. പാറ കളുടെ വിള്ളലുകളിലിരിക്കുന്ന ഋഷികളും, ഗുഹകളിലിരിക്കുന്ന താപ സന്മാരും എനിക്കുവേണ്ടി നിന്നോടപേക്ഷിക്കും. എന്റെ കർത്താവേ! ഇവ രെല്ലാവരും എനിക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നതുകൊണ്ട് നീ എന്നോടു ദയവു ചെയ്ത് എന്റെ പാപക്കറകളെ കഴുകിക്കളയുകയും എന്റെ കുറ്റങ്ങളെ മോചിക്കയും എന്റെ പാപങ്ങളെ പരിഹരിക്കുകയും ചെയ്യേണമെ. ശപിക്കപ്പെട്ട പിശാചുക്കളുടെ യുദ്ധത്തിൽ നിന്നും ദുഷ്ട മനുഷ്യരുടെ ദുഷ്ടതയിൽ നിന്നും അശുദ്ധമായ വികാരങ്ങളിൽ നിന്നും നിന്ദ്യമായ ആലോചനകളിൽ നിന്നും അശുദ്ധ മോഹത്തിൽ നിന്നും സാത്താനു ചേരുന്ന ഓർമ്മകളിൽ നിന്നും ഒളിച്ചുവച്ചിരിക്കുന്ന കെണി യിൽ നിന്നും വ്യർത്ഥസ്വപ്നങ്ങളിൽ നിന്നും വ്യർത്ഥവും നിഷ്പ്രയോ ജനവുമായ സംസാരത്തിൽ നിന്നും വക്രതയുള്ള ഊടുവഴികളിൽ നിന്നും ശിക്ഷാകരമായ മാർഗ്ഗങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും ദുർന്നടപ്പു കളിൽ നിന്നും ദുഷ്ടസംസർഗ്ഗത്തിൽ നിന്നും ഭോഷന്മാരോടുള്ള ചേർ ച്ചയിൽ നിന്നും നിന്നിൽ നിന്നും എന്നെ അകറ്റുന്നതും നിന്റെ സ്നേഹ ത്തിൽ നിന്ന് എന്നെ വേർതിരിക്കുന്നതുമായ സംഗതികളിൽ നിന്നും എന്നെ രക്ഷിക്കണമെ. കർത്താവേ! നിന്നെ വിളിച്ചപേക്ഷിച്ചിട്ട് നീ ഉത്ത രമരുളീട്ടുള്ളവരും നിന്നിൽ ശരണം വച്ചിട്ട് നീ രക്ഷിച്ചിട്ടുള്ളവരും ആയ എല്ലാവരുടെയും പ്രാർത്ഥന മൂലം ദുഷ്ട മനുഷ്യരിൽ നിന്നും വഞ്ചക നായ ശത്രുവിൽ നിന്നും വഞ്ചനയുള്ള നാവിൽ നിന്നും ആത്മ നഷ്ടമു ണ്ടാക്കുന്ന സംസാരത്തിൽ നിന്നും എന്നെ രക്ഷിക്കണമെ. വിഷമകര മായ നിർബന്ധങ്ങളിൽ നിന്നും സങ്കടകരമായ സംഭവങ്ങളിൽ നിന്നും നീ എന്നെ ഒഴിവാക്കണമെ. ലൗകിക പരീക്ഷകളിൽ നിന്നും മനുഷ്യ വഞ്ചനയിൽ നിന്നും നിരാശയിൽ നിന്നും ആത്മാവിന്റെ അന്ധകാരത്തിൽ നിന്നും വിചാരത്തിന്റെ കൂരിരുട്ടിൽ നിന്നും ആലോചനയുടെ അരിഷ്ട തയിൽ നിന്നും എന്റെ ശക്തിക്കപ്പുറമായ സകല ശിക്ഷകളിൽ നിന്നും എന്നെ നീ രക്ഷിക്കണമെ. എന്റെ കർത്താവേ! മഹാകാരുണ്യവാനായ നിന്റെ തൃക്കൈകളല്ലാതെ ദുഷ്ട മനുഷ്യരുടെ കൈകളാലും മത്സരക്കാ

1. തനിച്ചു താമസിക്കുന്നവർ, 2. വിലാപത്തോടിരിക്കുന്നവർ.

രായ പിശാചുക്കളുടെ കൈകളാലും എന്റെ ശിക്ഷ നടത്തരുതെ. എന്റെ കർത്താവേ! നിന്റെ നീതിപ്രകാരം എന്നെ ശാസിക്കരുതെ. നിന്റെ കോപത്താൽ എന്നെ ശിക്ഷിക്കയും അരുതെ. എന്നാലോ നിന്റെ കൃപയാൽ എന്നോടു ദയവു ചെയ്യണമെ. നിന്റെ കരുണയാൽ എനിക്കു സഹായിക്കണമെ. കരുണയോടുകൂടെ സകലത്തെയും ഭരിക്കുന്ന ഉത്തമനായുള്ളവനെ! തെറ്റിപ്പോകുന്ന മനുഷ്യനായ ഞാൻ നിന്റെ തിരുസന്നിധിയിൽ ചെയ്തിട്ടുള്ള തെറ്റിനേയും ഞാൻ നിന്നെ കോപിപ്പിച്ചിട്ടുള്ളതിനേയും നീ മോചിക്കയും ക്ഷമിച്ച് നീക്കിക്കളഞ്ഞ് പരിഹരിക്കയും ചെയ്യണമെ. അതു നിന്നെ പ്രസാദിപ്പിച്ചവരും പ്രസാദിപ്പിക്കുന്നവരും നിന്നെ തൃപ്തിപ്പെടുത്തുന്നവരും ആയ എല്ലാവരുടെയും പ്രാർത്ഥനകളാൽത്തന്നെ. ആമ്മീൻ.

## സൂത്താറായുടെ അപേക്ഷ

ദൈവമായ കർത്താവേ! നിന്റെ കൃപയെ ഞാൻ നിരസിക്കുന്നില്ല. നീ എനിക്കു തന്നിട്ടുള്ള വരങ്ങളെ ഞാൻ നിഷേധിക്കുന്നില്ല. എന്നോടുള്ള നിന്റെ പ്രവൃത്തികളെ ഞാൻ മറക്കുന്നില്ല. എങ്കിലും ഞാൻ നിന്റെ കരുണകൾക്ക് അയോഗ്യനെന്നു സമ്മതിക്കുന്നു. നിന്റെ കൃപ എന്റെ മേൽ ശക്തിപ്പെട്ടു എന്നു ഞാൻ സമ്മതിക്കുന്നു. ഞാൻ അയോഗ്യനായിരിക്കുമ്പോൾ നീ എന്നെ ബഹുമാനിച്ചു എന്നു ഞാൻ സമ്മതിക്കുന്നു. ആ വേശ്യാ സ്ത്രീയെപ്പോലെ ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറയുന്നു. അവൾക്കെന്നപോലെ നീ എനിക്ക് പാപപരിഹാരം നൽകണമെ. ആ ക്നാനായക്കാരിയെപ്പോലെ ഞാൻ എന്റെ കുറ്റങ്ങളെ ഏറ്റുപറയുന്നു. അവളെപ്പോലെ എന്നെ കൈക്കൊള്ളണമെ. എന്റെ വിചാരങ്ങൾ കൊണ്ടും വചനങ്ങൾകൊണ്ടും പ്രവൃത്തികൾകൊണ്ടും എന്റെ ജീവകാലമെല്ലാം ഞാൻ നിന്നെ കോപിപ്പിച്ചു എന്നു ഞാൻ ഏറ്റുപറയുന്നു. ഇപ്പോൾ കർത്താവേ! ഞാൻ നിന്റെ അടുക്കലേക്കു തിരിഞ്ഞിരിക്കുന്നതിനാൽ നിന്റെ സഭയിലെ അനുതാപികളിൽ ഒരുവനെപ്പോലെയും നിന്റെ ആട്ടിൻകൂട്ടത്തിലെ ആടുകളിൽ ഒന്നിനെപ്പോലെയും നിന്റെ കൃപയും കരുണയും മൂലം ദയവായി പാപപരിഹാരം കൊടുത്തിട്ടുള്ള പാപികളിൽ ഒരുവനെപ്പോലെയും എന്നെ ആക്കിത്തീർക്കണമെ. എന്റെ കർത്താവേ! എന്റെ പാപങ്ങളെ മായിച്ചുകളഞ്ഞ് എന്റെ കുറ്റങ്ങളെ കഴുകണമെ. എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. തെറ്റുകളിൽ നിന്ന് നീ എന്നെ രക്ഷിക്കണമേ. എന്റെ കർത്താവേ! നിന്റെ ദയയാകുന്ന സോപ്പാ കൊണ്ട് നിന്റെ കരുണയാകുന്ന വെള്ളം എന്റെ മേൽ തളിക്കണമേ. എല്ലായ്പോഴും നിന്നെ സ്തോത്രം ചെയ്‌വാൻ ചലിച്ചുകൊണ്ടിരിക്കുന്ന വെടിപ്പുള്ള ഹൃദയം പുതുതായിട്ട് എന്നിൽ സൃഷ്ടി

ക്കണമെ. നിന്നെ സ്തുതിപ്പാൻ എന്റെ ചുണ്ടുകളെ തുറക്കണമെ. രാവും പകലും വിശുദ്ധന്മാരോടു കൂടെ ഞാൻ നിന്നെ പുകഴ്ത്തുമാറാകണമെ. അതു നിന്റെ ശുശ്രൂഷകന്മാരായ മാലാഖമാരുടെയും നിന്നെ തൃപ്തിപ്പെടുത്തുന്നവരായ വിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

## രാത്രിയുടെ അപേക്ഷ

ചുങ്കക്കാർക്കും വേശ്യാസ്ത്രീകൾക്കും പാപപരിഹാരം നല്കിയവനെ! എന്റെ കുറ്റങ്ങൾക്ക് നീ പരിഹാരം നൽകണമെ. കള്ളന്മാരെയും പീഡിപ്പിക്കുന്നവരെയും മനസ്സു തിരിപ്പിച്ചവനെ! നിന്റെ സത്യത്തിലേക്ക് എന്നെ തിരിപ്പിക്കണമെ. മുട്ടുവിൻ തുറക്കപ്പെടുമെന്ന് അരുളിചെയ്തവനെ! നിന്റെ വാതിൽ എനിക്കു തുറന്നു തരണമെ. സാധുക്കളുടെ നിലവിളിയെ മറക്കാത്തവനെ! എന്റെ പാപാവസ്ഥയുടെ നിലവിളിയെ മറക്കരുതെ. തന്നിലാശ്രയിക്കുന്ന എല്ലാവർക്കും സഹായം ചെയ്യുന്നവനെ! നിന്റെ വലത്തു തൃക്കൈയ്യാൽ എനിക്കു സഹായിക്കണമെ. ദുഃഖിതന്മാരുടെ അപേക്ഷയെ നിന്ദിക്കാത്തവനെ! അരിഷ്ടനായ എന്റെ അപേക്ഷയെ നിന്ദിക്കരുതെ. വ്യസനിച്ചിരിക്കുന്നവരുടെ ഹൃദയത്തെ നിരാകരിക്കാത്തവനെ! നിന്റെ സന്നിധിയിൽ നിന്ന് നീ എന്നെ നിരാകരിച്ചു തള്ളിക്കളയരുതെ. തന്റെ സൃഷ്ടിയെ കൈവിടാതിരിക്കുന്നവനെ! നീ എന്നെ കൈവിട്ടു കളയരുതെ. മനോവേദനയിലിരിക്കുന്നവർക്ക് അടുത്തിരിക്കുന്നവനെ! എന്റെ ആത്മാവിനെ നിന്റെ രക്ഷയിലേക്ക് അടുപ്പിക്കണമെ. നശിച്ചുപോയവരെ നിരാശപ്പെടുത്താത്തവനെ! എന്റെ ജീവനെക്കുറിച്ച് നീ എനിക്കു നിരാശ വരുത്തരുതെ. എന്റെ ശത്രുക്കൾക്ക് എന്നെ ഏല്പിച്ചുകൊടുക്കാതെ നിന്റെ അടുക്കലേക്ക് എന്നെ അടുപ്പിച്ച് നിന്റെ തൊഴുത്തിലേക്ക് എന്നെ പ്രവേശിപ്പിക്കണമെ. ആ ചുങ്കക്കാരനെപ്പോലെ എന്നെ നീതീകരിക്കണമെ. ആ കള്ളന് എന്നപ്രകാരം എനിക്കു പാപപരിഹാരം നൽകണമെ. ആ വേശ്യാസ്ത്രീയെപ്പോലെ എന്നെ കഴുകണമെ. നിന്റെ അറിവിൻ പ്രകാശത്താൽ എന്റെ അന്ധകാരാവസ്ഥയെ പ്രകാശിപ്പിക്കണമെ. അറിവോടും അറിവു കൂടാതെയും ഞാൻ നിന്റെ തിരുമുമ്പാകെ തെറ്റായി ചെയ്തുപോയിട്ടുള്ള സകല കുറ്റങ്ങൾക്കും പാപങ്ങൾക്കും മോചനം നൽകണമെ. എന്റെ കർത്താവേ! ഞാൻ മറ്റുള്ളവരോടു ക്ഷമിപ്പാനും നീ എന്റെ കുറ്റങ്ങളെ ക്ഷമിപ്പാനും എനിക്കു കൃപ നൽകണമെ. അതു നീ കൈക്കൊണ്ടിട്ടുള്ള അനുതാപികളും നീ നീതീകരിച്ചിട്ടുള്ള പാപികളുമായ എല്ലാവരുടെയും പ്രാർത്ഥനകളാൽത്തന്നെ. ആമ്മീൻ.

## പ്രഭാതത്തിന്റെ അപേക്ഷ

എന്റെ കർത്താവേ! ഈ പ്രഭാത സമയത്തെ അനുഗ്രഹകരമായും ആശ്വാസകരമായും ഉള്ള പ്രഭാതമായിട്ടും സന്തോഷമുള്ള പകലായിട്ടും ആക്കിത്തീർക്കണമെ. ഈ സമയത്ത് ദുഷ്ടമനുഷ്യനിൽ നിന്നും വഞ്ചക നായ അയൽക്കാരനിൽ നിന്നും യുദ്ധം ചെയ്യുന്ന സാത്താനിൽ നിന്നും ദോഷകരമായ നാഴികയിൽ നിന്നും നശിപ്പിക്കുന്നതായ കെണിയിൽ നിന്നും വ്യസനിപ്പിക്കുന്നതായ സംഭവത്തിൽ നിന്നും വഞ്ചനയുടെ സംസാരത്തിൽ നിന്നും വിരുദ്ധമുണ്ടാക്കുന്ന വചനങ്ങളിൽ നിന്നും പാപ ങ്ങളിൽ നിന്നും അറിവില്ലായ്മയുടെ തെറ്റുകളിൽ നിന്നും ഉന്നതപ്പെടുന്ന വൈരിയിൽ നിന്നും പ്രതികാരം ചെയ്യുന്ന ശത്രുവിൽ നിന്നും ഹീന മനു ഷ്യനിൽ നിന്നും അശുദ്ധ പ്രവൃത്തിയിൽ നിന്നും നിന്ദ്യമായ ധ്യാനത്തിൽ നിന്നും അശുദ്ധ വിചാരങ്ങളിൽ നിന്നും എന്നെ രക്ഷിക്കണമെ. എന്റെ കർത്താവെ! നിന്റെ ദയവാൽ പരിപാകതയുള്ള ശരീരവും പ്രകാശമുള്ള നാവും അടക്കമുള്ള ആലോചനയും എനിക്കു നൽകണമെ. എന്റെ ജീവനു ഗുണമുള്ളതും നിന്റെ കർതൃത്വത്തിങ്കൽ പ്രസാദമുള്ളതും ആയ സംഗതികൾ എങ്കൽ നടത്തണമെ. എനിക്കു മതിയായ ആഹാരവും എനിക്കു പ്രയോജനമുള്ള ധനവും ആത്മപരിപാലനവും കൊണ്ട് എന്നെ പോറ്റണമെ. അക്രമത്തെ ദ്വേഷിക്കുകയും അപഹാരത്തെ വിട്ടോടി ഒളി ക്കയും പാപത്തെ വെറുക്കുകയും തിന്മയിൽ നിന്ന് അകലുകയും ചെയ് വാനും എന്റെ പിതാക്കന്മാരെ അനുസരിപ്പാനും എന്റെ ഭരണക്കാർക്ക് കീഴ്പ്പെടുവാനും എന്റെ സ്നേഹിതന്മാരെ ആശ്വസിപ്പിപ്പാനും എന്റെ ചാർച്ചക്കാരെ ബഹുമാനിപ്പാനും ഞാൻ പ്രവർത്തിക്കുന്ന സകലത്തിലും നിന്റെ പരിശുദ്ധ തിരുനാമം മഹത്വപ്പെടുവാനും ഇടയാക്കണമെ. അതു നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടേയും മൗദ്യാനന്മാ രുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

## മൂന്നാം മണിയുടെ അപേക്ഷ

എന്റെ കർത്താവേ! ഇതാ നിന്റെ അടുക്കലേക്ക് എന്റെ കൈകൾ നീട്ടപ്പെട്ടിരിക്കുന്നു. എന്റെ കണ്ണുകൾ നിന്റെ കരുണകൾക്കായി നോക്കി ക്കൊണ്ടിരിക്കുന്നു. ഞാൻ നിന്നെ വിളിക്കയും നിന്നിൽ അഭയം പ്രാപി ക്കയും കൃപയെ നിന്നോടു യാചിക്കുകയും നിന്റെ കരുണയോട് അപേ ക്ഷിക്കയും ചെയ്യുന്നു. എന്നെ നീ മറന്നു കളയരുതെ. എന്നെ കൈവിട്ടു കളയരുതെ. എന്നെ ഉപേക്ഷിക്കരുതെ. നീ എന്നെ എന്റെ വൈരികൾക്ക് നിന്ദയാക്കിത്തീർക്കരുതെ. എന്റെ സഖാക്കൾക്ക് ഞാൻ പരിഹാസമായി ത്തീരരുതെ. ഞാൻ കുറ്റക്കാരനായിത്തീർന്നിട്ട് സാത്താൻ സന്തോഷി ക്കുമാറാകരുതെ. അസൂയക്കാരൻ എന്റെ തെറ്റുകളെ പ്രശംസിക്കുമാറാ

കരുതെ. ഞാൻ നിന്റെ തൊഴുത്തിൽ നിന്നു പുറത്തുപോകുമാറാകരുതെ. ഞാൻ നിന്റെ വഴി വിട്ടു നടക്കുമാറാകരുതേ. നിന്റെ കൃപയെ എന്നിൽ നിന്നു മാറ്റിക്കളയരുതേ. നിന്റെ കരുണയുടെ ചിറകിൻകീഴെ നിന്ന് എന്നെ തള്ളിക്കളയരുതെ. എന്നാലോ നിന്റെ ദയവാൽ എന്നെ കാത്തുകൊള്ള ണമെ. എന്നെ നിനക്കുള്ളവനാക്കിത്തീർക്കണമെ. ഞാൻ നിന്നെ മറന്ന തുപോലെ നീ എന്നെ മറക്കരുതെ. എന്തെന്നാൽ നീ ഉടയവനും ഞാൻ ദാസനുമാകുന്നു. നീ സ്രഷ്ടാവും ഞാൻ സൃഷ്ടിയുമാകുന്നു. നീ പ്രകാ ശവും ഞാൻ അന്ധകാരവും നാറ്റം പിടിച്ച ചെളിയും നിന്ദ്യമായ കൊതുകും കോണുകളിലെ ചപ്പും കുപ്പക്കുഴിയിലെ എച്ചിലുമാകുന്നു. എന്നോടു ദയവുണ്ടായി എനിക്കു പാപപരിഹാരം നൽകണമെ. എന്നെ ശുദ്ധീകരിച്ച് വെടിപ്പാക്കണമെ. ദുർവ്വികാരങ്ങളിൽ നിന്നും ശക്തിയുള്ള കൈയിൽ നിന്നും ബലമുള്ള കാലിൽ നിന്നും അക്രമമുള്ള അധികാര ത്തിൽ നിന്നും കവർച്ചക്കാരായ ജനങ്ങളിൽ നിന്നും വഞ്ചകനായ ദുഷ്ട നിൽ നിന്നും എന്നെ ഒഴിച്ചു രക്ഷിക്കണമെ. വാളിൽ നിന്നും അടിമയിൽ നിന്നും ഭൂകമ്പത്തിൽ നിന്നും ഭയത്തിൽ നിന്നും ശരീരത്തെ വ്യസനിപ്പി ക്കയും ആത്മാവിനെ അരിഷ്ടതപ്പെടുത്തുകയും ചെയ്യുന്ന സങ്കടകരമായ സകല ശിക്ഷകളിൽ നിന്നും എന്നെ രക്ഷിക്കണമെ. അത് നീതിമാന്മാരു ടെയും വിശുദ്ധന്മാരുടെയും പരിപാകതയുള്ളവരുടെയും ബ്രഹ്മചാരികളു ടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

## ഉച്ചയുടെ അപേക്ഷ

പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നവനെ! നിന്റെ വലത്തു തൃക്കൈ എന്റെ മേൽ ആവസിപ്പിക്കണമെ. ദീർഘക്ഷമയുള്ളവനും കൃപയും സത്യവും വളരെയുള്ളവനുമെ! നീ എന്നോടു ദീർഘക്ഷമയായിരി ക്കണമെ. സമുദ്രത്തിലെ ഓളങ്ങളെ അടക്കുന്നവനെ! കലങ്ങിയിരിക്കുന്ന എന്റെ പാപഓളങ്ങളെ അടക്കണമെ. മനോവേദനയിലിരിക്കുന്നവരെ ചേർത്തുകൊള്ളുന്നവനെ! എന്റെ ആത്മാവിനെ നിങ്കലേക്കു ചേർക്ക ണമെ. കുറ്റങ്ങളെയും പാപങ്ങളെയും ക്ഷമിക്കുന്നവനെ! എന്റെ കുറ്റങ്ങ ളെയും പാപങ്ങളെയും എന്നോടു ക്ഷമിക്കണമെ. തന്റെ ദാസന്മാരെ കാത്തുകൊള്ളുന്നവനും തന്റെ ഭവനക്കാരെ സൂക്ഷിച്ചുകൊള്ളുന്നവനും ആയവനെ! ഞാൻ തിന്മയായിട്ടുള്ളതു വിചാരിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യാതെ എന്റെ വായ്ക്കു ഒരു കാവൽക്കാരനെയും എന്റെ ചുണ്ടുകൾക്ക് ഒരു കാവൽക്കാരനെയും എന്റെ സ്മരണകൾക്ക് ഒരു കാവൽക്കാരനെയും എന്റെ ഇന്ദ്രിയങ്ങൾക്ക് ഒരു കാവൽക്കാരനെയും എന്റെ ഹൃദയത്തിന് ഒരു കാവൽക്കാരനെയും എന്റെ വിചാരങ്ങൾക്ക് ഒരു കാവൽക്കാരനെയും നിയമിക്കണമെ. എന്റെ ജീവിതവും വിചാര

ങ്ങളും വചനങ്ങളും പ്രവർത്തികളും ജോലികളും നടപടികളും എന്നിലുള്ള സകലവും, എന്റെ ഇഷ്ടപ്രകാരവും മത്സരക്കാരായ പിശാചുക്കളുടെ ഇഷ്ടപ്രകാരവുമല്ല, നിന്റെ ഇഷ്ടപ്രകാരം ഭരിക്കപ്പെടുമാറാകണമെ. അത് അബീലന്മാരുടെയും താപസന്മാരുടെയും പ്രയാസങ്ങളനുഭവിക്കുന്നവരായ വനവാസികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

## ഒമ്പതാം മണിയുടെ അപേക്ഷ

എന്റെ കർത്താവെ! നിന്നിൽ ആശ്രയിപ്പാനും നിന്നിൽ അഭയം പ്രാപിപ്പാനും നിന്നെ വിളിപ്പാനും എന്റെ വേദനകൾക്കു വൈദ്യവും എന്റെ കുറ്റങ്ങൾക്കു പരിഹാരവും നിന്നോടു യാചിപ്പാനും എന്നെ യോഗ്യനാക്കണമെ. എന്റെ കർത്താവേ! നിന്റെ കല്പനകളെ ആചരിപ്പാനും അതിനാൽ ഞാൻ കാത്തുകൊള്ളപ്പെടുവാനും നിന്റെ ദയവിൽ ആശ്രയിപ്പാനും എന്നെ യോഗ്യനാക്കണമെ. അനീതികളിൽ നിന്ന് അകന്നും തിന്മകളിൽ നിന്ന് ഒഴിഞ്ഞും ഈ ലോകത്തിൽ ജീവിപ്പാൻ എനിക്കു കൃപയരുളണമെ. എന്റെ കർത്താവേ! ഈ ലോകത്തിൽ സമാധാനത്തിന്റെ മനുഷ്യർക്കുള്ളതായ നല്ല അവസാനം എനിക്കു നൽകണമെ. മുഖപ്രസാദവും സകല മനുഷ്യരും സ്തുതിക്കത്തക്കതായ പ്രവൃത്തികളും ഇവിടെ വച്ച് സമ്പാദിപ്പാൻ എനിക്ക് കൃപ നൽകണമെ. ആ ലോകത്തിൽ നിന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ പ്രസാദവും എനിക്കു തരണമെ. സന്തോഷങ്ങളുടെ മണവറയിലെ സൗഭാഗ്യങ്ങളുടെ ആനന്ദത്തിന് എന്നെ യോഗ്യനാക്കണമെ. പഴയനിയമകാലത്തും പുതിയനിയമകാലത്തും ഉള്ള സകല വിശുദ്ധന്മാരുടെയും ജയം ധരിച്ചവളും വിശുദ്ധന്മാരുടെ നാഥയും ആയ ദൈവമാതാവാകുന്ന പരിശുദ്ധ കന്യകമറിയാമിന്റെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

**അനുബന്ധം 2**

# സന്ധ്യാനമസ്കാരം

*(ഇതിൽ ഒമ്പതാംമണി, സന്ധ്യ, സൂത്താറാ എന്നീ യാമങ്ങളിലെ നമസ്കാരങ്ങൾ അടങ്ങിയിരിക്കുന്നു. കൂട്ടമായി നമസ്കരിക്കുമ്പോൾ ഒരാൾ ആരംഭിച്ച് നയിക്കേണ്ടതും ബാക്കി എല്ലാവരും അടുത്ത നിർത്തു ചൊല്ലേണ്ടതും ആകുന്നു)*

### (പ്രാരംഭം)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ തനിക്കു സ്തുതി +

ആദിമുതൽ എന്നന്നേക്കും തന്നെ. ആമ്മീൻ. ആകാശവും ഭൂമിയും തന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാന. +

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി. +

### (കൗമാ)

ദൈവമേ! + നീ പരിശുദ്ധനാകുന്നു.
ബലവാനേ! + നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനേ! +
ഞങ്ങളോടു കരുണ ചെയ്യണമേ. (കുമ്പിടണം)

ദൈവമേ! + നീ പരിശുദ്ധനാകുന്നു.
ബലവാനേ! + നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനേ! +
ഞങ്ങളോടു കരുണ ചെയ്യണമേ. (കുമ്പിടണം)

ദൈവമേ! + നീ പരിശുദ്ധനാകുന്നു.
ബലവാനേ! + നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.

---

+ കുരിശടയാളം കാണുന്നിടത്തെല്ലാം കുരിശു വരച്ച് തല വണക്കണം.
അർദ്ധവിരാമം ഉള്ളിടത്ത് അല്പമായി നിർത്തുകയും, പൂർണ്ണ വിരാമം ഉള്ളിടത്ത് പൂർണ്ണമായി നിർത്തുകയും, ചെയ്തിട്ട് അടുത്തഭാഗം തുടങ്ങണം.

ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനേ! +
ഞങ്ങളോടു കരുണ ചെയ്യണമേ. (കുമ്പിടണം)

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ദൈവമേ! നിനക്കു സ്തുതി. സ്രഷ്ടാവേ! നിനക്കു സ്തുതി. പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാരാജാവേ! നിനക്ക് സ്തുതി. + ബാറെക്മോർ.

## കർത്തൃപ്രാർത്ഥന

*(കൈകൾ മലർത്തി മേലിലേക്ക് കണ്ണുകൾ ഉയർത്തിക്കൊണ്ട്)*

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ തിരുനാമം പരിശുദ്ധമാകപ്പെടണമെ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമെ.

ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം, ഇന്നു ഞങ്ങൾക്ക് തരേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ കടങ്ങളും ഞങ്ങളോടു ക്ഷമിക്കേണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. + ആമ്മീൻ.

കൃപ നിറഞ്ഞ മറിയമേ! നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു കൂടെ. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ. നിന്റെ ഉദരഫലമായ നമ്മുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക മർത്തമറിയമേ! പാപികളായ ഞങ്ങൾക്കു വേണ്ടി, ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവംതമ്പുരാനോടു നീ അപേക്ഷിച്ചുകൊള്ളണമേ. + ആമ്മീൻ.

## (മരിച്ചവർക്കുവേണ്ടി)

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ! ഉയിർപ്പു ദിവസത്തിൽ നിന്റെ സൃഷ്ടിയെ നീ പുതുതാക്കണമെ.

കർത്താവേ! നിന്റെ ശരണത്തിൽ മരിച്ച്, നിന്റെ വരവിനായി നോക്കിപ്പാർക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ ആശ്വസിപ്പിച്ചു വിശുദ്ധീകരിക്കണമേ.

അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അവരെ നീ വസിപ്പിക്കണമേ.

വന്നവനും വരുന്നവനും മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനും ആയ വൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ശരീരങ്ങളും ആത്മാക്കളും ഒരുമിച്ച് അട്ടഹസിച്ചു പറയുമാറാകണമേ.

## (കൗമാ ചൊല്ലണം)

## പൊതുവായ അപേക്ഷകൾ

ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിനെക്കുറിച്ചുള്ള ഓർമ്മ, ഞങ്ങൾക്കു വാഴ്വിന്നായിത്തീരണമേ. അവളുടെ പ്രാർത്ഥന ഞങ്ങളുടെ ആത്മാക്കൾക്കു കോട്ടയായിരിക്കുകയും ചെയ്യണമേ.

നിബിയന്മാരും ശ്ലീഹന്മാരും സഹദേന്മാരും പരിശുദ്ധന്മാരുമേ! ഞങ്ങൾക്കെല്ലാവർക്കും വേണ്ടി അപേക്ഷിക്കണമേ.

സ്ലീബായാൽ വഴിതെറ്റിൽനിന്നു സഭയെ രക്ഷിച്ച ദൈവപുത്രാ! നിന്റെ സ്ലീബായാൽ സഭയിൽ സമാധാനവും അതിന്റെ മക്കൾക്കു കാവലും നൽകണമേ.

മാർത്തോമ്മാശ്ലീഹാ! നിന്റെ ഓർമ്മ സ്വർഗ്ഗത്തിലും ഭൂമിയിലും ആഘോഷിക്കപ്പെടുന്നു. നിന്റെ ഓർമ്മയെ ബഹുമാനിക്കുന്നവർ നിന്റെ പ്രാർത്ഥനയാൽ സഹായം പ്രാപിക്കണമേ.

നീതിയോടെ വിധിക്കുന്ന ന്യായാധിപനായ കർത്താവേ! നിന്റെ ന്യായവിസ്താരത്തിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. ഞങ്ങളുടെ കടങ്ങൾ ഓർക്കുകയുമരുതേ. ചുങ്കക്കാരന്റെയും പാപിനിയുടെയും വല ത്തുഭാഗത്തെ കള്ളന്റെയും പാപങ്ങൾ ക്ഷമിച്ചപ്രകാരം ഞങ്ങളോടു ക്ഷമിക്കണമേ.

കർത്താവേ! വിശ്വാസികളായ മരിച്ചുപോയവർക്ക് സ്വർഗ്ഗീയ ഊർ ശ്ലേമിൽ നല്ല ഓർമ്മ നൽകണമെ.

## (മോറാൻ യേശുമിശിഹാ)

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുമ്പിൽ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികൾ ആകുന്നു എന്ന് ഏറ്റുപറയുന്നു. ഞങ്ങളോടു കരുണ ചെയ്യ ണമേ.

കർത്താവേ! നിന്റെ മരണത്താൽ, ഞങ്ങളുടെ മരണം മാഞ്ഞുപോകു വാനായിട്ട്, നിന്റെ സ്നേഹം നിന്റെ പക്കൽ നിന്ന് ഞങ്ങളുടെ അടു ക്കലേക്കു നിന്നെ ഇറക്കി ഞങ്ങളോടു കരുണ ചെയ്യണമേ.

## (കൗമാ ചൊല്ലണം)

കരുണയുള്ള ദൈവമേ! നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങളെ മുടക്കരുതേ.

ദൈവമേ! ബലഹീനരായ ഞങ്ങളെ സഹായിപ്പാനായി നിന്നെ ഞങ്ങൾ വിളിക്കുന്നു. നല്ലവനേ ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട്, നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമെ.

## + (മാർ അപ്രേമിന്റെ മെമ്രാ)

1. കർത്താവേ കൃപ ചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളണമെ നി-
ന്നറയീന്നലിവുമനുഗ്രഹവും.

2. നിദ്രവെടിഞ്ഞിട്ടുണർവ്വൊടു ഞാൻ
നിൻ മുൻ നിൽക്കാറാകണമെ.
വീണ്ടുമുറങ്ങുമതിൽ പാപം
തീണ്ടുകയും ചെയ്യരുതേ ഞാൻ.

3. അക്രമമുണർവ്വിൽ ചെയ്കിൽ ഞാൻ
പോക്കണമെ നാഥാ കൃപയാൽ
നിദ്രയിൽ ഞാൻ പാപം ചെയ്കിൽ
നിൻ കൃപ മോചനമരുളണമെ.

4. എളിമയെഴും നിൻ കുരിശിനെയോർ-
ത്തേകണമടിയനു സുഖനിദ്ര
മായാരൂപക്കാഴ്ചകളിൽ
പായാതെന്നെ രക്ഷിക്ക.

5. സ്വഛന്ദമുറങ്ങുന്നേരം
ദുശ്ചിന്തകൾ ദുഷ്ടന്മാരും
എന്നെ വന്നു ഭരിക്കായ്വാ-
നീരാവിൽ കാക്കണമെന്നെ.

6. എൻദേഹമശേഷം കാപ്പാ-
നേകുക വെളിവിൻ ദൂതനെ നീ
നിൻ മെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമോഹേ വീഴരുതേ ഞാൻ.

7. ആശ്വാസത്തോടുറങ്ങുമെനി
ക്കാവുക നിൻ രക്തം കാവൽ

ഈ നിൻ സദൃശ്യമതാം സൃഷ്ടി-
ക്കേകണമേ നിൻ സ്വാതന്ത്ര്യം.

8. നിൻ കൈവേലയതാം മെയ്മേൽ
നിന്റെ വലങ്കൈ മേവണമേ.
പരിചയ്ക്കൊപ്പം കാക്കുക നിൻ
കരുണക്കോട്ട വളഞ്ഞെന്നെ.

9. മെയ്യിതുറങ്ങുമ്പോൾ കാവൽ
ചെയ്യണമെ നിന്നുടെ ശക്തി
ഏൽക്കണമെ നൽധൂപംപോ-
ലെന്റെയുറക്കം തിരുമുന്നിൽ.

10. നിൻമാതൃപ്രാർത്ഥനയാലെൻ
ശയ്യയ്ക്കണയരുതെ ദുഷ്ടൻ
സാത്താൻ ഹിംസിക്കാതെന്നെ
നിൻബലിയവനെ വിലക്കണമെ.

11. നിൻവാക്കെന്നിൽ നിവർത്തിക്ക
നിൻകുരിശെന്നുയിർ കാത്തിടുക
എന്നെത്താങ്ങിയ നിന്നൻപാൽ
നിന്നേയുണർവിൽ സ്തുതിചെയ്‌വാൻ

12. നിന്നിഷ്ടം കേട്ടതിനെ ഞാ-
നനുവർത്തിപ്പാൻ കർത്താവേ!
നീതിയെഴുന്നൊരു രാവുമെനി-
ക്കേകണമെ നൽ സന്ധ്യയതും.

13. വെളിവാം മിശിഹാ രക്ഷക, നീ
വെളിവിൽ തന്നെ നിൻവാസം
വെളിവിൻപുത്രന്മാർ നിന്നെ-
ത്തന്നെ വന്ദിച്ചീടുന്നു.

14. വെളിവിൽ വസിക്കുന്നുലകത്തിൻ
രക്ഷകനാമീശോ, സ്തോത്രം.
ഇഹപരലോകങ്ങളിൽ നിന്റെ
കൃപ ഞങ്ങളിലുണ്ടാകണമേ.

15. സ്തോത്രം, സ്തോത്രം, കർത്താവേ!
സ്തോത്രമതായിരമായിരമായ്,
അനവധിയായ് സ്തോത്രം നാഥാ!
കൃപവേണം ഞങ്ങളിലെന്നും.

16. സ്തോത്രം, മാലാഖകൾ ശുശ്രൂ-
ഷിച്ചീറയർ വന്ദിപ്പോനെ!
പ്രാർത്ഥന കേൾക്കീറയരുടെയും
മാലാഖകളുടെയും നാഥാ!

17. ത്രിത്വേകത്വവുമേകത്വ-
ത്രിത്വവുമായി സ്ഥിതിചെയ്യും
പിതൃസുത പരിശുദ്ധാത്മാവാം
സത്യൈകപരന്നായ് സ്തോത്രം.

18. പ്രാർത്ഥന കേട്ടീടുന്നവനേ,
യാചന നൽകീടുന്നവനേ,
പ്രാർത്ഥന കേട്ടു നിരപ്പായി
കൃപയാൽ യാചന നൽകണമേ.

കുറിയേലായിസോൻ,
കുറിയേലായിസോൻ,
കുറിയേലായിസോൻ.

*(ഇതിന്റെ സ്ഥാനത്ത് 'ഞങ്ങൾക്കുള്ള കർത്താവേ' എന്നുള്ള മെമ്രാ ചൊല്ലിയാലും മതിയാകും.)*

## (മാർ സേവേറിയോസിന്റെ അപേക്ഷ)

മഹോന്നത മറവിലിരിക്കുന്നവനായ കർത്താവേ! നിന്റെ കരുണയുടെ ചിറകിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോടു കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ കേൾക്കണമേ!

മഹത്വമുള്ള രാജാവായി, ഞങ്ങളുടെ രക്ഷകനായ മിശിഹാ! സമാധാനം നിറഞ്ഞ സന്ധ്യയും വിശുദ്ധിയുള്ള രാവും ഞങ്ങൾക്കു തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും വിശുദ്ധീകരിച്ച്, ഈ ലോകത്തിലും പരലോകത്തിലും ഞങ്ങളോടു കരുണ ചെയ്യണമെ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച്, നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിന്റെ സ്ലീബാ + ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ. നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ ഞങ്ങളുടെ കടങ്ങൾക്കു പരിഹാരമുണ്ടാക്കി, ഞങ്ങളോടു കരുണ ചെയ്യണമെ.

## ക്രൂബേന്മാരുടെ കൗമാ

കർത്താവിന്റെ ബഹുമാനം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. + കർത്താവിന്റെ ബഹുമാനം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. + കർത്താവിന്റെ ബഹുമാനം എന്നുമെന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

+ വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമെ! വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമെ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ!

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനും നിന്റെ നാമം എന്നേക്കും വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ ശരണമേ എന്നേക്കും നിനക്ക് സ്തുതി. + ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...

കൃപ നിറഞ്ഞ മറിയമേ!...

## നിഖ്യാ വിശ്വാസപ്രമാണം

*(എല്ലാവരും കൂടി ചൊല്ലണം)*

സർവ്വശക്തിയുള്ള പിതാവായി, ആകാശത്തിന്റെയും ഭൂമിയുടെയും / കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും / സ്രഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും / സർവ്വലോകങ്ങൾക്കും മുമ്പായി പിതാവിൽ നിന്നു ജനിച്ചവനും / പ്രകാശത്തിൽ നിന്നുള്ള പ്രകാശവും / സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / ജനിച്ചവനും സൃഷ്ടിയല്ലാത്തവനും / സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും / സകല സൃഷ്ടിക്കും മുഖാന്തിരമായവനും / മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി / വിശുദ്ധ റൂഹാമൂലം ദൈവമാതാവായ കന്യകമറിയാമിൽ

നിന്നു ശരീരിയായിത്തീർന്ന് മനുഷ്യനായി / പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട് +++ / കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റവനും / സ്വർഗ്ഗത്തിലേക്ക് കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും / ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും / തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായി / യേശുമിശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും / പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും / നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി / ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും / കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസാ ഒരിക്കൽ മാത്രമേയുള്ളൂ എന്നു ഞങ്ങൾ ഏറ്റുപറഞ്ഞ് / മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവന്നുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ. ബാറെക്മോർ. സ്തൗമെൻകാലോസ് കുറിയേലായിസോൻ.

*നമസ്കാരങ്ങളുടെ ഒടുവിൽ ഉപയോഗിക്കാവുന്ന*

## ലുത്തിനിയാകൾ

*(ലുത്തിനിയാ, നമസ്കാരത്തിന്റെ ഒടുവിൽ ചൊല്ലാവുന്നതും, ലുത്തിനിയായിലുള്ള ഓരോ നിർത്തും ലീഡർ (നായകൻ) ചൊല്ലേണ്ടതും അതിനുള്ള പ്രതിവാക്യങ്ങൾ എല്ലാവരും കൂടി ചൊല്ലേണ്ടതും ആകുന്നു)*

## സന്ധ്യയുടെ ലുത്തിനിയാ

ലീഡർ: സ്വർഗ്ഗസ്ഥ പിതാവാം ദൈവമേ!

പ്രതിവാക്യം: ഞങ്ങളോടു കരുണയുണ്ടാകണമേ.

ലീ: ലോകരക്ഷിതാവാം ദൈവപുത്രാ!

പ്ര. വാ: ഞങ്ങളോടു കരുണയുണ്ടാകണമേ.

ലീ: പരിശുദ്ധറൂഹായാം ദൈവമേ!

പ്ര. വാ: ഞങ്ങളോടു കരുണയുണ്ടാകണമേ.

ലീ: ഏകദൈവമായ വിശുദ്ധ ത്രിത്വമേ!

പ്ര. വാ: ഞങ്ങളോടു കരുണയുണ്ടാകണമേ.

ലീ: സകല തിന്മകളിൽ നിന്നും, പാപങ്ങളിൽ നിന്നും, അശുദ്ധ വിചാരങ്ങളിൽ നിന്നും, മലിന മോഹങ്ങളിൽ നിന്നും, പൈശാചിക വികാരങ്ങളിൽ നിന്നും, ദുഃസ്വപ്നങ്ങളിൽ നിന്നും, മറച്ചുവച്ചിരിക്കുന്ന കണികളിൽ നിന്നും, ദുഷ്ട സംസർഗ്ഗത്തിൽ നിന്നും, ഈ ലോകസംബന്ധമായ സകല പരീക്ഷകളിൽ നിന്നും...

പ്ര. വാ: കരുണയുള്ള ദൈവമേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ.

ലീ: സകല ശത്രുക്കളിൽ നിന്നും, വഞ്ചകരും ചതിയന്മാരുമായ സ്നേഹിതന്മാരിൽ നിന്നും, പിശാചുക്കളുടെ പരീക്ഷകളിൽ നിന്നും, ദുഷ്ടമനുഷ്യരുടെ തിന്മകളിൽ നിന്നും...

പ്ര. വാ: കരുണയുള്ള ദൈവമേ!...

ലീ: ക്രോധത്തിന്റെ വടിയിൽ നിന്നും, പെട്ടെന്നുള്ള മരണത്തിൽ നിന്നും, കോപത്തിൽ നിന്നും, വിദ്വേഷത്തിൽ നിന്നും, മിന്നലുകളിൽ നിന്നും, ഇടികളിൽ നിന്നും, വസന്തകളിൽ നിന്നും...

പ്ര. വാ: കരുണയുള്ള ദൈവമേ!...

ലീ: തീനരകത്തിൽ നിന്നും, അതിവേദനകളിൽ നിന്നും, ചാകാത്ത പുഴുവിൽ നിന്നും, കെടാത്ത തീയിൽ നിന്നും, പല്ലുകടിയിൽ നിന്നും, കരച്ചിലിൽ നിന്നും, കഠിനങ്ങളായ സംഭവങ്ങളിൽ നിന്നും...

പ്ര. വാ: കരുണയുള്ള ദൈവമേ!...

ലീ: ദോഷമുള്ള നാഴികയിൽ നിന്നും, ഉപദ്രവകരമായ അധികാരത്തിൽ നിന്നും, ക്ഷാമത്തിൽ നിന്നും, ഭയത്തിൽ നിന്നും, പരിഭ്രമത്തിൽ നിന്നും, സഹിപ്പാൻ പാടില്ലാത്ത സകല ശിക്ഷകളിൽ നിന്നും, 'പോകുവിൻ ഞാൻ നിങ്ങളെ അറിയുന്നില്ല' എന്നുള്ള തിരുവചനത്തിൽ നിന്നും, നിന്നിൽ നിന്ന് ഞങ്ങളെ അകറ്റുന്നതായ സകലത്തിൽ നിന്നും...

പ്ര. വാ: കരുണയുള്ള ദൈവമേ!...

ലീ: ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഞങ്ങളുടെ പിതാവായ മാർ തോമ്മാ ശ്ലീഹായുടെയും മലങ്കരയുടെ പരിശുദ്ധന്മാരായ പരുമല മാർ ഗ്രീഗോറിയോസിന്റെയും വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെയും, ശേഷം എല്ലാ പരിശുദ്ധന്മാരുടെയും കൂട്ടായ്മയാലും മദ്ധ്യസ്ഥതയാലും ഞങ്ങളെ അനുഗ്രഹിക്കണമെ.

പ്ര. വാ: കർത്താവേ! ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

ലീ: കർത്താവേ! ഞങ്ങളെ അനുഗ്രഹിച്ചു കാക്കുകയും തിരുമുഖം

ഞങ്ങളുടെ മേൽ പ്രകാശിപ്പിച്ചു കൃപ ചൊരിയുകയും, തിരുമുഖം ഞങ്ങളുടെ മേൽ തിരിച്ചു ഞങ്ങൾക്ക് സമാധാനം നൽകുകയും ചെയ്യണമെ.

പ്ര. വാ: കർത്താവേ! ഞങ്ങളുടെ.....

കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ. ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവേ! കൃപ ചെയ്ത് ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ! നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!....
കൃപ നിറഞ്ഞ മറിയമേ......

## സന്ധ്യ സമാപനം

ലീ: പിതാവായ ദൈവത്തിന്റെ സ്നേഹവും / ഏകപുത്രന്റെ കൃപയും / പരിശുദ്ധ റൂഹായുടെ സംബന്ധവും ആവാസവും / ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും, ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, മലങ്കരയുടെ പരിശുദ്ധന്മാരായ പരുമല മാർ ഗ്രീഗോറിയോസിന്റെയും, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെയും, ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും കൂട്ടായ്മയും മദ്ധ്യസ്ഥതയും ഞങ്ങളെല്ലാവരോടും കൂടെ ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ഉണ്ടായിരിക്കണമേ. ആമ്മീൻ.

# പ്രഭാത നമസ്കാരം

*(ഇതിൽ രാത്രി, പ്രഭാതം, മൂന്നാംമണി, ഉച്ച എന്നീ യാമപ്രാർത്ഥ നകൾ അടങ്ങിയിരിക്കുന്നു)*

**ഒരു കൗമാ ചൊല്ലണം**

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ! നിന്റെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്നു ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായി, മരണവും നാശവുമാകുന്ന ഉറക്കത്തിൽ നിന്ന്, ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! നീ മാത്രം സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനുമാകകൊണ്ട്, നിന്നെ സ്തുതിക്കുന്ന സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച്, വിശുദ്ധിയോടു കൂടി ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും, നിന്നെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

കർത്താവേ! കന്യാവ്രതത്തിൽ വെടിപ്പോടും വിശുദ്ധിയോടും കൂടെ നിന്നെ പ്രസവിച്ച മാതാവിന്റെ ഓർമ്മ പരിമളധൂപം പോലെ നിനക്ക് ഇമ്പമായിരിക്കണമെ. ഇവിടെ ഭൂമിയിലും മീതെ സ്വർഗ്ഗത്തിലും, അവൾക്ക് നല്ല ഓർമ്മ ഉണ്ടാക്കണമെ.

ദൈവപുത്രാ! ഒമ്പതുമാസം നിന്നെ വഹിച്ച മാതാവിന്റെ പ്രാർത്ഥനകളാൽ, ഞങ്ങളിൽ നിന്ന് കോപവടികളെ നീക്കിക്കളയണമെ.

**(ക്രൂബേന്മാരുടെ കൗമ്മാ)**

കർത്താവിന്റെ ബഹുമാനം..... പേജ് 73

കർത്താവേ! നിന്നെ അനുകൂലമാക്കുന്നവരുടെ പ്രാർത്ഥനയാൽ, ഞങ്ങളോടു കരുണ ചെയ്യണമെ.

റൂഹായാൽ നിന്നെക്കുറിച്ചു സംസാരിച്ച നിബിയന്മാരും, നിന്റെ വെളിപാടിനെ അറിയിച്ച ശ്ലീഹന്മാരും, നിന്നോടുള്ള സ്നേഹം നിമിത്തം മരണംവരിച്ച സഹദേന്മാരും, ഞങ്ങൾക്കു വേണ്ടി നിന്നോടപേക്ഷിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.

കർത്താവിന്റെ ഇഷ്ടം ചെയ്ത പരിശുദ്ധന്മാരേ! ഞങ്ങളിൽ നിന്നു ശിക്ഷകളും കോപത്തിന്റെ വടികളും നീക്കിക്കളയുവാനായിട്ട്, ഞങ്ങളോടൊന്നിച്ചു പ്രാർത്ഥിക്കണമേ.

കർത്താവേ! നിന്നെ അനുകൂലമാക്കുന്നവരുടെ പ്രാർത്ഥനയാൽ, ഞങ്ങളോടു കരുണ ചെയ്യണമെ.

**(ക്രൂബേന്മാരുടെ കൗമ്മാ)**

കർത്താവിന്റെ ബഹുമാനം..... പേജ് 73

പാപികളോടു കരുണ ചെയ്യുന്നവനായ കർത്താവേ! നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമെ.

കരുണയുള്ളവനേ! ഞെരുങ്ങിയിരിക്കുന്നവർ നിന്റെ വാതിലിൽ മുട്ടുന്നു. നിന്റെ കരുണയാൽ അവരുടെ യാചനകൾ നൽകണമെ.

സ്വർഗ്ഗസ്ഥനായ പിതാവേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമെ.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമെ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമെ.

ഹാലേലുയ്യാ, ഉ ഹാലേലുയ്യാ! ഉ ഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി. ഹാലേലുയ്യാ, ഉ ഹാലേലുയ്യാ! ഉ ഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി. ഹാലേലുയ്യാ, ഉ ഹാലേലുയ്യാ! ഉ ഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി.

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ. മോറിയോ റാഹേമ്മേലൈൻ ഉ ആദാറൈൻ.

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും നിന്നെ സ്തുതിക്കുന്നു.

എല്ലാക്കാലത്തും, എല്ലാനേരത്തും, ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗാധിപതിയും സ്രഷ്ടാവു

മായിരിക്കുന്ന ദൈവമായ കർത്താവേ! നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! വിശുദ്ധ റൂഹായോടു കൂടെ നിന്നെയും, നിന്റെ സ്തുതിയുടെ വലുപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും, ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായ ദൈവത്തിന്റെ കുഞ്ഞാടായുള്ളോവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

പിതാവിന്റെ വലത്തുഭാഗത്ത് മഹത്വത്തോടു കൂടിയിരിക്കുന്നവനേ! ദയവുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിന്, വിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിന്നെ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതയുള്ളതുമായ, നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം മഹത്വമുള്ളതും, നീ എന്നന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ! നിനക്കും, ഏകപുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാ സമയത്തും എന്നന്നേക്കും തന്നെ. ആമ്മീൻ.

## (മോറാൻ യേശുമശിഹാ)

ഞങ്ങളുടെ കർത്താവേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുമ്പിൽ നീ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്ന് ഏറ്റുപറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ പക്കൽ നിന്ന്, ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി ഞങ്ങളോടു കരുണ ചെയ്യണമെ.

## (കൗമാ ചൊല്ലണം)

## 51-ാം സങ്കീർത്തനം

ദൈവമേ! നിന്റെ കൃപ പോലെ എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വംപോലെ എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ ഞാൻ എന്റെ അതിക്രമങ്ങൾ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്ക് വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമേ; ഞാൻ വെടിപ്പാകപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമെ. ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്താഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. എന്റെ ക്ഷീണതയുള്ള അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച്, എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചുകളയണമെ.

ദൈവമേ, വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കയുമരുതെ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തപാപത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ. അപ്പോൾ നീതിയുടെ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## (പൊതുവായ അപേക്ഷകൾ)

ശുദ്ധിമതിയായ മാതാവേ! ഞങ്ങൾക്കു വേണ്ടിയുള്ള അപേക്ഷയെ നീ മുടക്കരുതെ. നിന്റെ ഏകപുത്രൻ ഞങ്ങളെല്ലാവരോടും കൃപ ചെയ്‌വാൻ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

സകലത്തിന്റെയും കർത്താവേ! നിന്നെ സ്നേഹിച്ചവരായ നിബിയന്മാരുടെയും, നിന്റെ സുവിശേഷം പ്രസംഗിച്ചവരായ ശ്ലീഹന്മാരുടെയും, പ്രാർത്ഥനകളാലും അപേക്ഷകളാലും, ലോകത്തിന്റെ നാനാഭാഗങ്ങളിലും നിന്റെ നിരപ്പും സമാധാനവും വസിപ്പിക്കണമെ.

സൗന്ദര്യശ്രേഷ്ഠനായ മാർത്തോമ്മാശ്ലീഹാ! നിന്റെ ഓർമ്മയെ ആഘോഷിക്കുന്ന ജനസമൂഹത്തിൽ, നിന്റെ നാഥന്റെ നിരപ്പും സമാധാനവും വസിക്കുവാനായി അപേക്ഷിക്കണമേ.

കരുണയുള്ള ദൈവമേ! നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങളെ വിരോധിക്കരുതേ.

ദൈവമേ! ബലഹീനരായ ഞങ്ങളെ സഹായിപ്പാനായി നിന്നെ ഞങ്ങൾ വിളിക്കുന്നു. നല്ലവനേ! ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട്, നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമെ.

കർത്താവേ! രണ്ടു ലോകങ്ങളും നിന്റെ അധികാരത്തിൽ ഇരിക്കുന്നു. ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും, മരിച്ചുപോയവരെ നിന്റെ കരുണയാൽ വിശുദ്ധീകരിക്കുകയും ചെയ്യണമെ.

## (പ്രഭാത സ്തുതിപ്പ്)

കർത്താവിനെ സ്തോത്രം ചെയ്യുന്നതും, അത്യുന്നതനായ തന്റെ നാമത്തെ കീർത്തിച്ചു പാടുന്നതും, പ്രഭാതകാലത്ത് തന്റെ കൃപയും രാത്രികാലത്ത് തന്റെ വിശ്വാസവും അറിയിക്കുന്നതും എത്രയും നല്ലതാകുന്നു.

കർത്താവേ! പ്രഭാതസമയത്ത് എന്റെ ശബ്ദം കേൾക്കണമേ. പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറാകണമെ. കർത്താവേ! നിന്റെ ജനത്തോടു കരുണ ചെയ്യണമെ. കർത്താവേ ഞങ്ങളെല്ലാവരുടെയും പാപങ്ങൾ പരിഹരിച്ചു മോചിക്കണമെ. പരിശുദ്ധനായുള്ളോവേ! നിന്റെ വലത്തുതൃക്കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച്, നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തെ സൗഖ്യമാക്കണമെ.

## (കൗമാ)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്നെ വിളിക്കുന്ന ഞങ്ങളോട് ഉത്തരമരുളണമെ. എന്തെന്നാൽ ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന മറ്റൊരു പിതാവ് ഞങ്ങൾക്കില്ല. തിരുവുള്ളത്താൽ ഇല്ലായ്മയിൽ നിന്ന് ഞങ്ങളെ സൃഷ്ടിച്ചു. ഞങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ ശേഷം, നിന്റെ കോപം ഞങ്ങളെ നശിപ്പിച്ചുകളയരുതേ. കർത്താവേ! നിന്റെ കൽപനകൾ ആചരിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമെ. പുണ്യപ്രവൃത്തികളാൽ ഞങ്ങൾ നിനക്ക് ഇഷ്ടന്മാരായിത്തീരണമെ! കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങളുടെ നാഥനായ കർത്താവേ! ഞങ്ങളുടെ സഹായത്തിനു വരണമെ. ഞങ്ങളുടെ അപേക്ഷകേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

## (കൗമാ ചൊല്ലണം)

ഉന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും, തന്റെ മാതാവിന് ഉന്നതിയും, സഹദേന്മാർക്കു പുകഴ്ചകളുടെ കിരീടവും, മരിച്ചവരുടെ മേൽ ദയവും കരുണയും ഉണ്ടാകണമെ.

കർത്താവേ! നിന്റെ മാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ഞങ്ങളെയും ഞങ്ങളുടെ മരിച്ചവരെയും വിശുദ്ധീകരിക്കണമെ.

## (മാർ സേവേറിയോസിന്റെ മാനീസ)

നിന്നെ പ്രസവിച്ച മാതാവിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ,

സ്വഭാവപ്രകാരം മരണമില്ലാത്തവനും / മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കും വേണ്ടി കൃപയാൽ വന്ന് / വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള / ദൈവമാതാവായ കന്യകമറിയാമിൽ നിന്ന് / ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും / ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെടുകയും ചെയ്തവനായി / സ്വർഗ്ഗീയ പിതാവിന്റെ ഏകപുത്രനും / വചനവും രാജാവുമായ എന്റെ കർത്താവേ / നിന്നെ ഞാൻ പുകഴ്ത്തും.

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനും / വിശുദ്ധ ത്രിത്വത്തിൽ ഒരുവനും / പിതാവിനോടും ജീവനും വിശുദ്ധിയുമുള്ള റൂഹായോടും ഒരുമിച്ച് / വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാ തമ്പുരാനേ! /ഞങ്ങളെല്ലാവരോടും കരുണ ചെയ്യണമെ.

**(ഒരു കൗമായും വിശ്വാസപ്രമാണവും ചൊല്ലണം)**

# പ്രഭാതത്തിന്റെ ലുത്തിനിയ

ലീഡർ: സ്വർഗ്ഗസ്ഥപിതാവാം ദൈവമേ!

പ്രതിവാക്യം: ഞങ്ങളോടു കരുണയുണ്ടാകണമെ.

ലീ: ലോകരക്ഷിതാവാം ദൈവപുത്രാ...

പ്ര: വാ: ഞങ്ങളോടു കരുണയുണ്ടാകണമെ.

ലീ: പരിശുദ്ധറൂഹായാം ദൈവമേ!

പ്ര: വാ: ഞങ്ങളോടു കരുണയുണ്ടാകണമെ.

ലീ: ഏകദൈവമായ വിശുദ്ധ ത്രിത്വമേ!

പ്ര: വാ: ഞങ്ങളോടു കരുണയുണ്ടാകണമെ.

ലീ: കഴിഞ്ഞ രാത്രിയിൽ ഉപദ്രവം കൂടാതെ ഞങ്ങളെ കാത്തുസൂക്ഷിച്ച്, ഈ പ്രഭാതത്തിലേക്കു ഞങ്ങളെ കൊണ്ടുവന്നവനായ കർത്താവേ! ഇന്നത്തെ ഞങ്ങളുടെ ജീവിതത്തെ, കുറ്റങ്ങളിൽ നിന്നും തെറ്റുകളിൽ നിന്നും കാത്തുസൂക്ഷിപ്പാൻ, തിരുമനസ്സാകണമെ.

പ്ര: വാ: കർത്താവേ! ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

ലീ: അറിവോടും അറിവുകൂടാതെയും, മനസ്സോടും മനസ്സു കൂടാതെയും, വിചാരത്താലും വചനത്താലും പ്രവൃത്തിയാലും, വന്നുകൂടാവുന്ന വീഴ്ചകളിൽ നിന്ന്, ഞങ്ങളെ കാത്തുകൊള്ളുകയും, ഞങ്ങളുടെ വിളിക്കനുസരണമായി ക്രിസ്തീയ ചുമതലകളെ നിർവഹിപ്പാൻ, ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമെ.

പ്ര: വാ: കർത്താവേ! ഞങ്ങളുടെ....

ലീ: ലോകം, ജഡം, പിശാച് എന്നിവയുടെ വ്യാമോഹങ്ങളിൽനിന്നും, ദൈവസ്നേഹത്തിനെതിരായ എല്ലാ വശീകരണങ്ങളിൽനിന്നും, സത്യവിശ്വാസത്തിനെതിരായ എല്ലാ കൂട്ടുകെട്ടിൽ നിന്നും ഒഴിഞ്ഞു ജീവിപ്പാൻ, ഞങ്ങളെ ശക്തിപ്പെടുത്തണമെ.

പ്ര: വാ: കർത്താവേ! ഞങ്ങളുടെ....

ലീ: അക്രമത്തോടും അനീതിയോടും എതിർക്കുവാനും, നീ വെളിപ്പെടുത്തിത്തരുന്ന സത്യത്തെ ധീരതയോടെ മുറുകെ പിടിപ്പാനും, ഞങ്ങളുടെ എല്ലാ കാര്യങ്ങളിലും ഞങ്ങളുടെ ആയുഷ്കാലമൊക്കെയിലും നിന്റെ തിരുവിഷ്ടം നിവർത്തിപ്പാനും, ഞങ്ങളും, ഞങ്ങളുടെ വാങ്ങിപ്പോയവരും, സ്വർഗ്ഗീയ മോക്ഷത്തിലെ നിത്യസൗഭാഗ്യങ്ങൾക്കു യോഗ്യരായിത്തീരുവാനും സഹായിക്കണമെ.

പ്ര: വാ: കർത്താവേ! ഞങ്ങളുടെ...

ലീ: നിന്നോടും ഞങ്ങൾ തമ്മിൽ തമ്മിലും, സ്നേഹവും, ഐക്യവും പാലിപ്പാനും, സമാധാനത്തിലും ശാന്തിയിലും ജീവിപ്പാനും, ശത്രുതയും മത്സരവും അസൂയയും മാഞ്ഞുപോകുവാനും സഹായിക്കണമെ.

പ്ര: വാ: കർത്താവേ! ഞങ്ങളുടെ...

ലീ: കർത്താവേ! ശക്തിയിൽ കവിഞ്ഞ പരീക്ഷകളെയും, അസഹനീയങ്ങളായ രോഗങ്ങളെയും, ഞങ്ങളുടെ പാപങ്ങൾ നിമിത്തം വന്നുകൂടുന്ന ശിക്ഷകളെയും ഞങ്ങളിൽ നിന്നും വിരോധിക്കണമെ.

പ്ര: വാ: കർത്താവേ! ഞങ്ങളുടെ...

ലീ: ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും, ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, മലങ്കരയുടെ പരിശുദ്ധന്മാരായ പരുമല മാർ ഗ്രീഗോറിയോസിന്റെയും, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെയും, ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും കൂട്ടായ്മയാലും മദ്ധ്യസ്ഥതയാലും ഞങ്ങളെ അനുഗ്രഹിക്കണമെ.

പ്ര: വാ: കർത്താവേ! ഞങ്ങളുടെ....

ലീ: കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു കാക്കുകയും, തിരുമുഖം ഞങ്ങളുടെമേൽ പ്രകാശിപ്പിച്ച് കൃപ ചൊരിയുകയും, തിരുമുഖം ഞങ്ങളുടെ നേരെ തിരിച്ച്, ഞങ്ങൾക്കു സമാധാനം നൽകുകയും ചെയ്യണമെ.

പ്ര: വാ: കർത്താവേ! ഞങ്ങളുടെ....

കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ, ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവേ! കൃപചെയ്ത് ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്ത് ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ! നിനക്കു സ്തുതി! ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

കൃപ നിറഞ്ഞ മറിയമേ!...

## പ്രഭാതം - സമാപനം

ലീ: പിതാവായ ദൈവത്തിന്റെ സ്നേഹവും / ഏകപുത്രന്റെ കൃപയും / പരിശുദ്ധ റൂഹായുടെ സംബന്ധവും ആവാസവും / ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും, ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, മലങ്കരയുടെ പരിശുദ്ധന്മാരായ പരുമല മാർ ഗ്രീഗോറിയോസിന്റെയും, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെയും, ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും കൂട്ടായ്മയും മദ്ധ്യസ്ഥതയും ഞങ്ങളെല്ലാവരോടും കൂടെ ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ഉണ്ടായിരിക്കണമേ. ആമ്മീൻ.

# പ്രത്യേക പ്രാർത്ഥനകൾ

## വി. ത്രിത്വത്തോടുള്ള പ്രാർത്ഥന

ശുദ്ധമുള്ള ബാവാ! ശുദ്ധമുള്ള നിന്റെ തിരുനാമത്താൽ ഞങ്ങളെ നീ കാത്തുകൊള്ളണമേ. രക്ഷിതാവായ പുത്രാ! ജയമുള്ള നിന്റെ സ്ലീബാ യാൽ ഞങ്ങളെ നീ മറച്ചുകൊള്ളണമേ. ശുദ്ധമുള്ള റൂഹാ! ശുദ്ധമുള്ള നിന്റെ കുടിയിരിപ്പിന്റെ ഭവനങ്ങളായി ഞങ്ങളെ നീ ചമച്ചുകൊള്ളണമെ. ഞങ്ങളുടെ ദൈവമായ കർത്താവേ! എല്ലാ സമയവും, നിന്റെ ദൈവത്വത്തിന്റെ ചിറകുകളുടെ നിഴലിൻകീഴിൽ, എന്നേക്കും ഞങ്ങളെ നീ മറച്ചു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. ആമ്മീൻ.

## വി. സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

ദൈവപുത്രാ, വിശുദ്ധ സഭയ്ക്കു നിരപ്പു കൊടുക്കുകയും അതിൽ നിന്നു ദുഷ്ട ഭിന്നതകളെയും പിരിച്ചിലുകളെയും ഇല്ലാതാക്കുകയും ചെയ്യണമെ. തർക്കങ്ങൾ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അതിന്റെ വാതിലുകളെ നിന്റെ സ്ലീബായാൽ മുദ്ര വയ്ക്കണമെ. തർക്കക്കാരുടെ കലഹിപ്പിക്കുന്ന തർക്കം അതിൽ പ്രവേശിക്കയും അരുതേ.

മ്ശിഹാരാജാവേ, വിശുദ്ധസഭ നിന്നാൽ ഉയർത്തപ്പെടുകയും അതിലെ തലവന്മാരും ശുശ്രൂഷകന്മാരും നിരപ്പാക്കപ്പെടുകയും ചെയ്യണമെ.

കർത്താവേ, വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കയും അതിന്റെ കൂട്ടം ആർപ്പുവിളിക്കയും, അതിന്റെ മക്കൾ സന്തോഷിക്കയും, അതിന്റെ തല ഉയർത്തപ്പെടുകയും, അതിന്റെ മഹത്വം വർദ്ധിക്കയും, അതിന്റെ കിരീടത്തിന് ഉന്നതി ലഭിക്കയും, അതിന്റെ മടി നിറയുകയും, അതിന്റെ മക്കൾ വർദ്ധിക്കയും, അതിന്റെ ശത്രുക്കൾ വീണുപോകയും ചെയ്യണമെ. അതിന്റെ ശത്രുക്കൾ ലജ്ജിക്കയും, അതിന്റെ മക്കളിൽ അത് സന്തോഷിക്കയും, അതിന്റെ കൂട്ടങ്ങളിൽ അത് ആനന്ദിക്കയും, അതിന്റെ ഭരണക്കാരിൽ അത് ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അതിനെ പുതുതാക്കുന്നവർ മഹത്വത്തിന്റെ ശബ്ദങ്ങളാൽ അതിൽ സ്തുതിപാടു മാറാകണമെ.

ഞങ്ങളുടെ കർത്താവെ, നാനാഭാഗങ്ങളിലുള്ള നിന്റെ സഭയെ നീ നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം അതിനെ ശുശ്രൂഷിക്കുന്ന ഇടയ ന്മാരെ അതിൽ നിയമിക്കണമെ. സത്യപ്രകാശം അതിൽ ശോഭയോടെ പ്രകാശിക്കണമെ. അതു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോ ത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാനായിട്ടു സന്തോഷങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും അതിനു നീ കൊടുക്കണമെ, ആമ്മീൻ.

## രോഗികൾക്കുവേണ്ടി

കൃപ മൂലം തന്റെ സൃഷ്ടിയെ സന്ദർശിക്കുകയും, കാരുണ്യാതിരേകത്താൽ അവരുടെ രോഗങ്ങളെ സുഖപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയ വൈദ്യനും, ഔഷധങ്ങളുടെ അരുവിയുമായ കർത്താവേ! നിനക്ക് സ്തുതി. നാഥാ നിന്നെ നോക്കിവിളിച്ച കുഷ്ഠരോഗികൾക്കും, പക്ഷപാതരോഗികൾക്കും, കുരുടന്മാർക്കും, ബധിരന്മാർക്കും, പിശാചുബാധിതർക്കും എല്ലാം, നീ സൗഖ്യം നൽകി അനുഗ്രഹിച്ചുവല്ലോ. ഇപ്പോൾ കർത്താവേ! ക്ഷീണനായി (ക്ഷീണയായി) രോഗത്തിൽക്കിടന്ന് നിന്റെ അനുഗ്രഹങ്ങളിൽ സങ്കേതപ്പെടുകയും, നിന്റെ സൗജന്യ സഹായത്തെ നോക്കിപ്പാർക്കുകയും ചെയ്യുന്ന ഈ ദാസന് (ദാസിക്ക്) കടങ്ങൾക്ക് പരിഹാരവും, നൊമ്പരങ്ങൾക്ക് ആശ്വാസവും, അവയവങ്ങൾക്ക് സ്വസ്ഥതയും നൽകണമെന്നു, നിന്റെ കരുണയോടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ! ഇവന്റെ (ഇവളുടെ) രോഗത്തിന് ആശ്വാസം നൽകി വേദനകളെ ശമിപ്പിക്കേണമെ. ഇവന്റെ (ഇവളുടെ) ദുഃഖത്തെ നീക്കി സ്വസ്ഥതയാൽ ഇവനെയും (ഇവളെയും) ഞങ്ങളെയും സന്തോഷിപ്പിക്കേണമെ. എന്തുകൊണ്ടെന്നാൽ നീ ഉത്തമനും ദയാലുവും കാരുണ്യവാനും ആത്മശരീരങ്ങളുടെ ഉത്തമവൈദ്യനുമാകുന്നുവല്ലോ. ഇവനോ (ഇവളോ) ടുള്ള നിന്റെ സകല സഹായങ്ങളെയും കുറിച്ച് ഇവൻ (ഇവൾ) എഴുന്നേറ്റു നിന്നെ സ്തോത്രം ചെയ്യുവാൻ നീ സംഗതിയാക്കേണമെ. ആമ്മീൻ.

## വിദൂരത്തിലിരിക്കുന്നവർക്കുവേണ്ടി

സർവ്വവ്യാപിയും കാരുണ്യവാനും ആർദ്രതയുള്ളവനുമായ ദൈവമേ! ഞങ്ങളുടെ ഭവനത്തിൽ നിന്നും കുടുംബത്തിൽ നിന്നും (നാട്ടിൽ നിന്നും) വിട്ട് വിദൂരത്തിൽ പോയിരിക്കുന്നവരായ എല്ലാവർക്കും വേണ്ടി, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. രഹസ്യവും പരസ്യവുമായ എല്ലാ ശത്രുക്കളുടെയും ഉപദ്രവങ്ങളിൽ നിന്നും, അവർക്ക് എല്ലാ സംരക്ഷണവും നൽകുകയും, അവരുടെ പ്രവർത്തനങ്ങളെ ശുഭമാക്കിത്തീർക്കുകയും ചെയ്യണമെ. നിന്റെ അനുഗ്രഹപൂർണ്ണമായ തൃക്കൈ രാവും പകലും അവരുടെ മേൽ ഇരിക്കുകയും, ശരീരത്തിലും ആത്മാവിലും അവരെ ശുദ്ധീകരിക്കുകയും ചെയ്യണമെ. തിരുസന്നിധിയിൽ അവർ കുറ്റമില്ലാത്തവരായിരിക്കണമെ. അവരെ നിന്റെ സഹായത്തിലും മഹത്വപ്രകാശത്തിലും തേജസ്സിലും പാർക്കുവാൻ നീ ഇടയാക്കുകയും, സമാധാനപൂർവ്വമായ തിരിച്ചുവരവാൽ, ഞങ്ങളെയും അവരെയും സന്തോഷിപ്പിക്കുകയും ചെയ്യേണമെ. ആമ്മീൻ.

## അവശതയും ദുരിതവും അനുഭവിക്കുന്നവർക്കു വേണ്ടി

കർത്താവേ! ഈ ലോകത്തിൽ ബുദ്ധിമുട്ടും ദാരിദ്ര്യവും മൂലം അവശത അനുഭവിക്കുന്ന എല്ലാവർക്കും, നിന്റെ സഹായം പ്രദാനം ചെയ്യണമെ. എല്ലാവിധ ഞെരുക്കങ്ങളെയും, അനീതികളെയും, പ്രയാസങ്ങളെയും, ദുരിതങ്ങളെയും കാണുന്ന സ്നേഹപൂർണ്ണനായിരിക്കുന്ന നാഥാ! തൃക്കൈവേലയായ നിന്റെ അടിയാരുടെമേൽ സഹതാപം തോന്നേണമെ. ദരിദ്രന്മാരെയും മർദ്ദനം അനുഭവിക്കുന്നവരെയും, കഠിനാദ്ധ്വാനങ്ങളാൽ തളർന്നിരിക്കുന്നവരെയും, ദയവോടെ കടാക്ഷിക്കേണമെ. ദുരിതമനുഭവിക്കുന്നവരെ സഹാനുഭൂതിയോടെ കാണുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ ആർദ്രതപ്പെടുത്തുകയും, നിന്നോടുള്ള സ്നേഹം നിമിത്തമായി ദുഃഖത്തിലും വിഷമത്തിലും ഇരിക്കുന്നവർക്കു നിന്റെ സ്വർഗ്ഗീയ സന്തോഷം അനുഭവിപ്പാൻ കരുണാപൂർവ്വം നീ ഇടയാക്കുകയും ചെയ്യണമെ. ആമ്മീൻ.

**കുറിപ്പ്:**

പ്രാർത്ഥന ആരംഭിക്കുന്നതിനു മുമ്പ് സങ്കീർത്തനങ്ങളും മറ്റ് വേദഭാഗങ്ങളും വായിച്ചും ധ്യാനാത്മകമായ ഗീതങ്ങൾ പാടിയും പ്രാർത്ഥനയുടെ അന്തരീക്ഷം ഒരുക്കേണ്ടതാണ്.